വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

ആറാംഘട്ടം

റിവിഷൻ ക്യാമ്പയിൻ 01

സൂറത്തുൽ അങ്കബൂത്ത്

2024 നവംബർ 24 മുതൽ ഡിസംബർ 08 വരെ

GET IT ON Google Play

Velicham Online

velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

سورة العنكبوت

29. സൂറത്തുൽ അൻകബൂത്ത്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 69 - വിഭാഗം (റുകൂഉ്) 7

(ആദ്യത്തെ 11 ആയത്തുകൾ മദീനഃയിൽ അവതരിച്ചതാണെന്നും പറയപ്പെട്ടിട്ടുണ്ട്.)

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓمٓ ﴿١﴾

《1》 'അലിഫ്- ലാം- മീം'

أَحَسِبَ ٱلنَّاسُ أَن يُتۡرَكُوٓاْ أَن يَقُولُوٓاْ ءَامَنَّا وَهُمۡ لَا يُفۡتَنُونَ ﴿٢﴾

《2》 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്ന് പറയുന്നത് കൊണ്ട് (മാത്രം)- തങ്ങൾ പരീക്ഷിക്കപ്പെടാതെ- വിട്ടുകളയപ്പെടുമെന്ന് മനുഷ്യർ ധരിച്ചിരിക്കുന്നുവോ?!

وَلَقَدۡ فَتَنَّا ٱلَّذِينَ مِن قَبۡلِهِمۡۖ فَلَيَعۡلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُواْ وَلَيَعۡلَمَنَّ ٱلۡكَٰذِبِينَ ﴿٣﴾

《3》 തീർച്ചയായും, അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷണം ചെയ്തിട്ടുണ്ട്; അങ്ങനെ, സത്യം പറഞ്ഞവരെ അല്ലാഹു അറിയുകതന്നെ ചെയ്യും; വ്യാജം പറയുന്നവരെയും അവൻ അറിയും.

أَمۡ حَسِبَ ٱلَّذِينَ يَعۡمَلُونَ ٱلسَّيِّـَٔاتِ أَن يَسۡبِقُونَاۚ سَآءَ مَا يَحۡكُمُونَ ﴿٤﴾

《4》 അഥവാ, തിന്മകൾ പ്രവർത്തിക്കുന്നവർ നമ്മെ (തോൽപിച്ചു) മുൻകടന്നു കളയാമെന്ന് ധരിച്ചിട്ടുണ്ടോ?! അവർ വിധി കൽപിക്കുന്നത് എത്ര ചീത്ത!

﴾1﴿ الم 'അലിഫ്- ലാം- മീം' ﴾2﴿ أَحَسِبَ ധരിച്ചുവോ, കണക്കാക്കിയോ النَّاسُ മനു ഷ്യർ أَنْ يُتْرَكُوا അവർ വിട്ടുകളയപ്പെടുമെന്ന്, ഉപേക്ഷിക്കപ്പെടുമെന്ന് أَنْ يَقُولُوا അവർ പറയുന്നതിനാൽ آمَنَّا ഞങ്ങൾ വിശ്വസിച്ചു എന്ന് وَهُمْ لَا يُفْتَنُونَ അവർ പരീക്ഷിക്കപ്പെടാതെ ﴾3﴿ وَلَقَدْ فَتَنَّا തീർച്ചയായും നാം പരീക്ഷിച്ചിട്ടുണ്ട് الَّذِينَ യാതൊരു കൂട്ടരെ مِنْ قَبْلِهِمْ അവരുടെ മുമ്പുള്ള فَلَيَعْلَمَنَّ اللَّهُ അങ്ങനെ അല്ലാഹു അറിയുകതന്നെ ചെയ്യും الَّذِينَ صَدَقُوا സത്യം പറഞ്ഞവരെ وَلَيَعْلَمَنَّ അവൻ അറിയുകയും ചെയ്യും الْكَاذِبِينَ വ്യാജം പറയുന്ന വരെ ﴾4﴿ أَمْ حَسِبَ അഥവാ ധരിച്ചുവോ الَّذِينَ يَعْمَلُونَ പ്രവർത്തിക്കുന്നവർ السَّيِّئَاتِ തിന്മ കൾ, ദുഷ്പ്രവൃത്തികൾ أَنْ يَسْبِقُونَا നമ്മെ മുൻകടന്നു (തോൽപ്പിച്ചു) കളയുമെന്ന് سَاءَ എത്ര ചീത്ത, വളരെ മോശം مَا يَحْكُمُونَ അവർ വിധി കൽപിക്കുന്നത്

ഇസ്‌ലാമിന്റെ ആദ്യഘട്ടത്തിൽ, സത്യവിശ്വാസം സ്വീകരിച്ച പല സ്വഹാബികൾക്കും മുശ്‌രിക്കുകളിൽനിന്ന് അനുഭവിക്കേണ്ടിവന്ന മർദ്ദനങ്ങളും അക്രമങ്ങളും പ്രസിദ്ധമാണ ല്ലോ. അമ്മാർ (റ), സ്വുഹൈബ് (റ), ബിലാൽ (റ) മുതലായ മഹാൻമാർ കൂടുതൽ കഷ്ട നഷ്ടങ്ങൾ സഹിക്കേണ്ടി വന്നവരായിരുന്നു. അങ്ങനെ വിവിധ തരത്തിലുള്ള പരീക്ഷണ ങ്ങൾക്ക് വിധേയരായ ആദ്യമുസ്‌ലിംകളുടെ കാര്യത്തിലാണ് ഈ വചനങ്ങൾ അവതരിച്ച ത്. ഈ വിഷയത്തിൽ വ്യത്യസ്തങ്ങളായ രിവായത്തുകൾ കാണാമെങ്കിലും, അവയുടെ ആകെസാരം അതാണ്. ഒരു സംഭവത്തെക്കുറിച്ച് അവതരിക്കുന്ന ആയത്തുകളും, കൽപന കളും അത്പോലെയുള്ളതിനെല്ലാം ബാധകമാണെന്ന് പറയേണ്ടതില്ല. അത് കൊണ്ട് ഈ വചനങ്ങളിൽ അടങ്ങിയ പാഠങ്ങൾ എല്ലാ കാലത്തേക്കും ബാധകം തന്നെ.

വിശ്വസിച്ചിരിക്കുന്നുവെന്ന് വായകൊണ്ട് പറഞ്ഞതിന്റെ പേരിൽ മാത്രം ഒരാൾ വിശ്വാസി യാകുമെന്ന് ആരും ധരിക്കേണ്ടതില്ല. അതിന്റെ അടിസ്ഥാനത്തിൽ മാത്രം അയാളെ അല്ലാഹു വിട്ടുകളയുന്നതുമല്ല. വിശ്വാസികൾ പലവിധ പരീക്ഷണങ്ങളെയും നേരിടേണ്ടിവരും. മുമ്പു ണ്ടായിരുന്ന സത്യവിശ്വാസികളും അങ്ങനെ പരീക്ഷണങ്ങൾക്ക് വിധേയരാകേണ്ടി വന്നി ട്ടുണ്ട്. പരീക്ഷണത്തിൽ ക്ഷമയും, സഹനവും, സ്ഥിരചിത്തതയും കൈക്കൊള്ളുന്നത് കൊണ്ടാണ് വിശ്വാസം യഥാർത്ഥീകരിക്കുന്നതും, അതിന് ദാർഢ്യം വർദ്ധിക്കുന്നതും. യഥാർത്ഥ വിശ്വാസികളും, കപടൻമാരും ആരൊക്കെയാണെന്നും മറ്റുമുള്ള വസ്തുത അല്ലാ ഹുവിന് മുൻകൂട്ടിത്തന്നെ തികച്ചും അറിയാവുന്നതാണ്. എങ്കിലും, പരീക്ഷണങ്ങൾ മുഖേന സത്യവാദികളും, അസത്യവാദികളും തമ്മിൽ വ്യക്തമായി വേർതിരിയുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. എനി, പരീക്ഷണങ്ങൾക്ക് വിധേയരായിട്ടില്ലാത്ത കുറ്റവാളികളായ ആളുകൾ തൽക്കാലം രക്ഷപ്പെട്ടത് പോലെ മേലിലും തങ്ങൾ രക്ഷപ്പെടുമെന്നും, അങ്ങനെ തങ്ങളുടെ ദുഷ്ചെയ്തികളുടെ ഫലം അനുഭവിക്കാതെ അല്ലാഹുവിനെ തോൽപിച്ചു കള യാമെന്നും കരുതുന്നുണ്ടെങ്കിൽ, ആ വിചാരവും പരമാബദ്ധമാണ്. അല്ലാഹു അവരുടെ മേൽ തക്ക ശിക്ഷാനടപടി എടുക്കുക തന്നെ ചെയ്യും എന്നൊക്കെയാണ് ആയത്തുകളുടെ ചുരുക്കം.

ഹിജ്റഃ (സ്വരാജ്യം ത്യജിച്ചുപോകൽ), സമരം, ദേഹേച്ഛകൾ വർജ്ജിക്കൽ, നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാകൽ, അനുഷ്ഠാന കർമങ്ങൾ നിർവ്വഹിക്കൽ, ദേഹത്തിലും, ധനത്തിലും, മാനത്തിലും നേരിടുന്ന കഷ്ടനഷ്ടങ്ങൾ എന്നിങ്ങനെയുള്ള പല കാര്യങ്ങൾ മുഖേനയും സത്യവിശ്വാസികൾ പരീക്ഷിക്കപ്പെടുന്നതാകുന്നു. വിശ്വാസത്തിന്റെ ഏറ്റക്കുറ വനുസരിച്ചായിരിക്കും പരീക്ഷണത്തിന്റെ ഏറ്റക്കുറവും. കൂടുതൽ പരീക്ഷണത്തിന് പാത്ര

മാകുന്നവർക്ക് അല്ലാഹു കൂടുതൽ പ്രതിഫലം നൽകുന്നതുമാകുന്നു. പല ഹദീഥുകളിലും നബിﷺ ഇക്കാര്യം ഉണർത്തിയിട്ടുള്ളത് കാണാം.

ഇമാം ബുഖാരി (റ)യും മറ്റും രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാകുന്നു: ഖബ്ബാബ് (خباب بن الأرت - رضـ) പറയുകയാണ്: ഞങ്ങൾക്ക് ക്വുറൈശികളുടെ മർദ്ദനം കഠിനമായിത്തീർന്നപ്പോൾ, ഞങ്ങൾക്ക് വേണ്ടി അവിടുന്ന് പ്രാർത്ഥിക്കുന്നില്ലേ, രക്ഷ തേടുന്നില്ലേ എന്നൊക്കെ ഞങ്ങൾ നബിﷺയോട് സങ്കടപ്പെടുകയുണ്ടായി. തിരുമേനി ഒരു പുതപ്പ് തലയണയാക്കിക്കൊണ്ട് കഅ്ബഃയുടെ നിഴലിൽ വിശ്രമിക്കുകയായിരുന്നു. അപ്പോൾ തിരുമേനി പറഞ്ഞു: 'നിങ്ങളുടെ മുമ്പ് (മുൻ സമുദായങ്ങളിൽ) ഒരാളെ പിടിച്ചു ഭൂമിയിൽ കുഴിവെട്ടി അതിൽ നിറുത്തി അവന്റെ തലയിൽ വാളുളി വെച്ചു അവനെ രണ്ട് പൊളിയാക്കുമായിരുന്നു; ഇരുമ്പിന്റെ ചീർപ്പുകൊണ്ട് അവന്റെ മാംസവും എല്ലുമല്ലാത്ത ഭാഗം മുഴുവനും വാർന്നെടുക്കുകയും ചെയ്തിരുന്നു. അതൊന്നുംതന്നെ അവന്റെ മതത്തിൽനിന്നും അവനെ തടയുമായിരുന്നില്ല. അല്ലാഹുവാണ സത്യം! ഒരു വാഹനക്കാരൻ (യമനിലെ) സ്വൻആഇൽ നിന്ന് ഹദ്വർമൗത്തിലേക്ക് *(*)* പോകുമ്പോൾ അല്ലാഹുവിനെയും, ആടുകളെ സംബന്ധിച്ച് ചെന്നായയെയും അല്ലാതെ മറ്റൊന്നും പേടിക്കാനില്ലാത്തവണ്ണം ഇക്കാര്യം (ഇസ്‌ലാമിന്റെ നില) പരിപൂർണമാകുകതന്നെ ചെയ്യും. പക്ഷേ, നിങ്ങൾ ധൃതിപ്പെടുകയാണ് ചെയ്യുന്നത്.' തിരുമേനിയുടെ ഈ പ്രവചനം അൽപ വർഷങ്ങൾക്കകം സാക്ഷാൽക്കരിക്കപ്പെട്ടുവെന്ന് പറയേണ്ടതില്ല.

വേറൊരു ഹദീഥിൽ നബിﷺ ഇപ്രകാരം അരുളിച്ചെയ്യുന്നു:

عجبا لأمر المؤمن إن أمره كله خير له وليس ذلك لأحد إلا للمؤمن إن أصابته سرّاء شكر فكان خيرا له وإن أصابته ضراء صبر فكان خيرا له - مسلم

"സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ! അവന്റെ കാര്യങ്ങളെല്ലാം അവന് ഗുണകരമാണ്. ഇത് സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കും ഇല്ലതന്നെ. അവന്നൊരു സന്തോഷകരമായ സംഭവം ബാധിച്ചാൽ അവൻ നന്ദികാണിക്കും. അങ്ങനെ അതവന് ഗുണകരമായിത്തീരുന്നു. അവന്നൊരു വിഷമസംഭവം ബാധിച്ചാൽ അവൻ ക്ഷമിക്കുന്നു. അങ്ങനെ അതും അവന് ഗുണമായിത്തീരുന്നു."(മു.) മറ്റൊരു ഹദീഥിൽ ഇപ്രകാരം വന്നിട്ടുണ്ട്: 'മനുഷ്യൻ അവന്റെ മതപ്പറ്റനുസരിച്ച് പരീക്ഷണം ചെയ്യപ്പെടുന്നതാണ്. അവന് തന്റെ മതത്തിൽ ദൃഢതയുണ്ടെങ്കിൽ പരീക്ഷണത്തിലും അവന് വർദ്ധനവുണ്ടായിരിക്കും.'

يبتلى الرجل على حسب دينه فان كان فى دينه صلابة زيد له فى البلاء - حكاه ابن كثير وقال صحيح

مَن كَانَ يَرۡجُواْ لِقَآءَ ٱللَّهِ فَإِنَّ أَجَلَ

﴾5﴿ **ആരെങ്കിലും അല്ലാഹുവുമായി കണ്ടുമുട്ടുന്നതിന് ആശിക്കുന്നുവെങ്കിൽ (അഥവാ കാണുമെന്ന് പ്രതീക്ഷിക്കുന്നുവെങ്കിൽ), നിശ്ചയമായും അല്ലാഹുവിന്റെ (നിശ്ചിത) അവധി വരാനിരിക്കു**

(*) صنعاء ൽ നിന്ന് حضرموت ലേക്ക് അക്കാലത്തുള്ള യാത്രാമാർഗം ഭയാനകമായിരുന്നു.

ٱللَّهِ لَـَٔاتٍۢ ۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٥﴾

ന്നത് തന്നെയാകുന്നു. അവനത്രെ (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും.

وَمَن جَـٰهَدَ فَإِنَّمَا يُجَـٰهِدُ لِنَفْسِهِۦٓ ۚ إِنَّ ٱللَّهَ لَغَنِىٌّ عَنِ ٱلْعَـٰلَمِينَ ﴿٦﴾

《6》 ആരെങ്കിലും സമരം ചെയ്യുന്നതായാൽ, അവന്ന് വേണ്ടിത്തന്നെയാണവൻ സമരം ചെയ്യുന്നത്. നിശ്ചയമായും, അല്ലാഹു ലോകരിൽ നിന്നും അനാശ്രയനാകുന്നു.

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَنُكَفِّرَنَّ عَنْهُمْ سَيِّـَٔاتِهِمْ وَلَنَجْزِيَنَّهُمْ أَحْسَنَ ٱلَّذِى كَانُوا۟ يَعْمَلُونَ ﴿٧﴾

《7》 വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അവർക്ക് അവരുടെ തിന്മകളെ നാം (പൊറുത്തു) മായിച്ചു കൊടുക്കുക തന്നെ ചെയ്യുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കാൾ മെച്ചപ്പെട്ടത് നാം അവർക്ക് പ്രതിഫലം നൽകുകയും ചെയ്യും.

《5》 مَنْ كَانَ ആരെങ്കിലും ആണെങ്കിൽ يَرْجُوا പ്രതീക്ഷിക്കുന്നു, ആശിക്കുന്നു (എങ്കിൽ) لِقَاءَاللهِ അല്ലാഹുവുമായി കണ്ടുമുട്ടുന്നതിന്, കാണുന്നതിനെ فَإِنَّ എന്നാൽ നിശ്ചയമായും أَجَلَ اللهِ അല്ലാഹുവിന്റെ അവധി لَآتٍ വരുന്നത് (വരാനിരിക്കുന്നത്) തന്നെ وَهُوَ അവൻ, അവനത്രെ السَّمِيعُ കേൾക്കുന്നവൻ الْعَلِيمُ അറിയുന്നവൻ 《6》 وَمَنْ جَاهَدَ ആരെങ്കിലും സമരം ചെയ്യുന്നതായാൽ فَإِنَّمَا يُجَاهِدُ നിശ്ചയമായും അവൻ സമരം ചെയ്യുന്നു لِنَفْسِهِ തനിക്ക് വേണ്ടിത്തന്നെ, അവന്റെ ആത്മാവിന് വേണ്ടി മാത്രം إِنَّ اللهَ നിശ്ചയമായും അല്ലാഹു لَغَنِيٌّ അനാശ്രയനാകുന്നു, ധന്യൻ തന്നെ عَنِ الْعَالَمِينَ ലോകരിൽനിന്ന്, ലോകരോട് 《7》 وَالَّذِينَ آمَنُوا വിശ്വസിച്ചിട്ടുള്ളവർ وَعَمِلُوا الصَّالِحَاتِ സൽക്കർമ്മങ്ങൾ പ്രവർത്തിക്കയും ചെയ്ത لَنُكَفِّرَنَّ നാം മായിച്ചുകൊടുക്കുകതന്നെ ചെയ്യും, പൊറുക്കും, മൂടിവെക്കും عَنْهُمْ അവർക്ക് അവരിൽനിന്ന് سَيِّئَاتِهِمْ അവരുടെ തിന്മകളെ, ദുഷ്കർമങ്ങളെ وَلَنَجْزِيَنَّهُمْ അവർക്ക് നാം പ്രതിഫലം നൽകുകയും ചെയ്യും أَحْسَنَ الَّذِي യാതൊന്നിൽവെച്ച് നല്ലതിന്, യാതൊന്നിനെക്കാൾ മെച്ചമായത് كَانُوا يَعْمَلُونَ അവർ പ്രവർത്തിച്ചിരുന്ന

അല്ലാഹുവിനെ കണ്ടുമുട്ടണം, അവന്റെ പ്രീതിയും പ്രതിഫലവും ലഭിക്കണം എന്ന ആശയും, അതുണ്ടാകുമെന്ന പ്രതീക്ഷയും വല്ലവർക്കുമുണ്ടെങ്കിൽ, അത് വിദൂരമൊന്നുമല്ല; അതിനുള്ള അവധി ഇതാ ആസന്നമാണ്. അതിനുള്ള ഒരുക്കങ്ങൾ അവർ ചെയ്തുകൊള്ളട്ടെ. ദേഹംകൊണ്ടോ, ധനം കൊണ്ടോ ചെയ്യുന്ന എല്ലാ സമരങ്ങളും– ശത്രുക്കളുമായുള്ള

ധർമസമരമോ, ദേഹേച്ഛയോടോ, പിശാചിനോടോ ഉള്ള കർമസമരമോ ഏതായാലും ശരി– വാസ്തവത്തിൽ അത്, ചെയ്യുന്നവരുടെ തന്നെ ഗുണത്തിന് വേണ്ടിയുള്ളതാണ്; അതിന്റെ ഫലം അവർക്കല്ലാതെ മറ്റാർക്കുമല്ല. അല്ലാഹുവിന് അത് മൂലം യാതൊരു ഗുണവും ഉണ്ടാകാനില്ല. അവന് ആരുടെയും ആശ്രയമോ സഹായമോ ആവശ്യമില്ല. ശരിയായ വിശ്വാസത്തോടുകൂടി സൽക്കർമ്മങ്ങൾ പ്രവർത്തിച്ചുവന്നിട്ടുള്ളവരിൽനിന്ന് ആ പ്രവർത്തനങ്ങൾ സ്വീകരിക്കുകമാത്രമല്ല അവൻ ചെയ്യുന്നത്; അവരുടെ പക്കൽ വന്നുപോയിട്ടുള്ള തെറ്റുകുറ്റങ്ങൾ മൂടി മറച്ചു മാപ്പാക്കിക്കൊടുക്കുകയും, അവരുടെ സൽപ്രവർത്തനങ്ങൾക്ക് ഏറ്റവും മികച്ച രീതിയിലുള്ള പ്രതിഫലം നൽകുകയും ചെയ്യുന്നതാകുന്നു.

7–ാം വചനത്തിലെ അവസാനഭാഗം (وَلَنَجْزِيَنَّهُمْ أَحْسَنَ الَّذِي كَانُوا يَعْمَلُونَ) രണ്ട് പ്രകാരത്തിൽ വിവക്ഷിക്കപ്പെടാവുന്നതാണ്: (1) സൽക്കർമ്മങ്ങൾ പ്രവർത്തിക്കുന്നവർക്ക് അവരുടെ പ്രവർത്തനങ്ങളുടെ തോതിനെക്കാൾ കവിഞ്ഞ നിലക്കുള്ള പ്രതിഫലം അല്ലാഹു കൊടുക്കുന്നതാണ് എന്നും, (2) അവരുടെ പ്രവർത്തനങ്ങളിൽവെച്ച് ഏറ്റവും നല്ല കർമങ്ങളുടെ തോതനുസരിച്ച് മൊത്തത്തിൽ എല്ലാ കർമങ്ങൾക്കും നല്ല പ്രതിഫലം നൽകുമെന്നും. (كَمَا فِي الرَّازِى)

وَوَصَّيْنَا ٱلْإِنسَٰنَ بِوَٰلِدَيْهِ حُسْنًا ۖ وَإِن جَٰهَدَاكَ لِتُشْرِكَ بِى مَا لَيْسَ لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَآ ۚ إِلَىَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٨﴾

﴾8﴿ മനുഷ്യനോട് അവന്റെ മാതാപിതാക്കളെ സംബന്ധിച്ച്– (അവർക്ക്) നന്മ ചെയ്യാൻ –നാം ആജ്ഞ നൽകിയിരിക്കുന്നു; (ഹേ, മനുഷ്യാ) നിനക്ക് (യഥാർത്ഥത്തിൽ) യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്ക് ചേർക്കുന്നതിന് അവർ നിന്നോട് നിർബന്ധം ചെലുത്തുന്ന പക്ഷം നീ അവരെ (രണ്ടാളെയും) അനുസരിച്ചു പോകരുത്. എന്റെ അടുക്കലേക്കാണ് നിങ്ങളുടെ (എല്ലാവരുടെയും) മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങൾക്ക് വൃത്താന്തം അറിയിച്ചു തരുന്നതാകുന്നു.

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَنُدْخِلَنَّهُمْ فِى ٱلصَّٰلِحِينَ ﴿٩﴾

﴾9﴿ വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, നിശ്ചയമായും നാം അവരെ സദ്‌വൃത്തൻമാരിൽ ഉൾപ്പെടുത്തുന്നതാകുന്നു.

﴾8﴿ وَوَصَّيْنَا നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു, ആജ്ഞ (ശാസന, നിർദ്ദേശം) നൽകിയിരിക്കുന്നു الإِنْسَانَ മനുഷ്യനോട് بِوَالِدَيْهِ അവന്റെ മാതാപിതാക്കളെപ്പറ്റി, حُسْنًا നന്മയെ, നന്മ ചെയ്യാൻ وَإِنْ جَاهَدَاكَ അവർ രണ്ടാളും നിന്നോട് നിർബന്ധം ചെലുത്തിയാൽ, ബുദ്ധിമുട്ടിച്ചാൽ لِتُشْرِكَ بِي നീ എന്നോട് പങ്കുചേർക്കുവാനായി مَا യാതൊന്നിനെ لَيْسَ لَكَ നിനക്കില്ല بِهِ അതിനെക്കുറിച്ച് عِلْمٌ ഒരറിവ്, വിവരം فَلَا تُطِعْهُمَا എന്നാൽ നീ അവരെ അനുസരിക്കരുത് إِلَيَّ എന്റെ അടുക്കലേക്കാണ് مَرْجِعُكُمْ നിങ്ങളുടെ മടക്കം, മടക്കസ്ഥാനം فَأُنَبِّئُكُمْ അപ്പോൾ ഞാൻ നിങ്ങൾക്ക് വൃത്താന്തം അറിയിക്കും, ബോധ്യപ്പെടുത്തും بِمَا كُنْتُمْ നിങ്ങളായിരുന്നതിനെക്കുറിച്ച് تَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചു വരുന്ന ﴾9﴿ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ وَعَمِلُوا الصَّالِحَاتِ സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്ത لَنُدْخِلَنَّهُمْ നിശ്ചയമായും നാമവരെ പ്രവേശിപ്പിക്കും, ഉൾപ്പെടുത്തും فِي الصَّالِحِينَ സദ്‌വൃത്തരിൽ, സജ്ജനങ്ങളിൽ

ഖുർആനിൽ അല്ലാഹു വളരെ ഊന്നിപ്പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് മാതാപിതാക്കളോടുള്ള കടമ. മാതാപിതാക്കളോടുള്ള കടമ എത്ര വമ്പിച്ചതാണെങ്കിൽപോലും, അതിലുപരിയായ ഒന്നത്രെ അല്ലാഹുവിനോട് മനുഷ്യനുള്ള കടമ. അത് കൊണ്ടാണ് മാതാപിതാക്കളുടെ കടമയെപ്പറ്റി ഉപദേശിക്കുന്നതോടൊപ്പം, അല്ലാഹുവിനോട് പങ്കുചേർക്കുന്ന വിഷയത്തിൽ അവരെ അനുസരിച്ചുപോകരുതെന്ന് കൂടി പ്രത്യേകം ഉണർത്തുന്നത്.

സഅ്ദ് (سَعْد بن ابى وقاص رضـ) ഇസ്‌ലാമിന്റെ ആരംഭഘട്ടത്തിൽ വിശ്വസിച്ച ഒരു സ്വഹാബിയാകുന്നു. അദ്ദേഹം നബിﷺയിൽ വിശ്വസിച്ചത് നിമിത്തം അദ്ദേഹത്തിന്റെ മാതാവ് (അബൂസുഫ്‌യാൻ മകൾ ഹംനഃ) അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു: 'മാതാവിനോട് നന്മ ചെയ്യണമെന്ന് നിന്നോട് അല്ലാഹു കൽപിച്ചിട്ടില്ലേ?! അതുകൊണ്ട് ഒന്നുകിൽ ഞാൻ മരണമടയുക, അല്ലെങ്കിൽ നീ ഇസ്‌ലാമിൽ അവിശ്വസിക്കുക, ഈ രണ്ടിലൊന്നുണ്ടാകുന്നതുവരെ ഞാൻ ഭക്ഷണപാനീയമൊന്നും കഴിക്കുകയില്ല.' അങ്ങനെ ഒന്ന് രണ്ട് ദിവസം കഴിഞ്ഞു. മാതാവിന് ഭക്ഷണം കൊടുക്കുവാനായി അദ്ദേഹം അവരുടെ വായ നിർബന്ധിച്ചു പിളർത്തിക്കൊണ്ടിരിക്കുകയായി. ഈ അവസരത്തിലാണ് ഈ ആയത്ത് അവതരിച്ചത്. അദ്ദേഹം പിൻമാറുന്നില്ലെന്ന് കണ്ടപ്പോൾ മാതാവ് തന്റെ സത്യവ്രതത്തിൽനിന്ന് പിൻമാറി. സഅ്ദ് (റ) തന്റെ മാതാപിതാക്കളെ വളരെയധികം സ്നേഹിക്കുന്ന ഒരാളായിരുന്നു. എന്നാൽ ഈ സന്ദർഭത്തിൽ അദ്ദേഹം പ്രസ്താവിച്ചത് 'എന്റെ ഉമ്മാ! നിങ്ങൾ നൂറുവട്ടം മരിച്ചാലും എനിക്ക് എന്റെ മതം വിടുവാൻ നിവൃത്തിയില്ല' എന്നായിരുന്നു. (الترمذى، واحمد، ومسلم وغيرهم)

'നിനക്ക് യാതൊരറിവുമില്ലാത്തതിനെ എന്നോട് പങ്കുചേർക്കുവാൻ' (لِتُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ) എന്ന് പറഞ്ഞത് ശ്രദ്ധാർഹമാകുന്നു. അല്ലാഹുവിന് യാതൊരു പങ്കുകാരും ഇല്ലെന്നുള്ളത് സുസ്ഥാപിതമായ ഒരു പരമാർത്ഥമത്രെ. എന്നിരിക്കെ, പിന്നെയെങ്ങനെയാണ് അവനോട് വല്ലതിനെയും പങ്കുചേർക്കുന്ന വിഷയത്തിൽ അവരെ അനുസരിക്കുക?! ഏതെങ്കിലും തരത്തിലുള്ള ഒരു പങ്കുകാരൻ അവന് യഥാർത്ഥത്തിൽ ഉള്ളതായി നിനക്കറിയാമായിരുന്നുവെങ്കിൽ അതനുസരിക്കുവാൻ ന്യായമുണ്ടായിരുന്നു. പക്ഷേ, അതില്ലല്ലോ. അപ്പോൾ മാതാപിതാക്കളോടുള്ള കടമ വളരെ വമ്പിച്ചതാണെങ്കിലും ഇക്കാര്യത്തിൽ അവരെ

അനുസരിക്കുന്ന പ്രശ്നമേയില്ല. എന്നൊക്കെയാണ് ആ വാക്ക് ചൂണ്ടിക്കാട്ടുന്നത്. നിങ്ങൾ എല്ലാവരും അല്ലാഹുവിങ്കലേക്ക് മടങ്ങി വരുന്നവരാകകൊണ്ട് ഓരോരുത്തരുടെയും കർമഫലങ്ങൾ– മാതാപിതാക്കളുടെ ശിർക്കിന്റെ ഫലവും, നീ അവർക്ക് ചെയ്ത നന്മയുടെയും, നിന്റെ മതവിശ്വാസത്തിന്റെയും ഫലവും– അപ്പോൾ നിങ്ങളെ ബോധ്യപ്പെടുത്തിക്കൊള്ളാമെന്നും അല്ലാഹു തുടർന്നു പ്രസ്താവിക്കുന്നു. ഈ ആയത്തുമായി ബന്ധപ്പെട്ട കൂടുതൽ വിവരം സൂ: ലുക്മാനിലും മറ്റും വരുന്നതാണ്. إنْ شَاء الله

وَمِنَ ٱلنَّاسِ مَن يَقُولُ ءَامَنَّا بِٱللَّهِ فَإِذَآ أُوذِىَ فِى ٱللَّهِ جَعَلَ فِتْنَةَ ٱلنَّاسِ كَعَذَابِ ٱللَّهِ

﴾10﴿ മനുഷ്യരിലുണ്ട് ചില ആളുകൾ: 'ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു' എന്ന് അവർ പറയും. എന്നാൽ, അല്ലാഹുവിന്റെ കാര്യത്തിൽ തങ്ങൾക്ക് (വല്ലതും) ഉപദ്രവം ബാധിച്ചാൽ, ജനങ്ങളുടെ പരീക്ഷണം [മർദ്ദനം] അവർ അല്ലാഹുവിന്റെ ശിക്ഷക്ക് സമമാക്കിത്തീർക്കുന്നു!

وَلَئِن جَآءَ نَصْرٌ مِّن رَّبِّكَ لَيَقُولُنَّ إِنَّا كُنَّا مَعَكُمْ ۚ أَوَلَيْسَ ٱللَّهُ بِأَعْلَمَ بِمَا فِى صُدُورِ ٱلْعَٰلَمِينَ ﴿١٠﴾

നിന്റെ രക്ഷിതാവിങ്കൽനിന്ന് വല്ല സഹായവും വന്നുവെങ്കിലോ, അവർ പറയും: 'നിശ്ചയമായും ഞങ്ങൾ നിങ്ങളുടെ [സത്യവിശ്വാസികളുടെ] കൂടെയായിരുന്നു' എന്ന്. ലോകരുടെ ഹൃദയങ്ങളിൽ ഉള്ളതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനല്ലയോ?!

وَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَلَيَعْلَمَنَّ ٱلْمُنَٰفِقِينَ ﴿١١﴾

﴾11﴿ വിശ്വസിച്ചിട്ടുള്ളവരെ അല്ലാഹു തീർച്ചയായും അറിയുന്നു; കപടവിശ്വാസികളെയും അവൻ തീർച്ചയായും അറിയും.

﴾10﴿ وَمِنَ النَّاسِ മനുഷ്യരിലുണ്ട് مَنْ ചിലർ, ഒരു തരക്കാർ يَقُولُ അവർ (അവൻ) പറയും, പറയുന്ന آمَنَّا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു بِاللَّهِ അല്ലാഹുവിൽ فَإِذَا أُوذِيَ എന്നാൽ അവൻ ഉപദ്രവിക്കപ്പെട്ടാൽ, അവന് ഉപദ്രവം ബാധിച്ചാൽ فِي اللَّهِ അല്ലാഹുവിന്റെ കാര്യത്തിൽ جَعَلَ അവൻ (അവർ) ആക്കും (ഗണിക്കും) فِتْنَةَ النَّاسِ മനുഷ്യരുടെ പരീക്ഷണം, കുഴപ്പം (മർദ്ദനം) كَعَذَابِ اللَّهِ അല്ലാഹുവിന്റെ ശിക്ഷയെപ്പോലെ, ശിക്ഷക്ക് സമം وَلَئِنْ جَاءَ വന്നുവെങ്കിൽ نَصْرٌ വല്ല സഹായവും مِنْ رَبِّكَ നിന്റെ റബ്ബിന്റെ പക്കൽനിന്ന് لَيَقُولُنَّ നിശ്ചയമായും

أَوَلَيْسَ اللَّهُ അവർ പറയും إِنَّا كُنَّا നിശ്ചയമായും ഞങ്ങളായിരുന്നു مَعَكُمْ നിങ്ങളുടെ കൂടെ
അല്ലാഹു അല്ലയോ بِأَعْلَمَ നല്ലവണ്ണം അറിയുന്നവൻ بِمَا യാതൊന്നിനെപ്പറ്റി فِي صُدُورِ
നെഞ്ചുകളിൽ (ഹൃദയങ്ങളിൽ) ഉള്ള الْعَالَمِينَ ലോകരുടെ ﴿11﴾ وَلَيَعْلَمَنَّ اللَّهُ തീർച്ചയായും
അല്ലാഹു അറിയും, അറിയുന്നു الَّذِينَ آمَنُوا വിശ്വസിച്ചവരെ وَلَيَعْلَمَنَّ അല്ലാഹു തീർച്ച
യായും അറിയുകയും ചെയ്യും الْمُنَافِقِينَ കപടവിശ്വാസികളെ

സത്യവിശ്വാസത്തെ സംബന്ധിച്ചിടത്തോളം, യഥാർത്ഥവിശ്വാസി (മുഅ്മിൻ), അവിശ്വാസി (കാഫിർ), കപടവിശ്വാസി (മുനാഫിക്) ഇങ്ങനെ മൂന്ന് തരക്കാരാണുള്ളത്. പ്രധാനമായും ആദ്യത്തെ രണ്ട് തരക്കാരെക്കുറിച്ചായിരുന്നു ഇതിനുമുമ്പ് പ്രസ്താവിച്ചത്. മുനാഫിക്വുകളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. താൽക്കാലിക ഗുണത്തെ ഓർത്തു ഞാനും വിശ്വസിച്ചിരിക്കുന്നുവെന്ന് പറഞ്ഞു സത്യവിശ്വാസികളുടെ കൂട്ടത്തിൽ നടക്കുമെങ്കിലും, വിശ്വാസത്തിന്റെ പേരിൽ ജനങ്ങളിൽനിന്ന് വല്ല ഉപദ്രവമോ മർദ്ദനമോ ബാധിച്ചാൽ അക്ഷമനായിത്തീരുക, കേവലം തുച്ഛവും, സ്വാഭാവികവുമായ ആ വിഷമങ്ങളെ അല്ലാഹുവിങ്കൽനിന്നുള്ള ഭയങ്കര ശിക്ഷയെന്നോണം പരിഗണിക്കുക, നേരെമറിച്ച് സത്യവിശ്വാസികളുടെ ഭാഗത്ത് വല്ല വിജയമോ മറ്റ് ഗുണമോ കിട്ടിക്കാണുമ്പോൾ തങ്ങളും അതിൽ അവകാശികളും പങ്കുകാരുമാണെന്ന് അഭിനയിക്കുകയും ചെയ്യുക ഇതാണിവരുടെ പ്രധാനലക്ഷണം. എന്നാൽ, എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്ന അല്ലാഹുവിന്നുണ്ടോ ഇതെല്ലാം അജ്ഞാതമായിത്തീരുന്നു?!

وَقَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوا۟ ٱتَّبِعُوا۟ سَبِيلَنَا وَلْنَحْمِلْ خَطَـٰيَـٰكُمْ وَمَا هُم بِحَـٰمِلِينَ مِنْ خَطَـٰيَـٰهُم مِّن شَىْءٍ ۖ إِنَّهُمْ لَكَـٰذِبُونَ ﴿١٢﴾

﴾12﴿ അവിശ്വസിച്ചവർ വിശ്വസിച്ചവരോട് പറയുകയാണ്: 'നിങ്ങൾ ഞങ്ങളുടെ മാർഗം പിൻപറ്റുവിൻ, നിങ്ങളുടെ തെറ്റുകുറ്റങ്ങൾ ഞങ്ങൾ ഏറ്റെടുക്കുകയും ചെയ്തുകൊള്ളാം' എന്ന്! (വാസ്തവത്തിൽ) അവരുടെ തെറ്റുകുറ്റങ്ങളിൽനിന്ന് യാതൊന്നും തന്നെ അവർ ഏറ്റെടുക്കുന്നവരല്ലതന്നെ. നിശ്ചയമായും അവർ കളവ് പറയുന്നവരാകുന്നു.

وَلَيَحْمِلُنَّ أَثْقَالَهُمْ وَأَثْقَالًا مَّعَ أَثْقَالِهِمْ ۖ وَلَيُسْـَٔلُنَّ يَوْمَ ٱلْقِيَـٰمَةِ عَمَّا كَانُوا۟ يَفْتَرُونَ ﴿١٣﴾

﴾13﴿ (അത്രയുമല്ല,) തങ്ങളുടെ ഭാരങ്ങളും, തങ്ങളുടെ ഭാരങ്ങളോടൊപ്പം (വേറെ) കുറെ ഭാരങ്ങളും തീർച്ചയായും അവർ വഹിക്കേണ്ടതായിവരും. അവർ (കളവ്) കെട്ടിച്ചമച്ചിരുന്നതിനെപ്പറ്റി ക്വിയാമത്ത് നാളിൽ അവർ തീർച്ചയായും ചോദ്യം ചെയ്യപ്പെടുന്നതുമാണ്.

﴾12﴿ وَقَالَ പറയുന്നു الَّذِينَ كَفَرُوا അവിശ്വസിച്ചവർ لِلَّذِينَ آمَنُوا വിശ്വസിച്ചവരോട് اتَّبِعُوا നിങ്ങൾ പിൻപറ്റുവിൻ سَبِيلَنَا ഞങ്ങളുടെ മാർഗം وَلْنَحْمِلْ ഞങ്ങൾ ഏറ്റെടുക്കുകയും ചെയ്യാം خَطَايَاكُمْ നിങ്ങളുടെ തെറ്റുകളെ وَمَا هُمْ അവരല്ലതാനും بِحَامِلِينَ ഏറ്റെടുക്കുന്നവർ مِنْ خَطَايَاهُمْ അവരുടെ തെറ്റുകുറ്റങ്ങളിൽനിന്ന് مِنْ شَيْءٍ യാതൊന്നുംതന്നെ إِنَّهُمْ നിശ്ചയമായും അവർ لَكَاذِبُونَ കളവ് പറയുന്നവർതന്നെ ﴾13﴿ وَلَيَحْمِلُنَّ നിശ്ചയമായും അവർ ഏറ്റെടുക്കും, വഹിക്കേണ്ടിവരും, പേറും أَثْقَالَهُمْ തങ്ങളുടെ ഭാരങ്ങളെ وَأَثْقَالًا കുറെ ഭാരങ്ങളും مَعَ أَثْقَالِهِمْ അവരുടെ ഭാരങ്ങളുടെ കൂടെ وَلَيُسْأَلُنَّ നിശ്ചയമായും അവർ ചോദ്യം ചെയ്യപ്പെടും يَوْمَ الْقِيَامَةِ ക്വിയാമത്ത് നാളിൽ عَمَّا كَانُوا അവരായിരുന്നതിനെപ്പറ്റി يَفْتَرُونَ കെട്ടിച്ചമച്ചിരുന്ന, കളവ് കെട്ടിയിരുന്ന

സത്യവിശ്വാസികളോട് അവിശ്വാസികൾ പറയാറുള്ള ഒരു വാക്യവും, അതിന് അല്ലാഹുവിന്റെ പക്കൽനിന്നുള്ള മറുപടിയുമാണ് മുകളിൽ കാണുന്നത്. മറ്റുള്ളവരെ സൽപന്ഥാവിൽനിന്ന് തെറ്റിച്ചു കളയുവാൻ വേണ്ടി വക്രബുദ്ധികളാൽ അനുവർത്തിക്കപ്പെടുന്ന വിവിധ നയങ്ങളിൽപെട്ട ഒന്നാണ് ഇതും. തങ്ങളെപ്പോലെ എല്ലാവരും വഴിപിഴച്ചു കാണണമെന്നാഗ്രഹിക്കുക ദുർജ്ജനങ്ങളുടെ സ്വഭാവമാണ്. മതഭക്തിയില്ലാത്ത മുസ്‌ലിം നാമധാരികളായ ചില ആളുകൾ, അല്പജ്ഞരും, ശുദ്ധഗതിക്കാരുമായ ആളുകളോടും ഈ നയം ഉപയോഗിക്കാറുണ്ട്. യഥാർത്ഥത്തിൽ ഇസ്‌ലാം വിരോധിച്ചതും തങ്ങളുടെ യുക്തിന്യായങ്ങൾക്ക് യോജിക്കാത്തതുമായ ചില കാര്യങ്ങളെ സാധാരണക്കാരെക്കൊണ്ട് അംഗീകരിപ്പിക്കുവാൻവേണ്ടി, അതൊന്നും മതദൃഷ്ട്യാ വിരോധമില്ലാത്തതാണെന്നും, അത് അംഗീകരിച്ചതുകൊണ്ടുണ്ടാകുന്ന കുറ്റം തങ്ങൾ ഏറ്റുകൊള്ളാമെന്നും പറഞ്ഞു അവർ പൊതുജനങ്ങളെ ധൈര്യപ്പെടുത്തുന്നത് കാണാം. അങ്ങനെയുള്ളവർക്കും ഈ വചനങ്ങളിൽ താക്കീതുണ്ട്.

എന്നാൽ, ഓരോരുത്തന്റെയും കുറ്റം അവൻതന്നെ വഹിക്കണമെന്നും, ഒരാൾ ചെയ്ത കുറ്റത്തിന് വേറൊരാൾ ശിക്ഷിക്കപ്പെടുകയില്ലെന്നും ഉള്ളത് അല്ലാഹുവിന്റെ ഉറച്ച നിയമമത്രെ. എന്നാൽ, സ്വയം ദുർമാർഗത്തിൽ പതിക്കുകയും, മറ്റുള്ളവരെക്കൂടി വഴിപിഴപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന ഇവർ കൂടുതൽ കുറ്റഭാരം വഹിക്കേണ്ടിവരുന്നതുമാകുന്നു. കാരണം, മറ്റുള്ളവരെ വഴിപിഴപ്പിക്കുവാൻ പരിശ്രമം നടത്തിയതിന്റെ പേരിലും, ദുർമാർഗത്തിന് വേണ്ടി പ്രചാരം ചെയ്തതിന്റെ പേരിലും, അതിനായി കളവ് കെട്ടിച്ചമച്ചതിന്റെ പേരിലും ഇവർ ശിക്ഷാർഹരാകുന്നു. 'തങ്ങളുടെ ഭാരങ്ങളോടൊപ്പം വേറെയും കുറെ ഭാരങ്ങൾ അവർ വഹിക്കേണ്ടിവരും' എന്ന് പറഞ്ഞത് അതുകൊണ്ടാണ്. നബി ﷺ പറയുന്നത് കാണുക:

من دعا إلى هدى كان له من الأجر مثل أجور من تبعه لا ينقص ذلك من أجورهم شيئا ومن دعا إلى ضلالة كان عليه من الإثم مثل آثام من تبعه لا ينقص ذلك من آثامهم شيئا – مسلم

(ഒരാൾ സൻമാർഗത്തിലേക്ക് ക്ഷണിക്കുന്നപക്ഷം അവനെ പിൻപറ്റുന്നവർക്കുണ്ടാകുന്ന പ്രതിഫലം പോലെയുള്ള പ്രതിഫലം അവന്നുണ്ടായിരിക്കുന്നതാണ്. അവരുടെ പ്രതിഫലങ്ങളിൽ അത് യാതൊരു കുറവും വരുത്തുന്നതല്ല. ഒരാൾ ദുർമാർഗത്തിലേക്ക് ക്ഷണിക്കുന്ന പക്ഷം അവനെ പിൻപറ്റുന്നവർക്കുണ്ടാകുന്ന കുറ്റം പോലെയുള്ള കുറ്റം അവന്നുമുണ്ടായിരിക്കും. അവരുടെ കുറ്റങ്ങളിൽ അത് യാതൊരു കുറവും വരുത്തുകയുമില്ല. (മു.) ചില

'രിവായത്തു'കളിൽ من تبعه الى يوم القيمة (ക്വിയാമത്ത് നാൾവരെ അവനെ പിൻപറ്റുന്നവരുടെ) എന്നാണുള്ളത്. ഈ ഹദീഥിൽനിന്ന് 13-ാം ആയത്തിന്റെ ഉദ്ദേശ്യം കൂടുതൽ വ്യക്തമാകുന്നു.

വിഭാഗം - 2

وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَلَبِثَ فِيهِمْ أَلْفَ سَنَةٍ إِلَّا خَمْسِينَ عَامًا فَأَخَذَهُمُ ٱلطُّوفَانُ وَهُمْ ظَٰلِمُونَ ﴿١٤﴾

《14》 നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് അയക്കുകയുണ്ടായി; എന്നിട്ട് അദ്ദേഹം അവരിൽ അമ്പത് സംവത്സരം ഒഴിച്ച് ആയിരം കൊല്ലം കഴിഞ്ഞുകൂടി. അങ്ങനെ, അവർ അക്രമികളായിരിക്കവെ ജലപ്രളയം അവരെ പിടികൂടി.

فَأَنجَيْنَٰهُ وَأَصْحَٰبَ ٱلسَّفِينَةِ وَجَعَلْنَٰهَآ ءَايَةً لِّلْعَٰلَمِينَ ﴿١٥﴾

《15》 അപ്പോൾ, അദ്ദേഹത്തെയും, (അദ്ദേഹത്തോടൊപ്പം) കപ്പലിലുള്ളവരെയും നാം രക്ഷപ്പെടുത്തി. അത് [ആ സംഭവം] നാം ലോകർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു.

《14》 وَلَقَدْ أَرْسَلْنَا തീർച്ചയായും നാം അയക്കുകയുണ്ടായി نُوحًا നൂഹിനെ إِلَىٰ قَوْمِهِ തന്റെ ജനതയിലേക്ക് فَلَبِثَ എന്നിട്ട് അദ്ദേഹം കഴിഞ്ഞുകൂടി, താമസിച്ചു فِيهِمْ അവരിൽ أَلْفَ سَنَةٍ ആയിരം കൊല്ലം إِلَّا خَمْسِينَ അമ്പതൊഴിച്ച് عَامًا സംവത്സരം فَأَخَذَهُمُ എന്നിട്ട് അവർക്ക് പിടിപെട്ടു الطُّوفَانُ ജലപ്രളയം وَهُمْ അവരായിരിക്കെ ظَالِمُونَ അക്രമികൾ 《15》 فَأَنجَيْنَاهُ അപ്പോൾ നാം അദ്ദേഹത്തെ രക്ഷപ്പെടുത്തി وَأَصْحَابَ السَّفِينَةِ കപ്പലിലുള്ളവരെയും وَجَعَلْنَاهَا നാമതിനെ ആക്കുകയും ചെയ്തു آيَةً ഒരു ദൃഷ്ടാന്തം لِلْعَالَمِينَ ലോകർക്ക്

---

950 കൊല്ലക്കാലം ബഹുമാനപ്പെട്ട നൂഹ് നബി (അ) തന്റെ ജനതയെ തൗഹീദിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ചത് മുതൽ ജലപ്രളയം ഉണ്ടായത് വരെയുള്ള കാലമായിരിക്കും ഇത് എന്നാണ് ഈ വചനത്തിൽനിന്ന് മനസ്സിലാകുന്നത്. അപ്പോൾ അതിന് മുമ്പും പിമ്പുമായി കുറച്ച് കാലംകൂടി അദ്ദേഹം ജീവിച്ചിരുന്നിരിക്കണം. (*) ഏതായാലും മുൻകാലത്തുള്ളവർ ഇന്നത്തെക്കാൾ അധികം ജീവിച്ചിരിക്കാറുണ്ടായിരു

(*) ബൈബ്ൾ പറയുന്നത് ഇങ്ങനെയാണ്: 'ജലപ്രളയത്തിന്റെ ശേഷം നോഹ മുന്നൂറ്റമ്പത് സംവത്സരം ജീവിച്ചിരുന്നു. നോഹയുടെ ആയുഷ്ക്കാലം ആകെ തൊള്ളായിരത്തമ്പത് സംവത്സരമായിരുന്നു. പിന്നെ അവൻ മരിച്ചു (ഉൽപത്തി 9: 28, 29.)

ന്നുവെന്ന വസ്തുത ചരിത്രങ്ങളിൽനിന്നറിയാവുന്നതാണ്. ഇതിന് ശാസ്ത്രീയമായി ത്തന്നെ ചില കാരണങ്ങളും ചൂണ്ടിക്കാണിക്കപ്പെട്ടുകാണാം. നൂഹ് നബി (അ)യുടെ ആയു ഷ്ക്കാലം ചരിത്രത്തിൽ ഒറ്റപ്പെട്ടുനിൽക്കുന്ന ഒരു ഉദാഹരണമായിരിക്കുകയും ചെയ്യാം. الله اعلم

ഇത്രയും ദീർഘിച്ച കാലത്തെ പ്രബോധനം അദ്ദേഹം നടത്തിയിട്ടും കുറഞ്ഞ ആളു കൾ– ഏറെക്കുറെ എൺപത് പേരാണെന്ന് പറയപ്പെടുന്നു –മാത്രമാണ് അദ്ദേഹത്തിൽ വിശ്വസിച്ചത്. ജനത ആകമാനം അദ്ദേഹത്തെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്ത പ്പോഴാണ് അല്ലാഹുവിന്റെ കൽപന പ്രകാരം അദ്ദേഹം കപ്പൽ നിർമിച്ചതും ജലപ്രളയമു ണ്ടായതും. ഹൂദ്, ശുഅറാഅ് തുടങ്ങിയ സൂറത്തുകളിൽ ഈ സംഭവത്തെപ്പറ്റി കുറെ വിവരം നാം കാണുകയുണ്ടായി. എനിയും ചില സൂറത്തുകളിൽ വീണ്ടും കൂടുതൽ വിവരം കാണാവുന്നതുമാണ്. إِنْ شَاءَ الله

وَإِبْرَٰهِيمَ إِذْ قَالَ لِقَوْمِهِ ٱعْبُدُوا۟ ٱللَّهَ وَٱتَّقُوهُ ۖ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿١٦﴾

﴾16﴿ ഇബ്റാഹീമിനെയും (ഓർക്കു ക), അദ്ദേഹം തന്റെ ജനതയോട് (ഇ പ്രകാരം) പറഞ്ഞ സന്ദർഭം: 'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ. അതാണ് നിങ്ങൾക്ക് നല്ലത്– നിങ്ങൾ (വാ സ്തവം) അറിയുന്നുവെങ്കിൽ!

إِنَّمَا تَعْبُدُونَ مِن دُونِ ٱللَّهِ أَوْثَٰنًا وَتَخْلُقُونَ إِفْكًا ۚ إِنَّ ٱلَّذِينَ تَعْبُدُونَ مِن دُونِ ٱللَّهِ لَا يَمْلِكُونَ لَكُمْ رِزْقًا فَٱبْتَغُوا۟ عِندَ ٱللَّهِ ٱلرِّزْقَ وَٱعْبُدُوهُ وَٱشْكُرُوا۟ لَهُۥٓ ۖ إِلَيْهِ تُرْجَعُونَ ﴿١٧﴾

﴾17﴿ 'നിങ്ങൾ അല്ലാഹുവിന് പുറമെ (ചില) വിഗ്രഹങ്ങളെയാണ് ആരാധിച്ചുവരുന്നത്; നിങ്ങൾ വ്യാജം സൃഷ്ടിച്ചുണ്ടാക്കുകയും ചെയ്യുന്നു. നിശ്ച യമായും അല്ലാഹുവിന്ന് പുറമെ നിങ്ങൾ ആരാധിച്ചുവരുന്നവർ (ആ രും) നിങ്ങൾക്ക് യാതൊരു ഉപജീവ നവും അധീനമാക്കുന്നില്ല. അതു കൊണ്ട് നിങ്ങൾ ഉപജീവനത്തിന് അല്ലാഹുവിങ്കൽ അന്വേഷിക്കുവിൻ, അവനെ നിങ്ങൾ ആരാധിക്കുകയും, അവനോട് നന്ദികാണിക്കുകയും ചെയ്യു വിൻ. അവങ്കലേക്കത്രെ നിങ്ങൾ മടക്കപ്പെ ടുന്നത്.

وَإِن تُكَذِّبُوا۟ فَقَدْ كَذَّبَ أُمَمٌ مِّن

﴾18﴿ 'നിങ്ങൾ കളവാക്കുകയാണെ ങ്കിൽ, നിങ്ങളുടെ മുമ്പ് പല സമുദായ ങ്ങളും കളവാക്കുകയുണ്ടായിട്ടുണ്ട്.

ഇതിൽ ഖുർആന്റെ പ്രസ്താവനക്ക് യോജിക്കാത്ത ഭാഗം നമുക്ക് സ്വീകരിപ്പാൻ നിവൃ ത്തിയില്ല.

قَبۡلِكُمۡۖ

وَمَا عَلَى ٱلرَّسُولِ إِلَّا ٱلۡبَلَٰغُ ٱلۡمُبِينُ ﴿١٨﴾

'റസൂലിന്റെ [ദൈവദൂതന്റെ] മേൽ വ്യക്തമായ പ്രബോധനമല്ലാതെ (കടമ) ഇല്ല.'

﴾16﴿ وَإِبۡرَاهِيمَ ഇബ്റാഹീമിനെയും إِذۡقَالَ അദ്ദേഹം പറഞ്ഞപ്പോൾ لِقَوۡمِهِ തന്റെ ജനതയോട് اعۡبُدُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ وَاتَّقُوهُ അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ ذَٰلِكُمۡ അതാണ് خَيۡرٌلَّكُمۡ നിങ്ങൾക്ക് നല്ലത് إِنۡ كُنتُمۡ നിങ്ങളാണെങ്കിൽ تَعۡلَمُونَ നിങ്ങൾ അറിയുന്നു (എങ്കിൽ) ﴾17﴿ إِنَّمَاتَعۡبُدُونَ നിശ്ചയമായും നിങ്ങൾ ആരാധിക്കുന്നു مِنۡ دُونِ اللَّهِ അല്ലാഹുവിന് പുറമെ أَوۡثَٰنًا ചില വിഗ്രഹങ്ങളെ وَتَخۡلُقُونَ നിങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു, പടച്ചുണ്ടാക്കുന്നു إِفۡكًا വ്യാജം إِنَّ الَّذِينَ നിശ്ചയമായും യാതൊരു കൂട്ടർ تَعۡبُدُونَ നിങ്ങൾ ആരാധിക്കുന്നു مِنۡ دُونِ اللَّهِ അല്ലാഹുവിന് പുറമെ لَا يَمۡلِكُونَ അവർ സ്വാധീനമാക്കുന്നില്ല, ഉടമയാക്കുന്നില്ല (ശക്തരല്ല) لَكُمۡ നിങ്ങൾക്ക് رِزۡقًا ആഹാരം, ഉപജീവനം فَابۡتَغُوا അതുകൊണ്ട് നിങ്ങൾ അന്വേഷിക്കുവിൻ عِندَ اللَّهِ അല്ലാഹുവിങ്കൽ الرِّزۡقَ ഉപജീവനം, ആഹാരം وَاعۡبُدُوهُ അവനെ ആരാധിക്കുകയും ചെയ്യുവിൻ وَاشۡكُرُوا لَهُ അവനോട് നന്ദികാണിക്കയും ചെയ്യുവിൻ إِلَيۡهِ അവങ്കലേക്കത്രെ, അവനിലേക്ക് തന്നെ تُرۡجَعُونَ നിങ്ങൾ മടക്കപ്പെടുന്നു ﴾18﴿ وَإِنۡ تُكَذِّبُوا നിങ്ങൾ വ്യാജമാക്കുന്ന പക്ഷം فَقَدۡ كَذَّبَ എന്നാൽ കളവാക്കിയിട്ടുണ്ട് أُمَمٌ പല സമുദായങ്ങൾ مِنۡ قَبۡلِكُمۡ നിങ്ങൾക്ക് മുമ്പ് وَمَاعَلَى الرَّسُولِ റസൂലിന്റെ മേൽ ഇല്ല إِلا الۡبَلاَغُ എത്തിച്ചുകൊടുക്കൽ (പ്രബോധനം) അല്ലാതെ الۡمُبِينُ സ്പഷ്ടമായ

'നിങ്ങൾ വ്യാജം സൃഷ്ടിച്ചുണ്ടാക്കുകയും ചെയ്യുന്നു' (وَتَخۡلُقُونَ إِفۡكًا) എന്ന് ഇബ്റാഹീം നബി (അ) അവരോട് പറഞ്ഞത് വളരെ അർത്ഥവത്താകുന്നു. സ്വന്തം കൈകളാൽ നിർമിക്കപ്പെട്ടതും, കേൾക്കുകയോ കാണുകയോ ചെയ്യാത്തതും, ഉപകാരമോ അപകാരമോ ചെയ്യാൻ കഴിവില്ലാത്തതുമായ നിർജ്ജീവ വസ്തുക്കളെ ദൈവങ്ങളെന്നും, ആരാധ്യൻമാരെന്നും നിശ്ചയിച്ചു അവയുടെ മുമ്പിൽ അങ്ങേഅറ്റത്തെ ഭക്തിയാരാധനകളും, അപേക്ഷകളും അർപ്പിക്കുന്നതിൽപരം വ്യാജനിർമാണം മറ്റെന്താണുള്ളത്?! ചില പ്രത്യേക ദേവീദേവൻമാരുടെ പ്രതിമയെന്ന സങ്കൽപത്തിൽ അവയ്ക്ക് ചില നാമകരണങ്ങൾ ചെയ്യുന്നതും, അവയുടെ പേരിൽ –അവയുടെ പ്രസാദം, അനുഗ്രഹം, കോപശാപങ്ങൾ ആദിയായവയെ സ്ഥാപിക്കുന്ന– പലതരം കള്ളക്കഥകൾ പ്രചരിപ്പിക്കുന്നതും വിഗ്രഹകാരാധകൻമാരുടെ പതിവാണ്. ഓരോ വിഗ്രഹത്തിനും മറ്റേതിന്നില്ലാത്ത മഹത്വങ്ങളും കഴിവുകളും അവർ വെച്ചുകെട്ടിയിട്ടുണ്ടാവും. ചുരുക്കിപ്പറഞ്ഞാൽ അടിതൊട്ട് മുടിയോളം വ്യാജത്തിൻമേൽ കെട്ടിപ്പടുത്തു വ്യാജത്തിൽമാത്രം നിലകൊള്ളുന്ന ഒരു പ്രസ്ഥാനമാണ് വിഗ്രഹപ്രസ്ഥാനമെന്ന് നിഷ്പക്ഷമായി ചിന്തിക്കുന്ന ഏത് ബുദ്ധി ജീവികൾക്കും മനസ്സിലാക്കാവുന്നതാണ്.

ഏതാണ്ട് മുശ്‌രിക്കുകൾക്കിടയിൽ നിലനിന്നുവരുന്ന അത്തമാതിരി പല കള്ളക്കഥകളും, വ്യാജ പ്രസ്താവനകളും ചില മഹാത്മാക്കളുടെ പേരിൽ ഇന്ന് മുസ്‌ലിംകൾക്കിടയിലും പ്രചാരത്തിലുണ്ടെന്നത് ഏറ്റവും ഖേദകരമായ ഒരു പരമാർത്ഥമത്രെ. അവയുടെ അടിസ്ഥാനത്തിലാണ് ശിർക്ക്പരമായ പല പ്രവർത്തനങ്ങളും കാലക്രമത്തിൽ മുസ്‌ലിംകൾക്കിടയിൽ പടർന്നുപിടിച്ചത്. ചിലപ്പോൾ, മരണപ്പെട്ടുപോയ മഹാത്മാക്കളോ, ജീവിച്ചിരിപ്പുള്ള വ്യക്തികളോ അല്ലാത്ത- തനി സങ്കൽപ്പിതമായ- അജ്ഞാത നാമങ്ങളെച്ചൊല്ലിയും ഇത്തരം കെട്ടുകഥകളും പ്രാർത്ഥനാ വഴിപാടുകളും, കർമങ്ങളും നടന്നുവരുന്നു. **معاذ الله** (അല്ലാഹുവിൽ ശരണം!)

അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിച്ചുവരുന്നവരാരും തന്നെ നിങ്ങളുടെ ജീവിതത്തിന് അനിവാര്യമായ ആഹാരം തരുവാൻ ശക്തരല്ല. ആഹാരം നൽകുന്നവൻ അല്ലാഹു മാത്രമാണ്. ആകാശത്ത് നിന്ന് മഴ പെയ്യിപ്പിച്ചു ഭൂമിയെ ഉൽപാദനയോഗ്യമാക്കുന്നതും, ആഹാരങ്ങൾ ഉൽപ്പാദിപ്പിക്കുന്നതും അവൻ മാത്രമാണ്. എന്നിരിക്കെ, ഉപജീവനമാർഗം അമ്പേഷിക്കേണ്ടതും, അതിനപേക്ഷിക്കേണ്ടതും അവനോടത്രെ. അത് പോലെത്തന്നെ, ജനങ്ങളുടെ സ്രഷ്ടാവും, രക്ഷിതാവുമെല്ലാം അവൻ മാത്രമായിരിക്കെ ജനങ്ങളുടെ എല്ലാ വിധേനയുമുള്ള ആരാധനയും, കൂറും, ഭക്തിയും അവന് മാത്രം അവകാശപ്പെട്ടതാണ്. ഈ നഗ്നമായ യാഥാർത്ഥ്യത്തിനും, സ്പഷ്ടമായ യുക്തിത്വത്തിനും കടകവിരുദ്ധമാണ് നിങ്ങളുടെ പ്രവർത്തനങ്ങൾ. ഈ നില നിങ്ങൾ കൈവിടാത്തപക്ഷം, നിങ്ങൾക്ക് രക്ഷകിട്ടുമെന്ന് നിങ്ങൾ കരുതേണ്ട. നിങ്ങളെല്ലാം അല്ലാഹുവിങ്കലേക്ക് തന്നെ മടങ്ങിച്ചെല്ലേണ്ടതുണ്ട്. അവൻ നിങ്ങളുടെമേൽ തീർച്ചയായും നടപടിയെടുക്കും. ഇതൊക്കെ അറിഞ്ഞിട്ട് പിന്നെയും നിങ്ങൾ നിങ്ങളുടെ ഇതേ നിലപാട് തുടരുകയാണെങ്കിൽ, നിങ്ങളുടെ മുമ്പും ഇത് പോലെ ദൈവദൂതൻമാരെ നിഷേധിച്ച ജനങ്ങളുടെ അനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാവും. ദൈവദൂതൻമാർക്ക് സത്യപ്രബോധനം ചെയ്യുക എന്ന ബാദ്ധ്യത മാത്രമേയുള്ളൂ എന്നൊക്കെ ഇബ്റാഹീം നബി (അ) ജനങ്ങളെ താക്കീത് ചെയ്യുകയാണ്.

ഇബ്റാഹീം നബി (അ)യുടെ പ്രസ്താവന ഉദ്ധരിച്ചശേഷം- അതിനൊരു വിശദീകരണമെന്നോണം- തൗഹീദിൽ വിശ്വസിക്കാത്ത എല്ലാ സത്യനിഷേധികളെയും അഭിമുഖീകരിച്ചുകൊണ്ട്- അല്ലാഹു പറയുന്നു:-

أَوَلَمْ يَرَوْا۟ كَيْفَ يُبْدِئُ ٱللَّهُ ٱلْخَلْقَ ثُمَّ يُعِيدُهُۥٓ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿١٩﴾

《19》 അല്ലാഹു സൃഷ്ടിയെ ആദ്യമായുണ്ടാക്കുന്നത് എങ്ങനെയാണെന്ന് അവർ കാണുന്നില്ലേ?! പിന്നീട് അവനത് (രണ്ടാമതും) ആവർത്തിക്കുന്നു. നിശ്ചയമായും അത് അല്ലാഹുവിന് നിസ്സാരമാണ്.

قُلْ سِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ بَدَأَ ٱلْخَلْقَ ۚ ثُمَّ ٱللَّهُ يُنشِئُ

《20》 പറയുക: 'നിങ്ങൾ ഭൂമിയിൽ സഞ്ചരി(ച്ചു നോ)ക്കുവിൻ, എന്നിട്ട് അവൻ എങ്ങനെയാണ് സൃഷ്ടി തുടങ്ങിയിരിക്കുന്നതെന്ന് നോ(ക്കി മനസ്സിലാ)

ٱلنَّشۡأَةَ ٱلۡأٓخِرَةَۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ﴿٢٠﴾

ക്കുവിൻ!' പിന്നീട്, അല്ലാഹു അവസാനത്തെ ഉത്ഭവം ഉത്ഭവിപ്പിക്കുന്നതാണ്. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിന്നും കഴിവുള്ളവനാകുന്നു.

《19》 أَوَلَمْ يَرَوْا അവർ കാണുന്നില്ലേ, കണ്ടിട്ടില്ലേ كَيْفَ എങ്ങനെയാണ് يُبْدِئُ اللَّهُ
അല്ലാഹു ആദ്യമായുണ്ടാക്കുന്നത്, ആരംഭമാക്കുന്നത് الْخَلْقَ സൃഷ്ടിയെ ثُمَّ പിന്നെ يُعِيدُهُ
അവനത് ആവർത്തിക്കുന്നു, മടക്കിയുണ്ടാക്കുന്നു إِنَّ ذَٰلِكَ നിശ്ചയമായും അത് عَلَى اللَّهِ അല്ലാഹു
വിന്റെ മേൽ يَسِيرٌ നിസ്സാരമാണ് 《20》 قُلْ നീ പറയുക سِيرُوا നിങ്ങൾ സഞ്ചരിക്കുവിൻ, നട
ക്കുവിൻ فِي الْأَرْضِ ഭൂമിയിൽ فَانْظُرُوا എന്നിട്ട് നിങ്ങൾ നോക്കുവിൻ كَيْفَ എങ്ങനെയാണ്
بَدَأَ അവൻ ആരംഭിച്ചിരിക്കുന്നത്, ആദ്യം ചെയ്തത് الْخَلْقَ സൃഷ്ടിയെ ثُمَّ اللَّهُ പിന്നീട്
അല്ലാഹു يُنْشِئُ ഉത്ഭവിപ്പിക്കുന്നു النَّشْأَةَ الْآخِرَةَ അവസാനത്തെ ഉത്ഭവിപ്പിക്കൽ, ഉണ്ടാക്കൽ إِنَّ اللَّهَ
നിശ്ചയമായും അല്ലാഹു عَلَى كُلِّ شَيْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ്

മനുഷ്യൻ കണ്ണ് തുറന്നു വെളിയിലേക്ക് ദൃഷ്ടിപതിക്കട്ടെ! കാലെടുത്ത് ഭൂമിയിലൂടെ സഞ്ചരിച്ചുനോക്കട്ടെ! ഉന്നതമായ ആകാശം, കണക്കറ്റ നക്ഷത്രഗ്രഹങ്ങൾ, ചലിക്കുന്നതും അല്ലാത്തതുമായ വൻഗോളങ്ങൾ, പർവ്വതങ്ങൾ, മൈതാനങ്ങൾ, വൃക്ഷങ്ങൾ, കായ്കനികൾ, അരുവികൾ, സമുദ്രങ്ങൾ, മനുഷ്യനടക്കമുള്ള ലക്ഷോപലക്ഷം ജീവികൾ എന്നിങ്ങനെ എണ്ണിപ്പറഞ്ഞവസാനിപ്പിക്കുവാൻ കഴിയാത്ത പലതും അവർക്ക് കാണാം. അവയെല്ലാം ശുദ്ധശൂന്യതയിൽനിന്ന് സൃഷ്ടിച്ചുണ്ടാക്കിയ ഒരു മഹാ ശക്തിയുണ്ടല്ലോ. വ്യവസ്ഥാപിതമായ നിലയിൽ നിലനിന്നുപോരുന്ന ഇവയെല്ലാം സ്വയമങ്ങ് അസ്തിത്വം പൂണ്ടതാണെന്നുവെച്ച് തൃപ്തിയടയുവാൻ മനുഷ്യബുദ്ധിക്ക് സാദ്ധ്യമല്ലതന്നെ. തൃപ്തിയടയുവാൻ കഴിയുന്നവരുണ്ടെങ്കിൽ അവരുടെ ബുദ്ധി മനുഷ്യബുദ്ധിയല്ലെന്ന് വേണം പറയുവാൻ. മുമ്പുണ്ടായിരുന്ന ഒരു മാതൃകയോ, ഏതെങ്കിലും ഒന്നിന്റെ സഹായമോ കൂടാതെ പുത്തനായും, ആദ്യമായും അവയെല്ലാം നിർമിച്ചുണ്ടാക്കിയ ആ സർവ്വശക്തനായ കർത്താവ് തന്നെ, അവയുടെ നാശത്തിന് ശേഷം അവയ്ക്കൊരു പുതിയ ഘടനാവ്യവസ്ഥയും നൽകും. അവരുടെ മരണത്തിന് ശേഷം അവർക്കൊരു പുതിയ ജീവിതവും നൽകും. ആദ്യത്തെ സൃഷ്ടിയുടെ കർത്താവായ അവന് രണ്ടാമത്തെ സൃഷ്ടിയുടെ കാര്യം കൂടുതൽ നിസ്സാരമായിരിക്കുമല്ലോ. وَهُوَ الَّذِي يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ وَهُوَ أَهْوَنُ عَلَيْهِ - الروم)

يُعَذِّبُ مَن يَشَآءُ وَيَرۡحَمُ مَن يَشَآءُۖ وَإِلَيۡهِ تُقۡلَبُونَ ﴿٢١﴾

《21》 അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കും; അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ കരുണ ചെയ്യും. അവങ്കലേക്ക് തന്നെ നിങ്ങൾ തിരിച്ചുകൊണ്ടുവരപ്പെടുകയും ചെയ്യും.

وَمَآ أَنتُم بِمُعۡجِزِينَ فِي ٱلۡأَرۡضِ وَلَا فِي ٱلسَّمَآءِۖ وَمَا لَكُم مِّن دُونِ ٱللَّهِ مِن وَلِيّٖ وَلَا نَصِيرٖ ﴿٢٢﴾

《22》 ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ, നിങ്ങൾ (അവനെ) അസാദ്ധ്യമാക്കുന്നവരല്ല: അല്ലാഹുവിന് പുറമെ ഒരു രക്ഷകർത്താവാകട്ടെ, ഒരു സഹായകനാകട്ടെ, നിങ്ങൾക്കില്ലതാനും.

വിഭാഗം - 3

وَٱلَّذِينَ كَفَرُواْ بِـَٔايَٰتِ ٱللَّهِ وَلِقَآئِهِۦٓ أُوْلَٰٓئِكَ يَئِسُواْ مِن رَّحۡمَتِي وَأُوْلَٰٓئِكَ لَهُمۡ عَذَابٌ أَلِيمٞ ﴿٢٣﴾

《23》 അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലും, അവനുമായി കണ്ടുമുട്ടുന്നതിലും അവിശ്വസിച്ചവരാകട്ടെ, അക്കൂട്ടർ എന്റെ [അല്ലാഹുവിന്റെ] കാരുണ്യത്തെസംബന്ധിച്ച് ആശ വെടിഞ്ഞിരിക്കുകയാണ്: അക്കൂട്ടർക്ക് വേദനയേറിയ ശിക്ഷയും ഉണ്ട്.

《21》 يُعَذِّبُ അവൻ ശിക്ഷിക്കും, ശിക്ഷിക്കുന്നു مَنۡ يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ وَيَرۡحَمُ
അവൻ കരുണയും ചെയ്യുന്നു مَنۡ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَإِلَيۡهِ അവനിലേക്ക് തന്നെ
تُقۡلَبُونَ നിങ്ങൾ തിരിച്ചുകൊണ്ടുവരപ്പെടുകയും ചെയ്യും 《22》 وَمَا أَنۡتُمۡ നിങ്ങളല്ല بِمُعۡجِزِينَ
അസാധ്യമാക്കുന്നവർ (പരാജയപ്പെടുത്തുന്നവർ) فِي الۡأَرۡضِ ഭൂമിയിൽ وَلَا فِي السَّمَاءِ ആകാശത്തിലുമില്ല وَمَا لَكُمۡ നിങ്ങൾക്ക് ഇല്ലതാനും مِنۡ دُونِ اللَّهِ അല്ലാഹുവിനെക്കൂടാതെ مِنۡ وَلِيٍّ
ഒരു രക്ഷകർത്താവും, ബന്ധുവും وَلَا نَصِيرٍ ഒരു സഹായകനും ഇല്ല 《23》 وَالَّذِينَ كَفَرُوا
അവിശ്വസിച്ചവർ بِآيَاتِ اللَّهِ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ وَلِقَائِهِ അവനുമായി കണ്ടുമുട്ടുന്നതിലും أُولَٰئِكَ അക്കൂട്ടർ يَئِسُوا നിരാശപ്പെട്ടിരിക്കുന്നു, ആശ വെടിഞ്ഞിരിക്കുന്നു مِنۡ رَحۡمَتِي
എന്റെ കാരുണ്യത്തിൽനിന്ന് وَأُولَٰئِكَ അക്കൂട്ടർ لَهُمۡ അവർക്കുണ്ട് عَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷ

മേൽ പ്രസ്താവിച്ചത് പോലുള്ള യാഥാർത്ഥ്യങ്ങളും, വ്യക്തമായ ന്യായങ്ങളും നിരത്തിവെച്ചുകൊണ്ട് ഇബ്റാഹീം നബി (അ) തന്റെ ജനതയെ വളരെ ശക്തിപൂർവ്വം ഉപദേശിച്ചു.

فَمَا كَانَ جَوَابَ قَوۡمِهِۦٓ إِلَّآ أَن قَالُواْ ٱقۡتُلُوهُ أَوۡ حَرِّقُوهُ فَأَنجَىٰهُ

《24》 എന്നാൽ, അദ്ദേഹത്തിന്റെ ജനതയുടെ മറുപടി, 'അവനെ കൊലപ്പെടുത്തുവിൻ, അല്ലെങ്കിൽ അവനെ ചുട്ടെരിക്കുവിൻ' എന്ന് അവർ പറഞ്ഞതല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല. എന്നിട്ട്, അല്ലാഹു അദ്ദേഹത്തെ

ٱللَّهُ مِنَ ٱلنَّارِ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٢٤﴾

അഗ്നിയിൽനിന്ന് രക്ഷപ്പെടുത്തി. നിശ്ചയമായും, വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.

﴾24﴿ فَمَا كَانَ എന്നാൽ ആയിരുന്നില്ല جَوَابَ قَوْمِهِ അദ്ദേഹത്തിന്റെ ജനതയുടെ മറു
പടി إِلَّا أَن قَالُوا അവർ പറഞ്ഞതല്ലാതെ اقْتُلُوهُ നിങ്ങളവനെ കൊല്ലുവിൻ أَوْ حَرِّقُوهُ അല്ലെങ്കിൽ
നിങ്ങളവനെ (ചുട്ടു) കരിക്കുവിൻ فَأَنجَاهُ اللَّهُ അപ്പോൾ അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തി
مِنَ النَّارِ അഗ്നി (തീ)യിൽ നിന്ന് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ ദൃഷ്ടാന്തങ്ങൾ
لِقَوْمٍ ഒരു ജനതക്ക് يُؤْمِنُونَ വിശ്വസിക്കുന്ന

ഇബ്റാഹീം നബി (അ)യുടെ ചരിത്രവും, അദ്ദേഹം അഗ്നികുണ്ഡത്തിൽനിന്ന് രക്ഷപ്പെട്ട സംഭവവും സൂ: അൻബിയാഇൽവെച്ച് വിസ്തരിച്ചു പറഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ അത് ആവർത്തിക്കേണ്ടതില്ല. അഗ്നിയിൽനിന്ന് രക്ഷപ്പെട്ടശേഷവും അദ്ദേഹം പ്രബോധനം തുടർന്നുകൊണ്ടിരുന്നു. സ്വജനതക്കിടയിൽ താമസിക്കുവാൻ കഴിയാതെ വന്നപ്പോൾ അദ്ദേഹം നാട്വിട്ടുപോകുകയും ചെയ്തു. താഴെ വചനങ്ങൾ ഇതിനെക്കുറിച്ച് പ്രസ്താവിക്കുന്നു.

وَقَالَ إِنَّمَا ٱتَّخَذْتُم مِّن دُونِ ٱللَّهِ أَوْثَٰنًا مَّوَدَّةَ بَيْنِكُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا ۖ ثُمَّ يَوْمَ ٱلْقِيَٰمَةِ يَكْفُرُ بَعْضُكُم بِبَعْضٍ وَيَلْعَنُ بَعْضُكُم بَعْضًا وَمَأْوَىٰكُمُ ٱلنَّارُ وَمَا لَكُم مِّن نَّٰصِرِينَ ﴿٢٥﴾

﴾25﴿ (വീണ്ടും) അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന് പുറമെ നിങ്ങൾ വിഗ്രഹങ്ങളെ (ആരാധ്യവസ്തുക്കളായി) സ്വീകരിച്ചിട്ടുള്ളത് ഐഹികജീവിതത്തിൽ നിങ്ങൾ തമ്മിലുള്ള താൽപര്യത്തിനായി മാത്രമാകുന്നു. പിന്നെ, ഖിയാമത്ത് നാളിൽ നിങ്ങളിൽ ചിലർ ചിലരെ നിഷേധിക്കുന്നതും, ചിലർ ചിലരെ ശപിക്കുന്നതുമാകുന്നു; നിങ്ങളുടെ സങ്കേതം നരകവുമായിരിക്കും; സഹായികളായിട്ട് നിങ്ങൾക്ക് (ആരും തന്നെ) ഉണ്ടാവുകയുമില്ല.'

۞ فَـَٔامَنَ لَهُۥ لُوطٌ ۘ وَقَالَ إِنِّى مُهَاجِرٌ إِلَىٰ رَبِّىٓ ۖ

﴾26﴿ അപ്പോൾ, ലൂത്വ് അദ്ദേഹത്തെ വിശ്വസിച്ചു. അദ്ദേഹം [ഇബ്റാഹീം] പറഞ്ഞു: 'ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് 'ഹിജ്റഃ' [നാട്വിട്ടു] പോകുകയാണ്;

إِنَّهُۥ هُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢٦﴾

നിശ്ചയമായും, അവൻ തന്നെയാണ്, പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവൻ.'

﴾25﴿ وَقَالَ അദ്ദേഹം പറയുകയും ചെയ്തു إِنَّمَا اتَّخَذْتُمْ നിശ്ചയമായും നിങ്ങൾ സ്വീക
രിച്ചിരിക്കുന്നു, ആക്കിയിരിക്കുന്നു مِنْ دُونِ اللَّهِ അല്ലാഹുവിന് പുറമെ أَوْثَانًا വിഗ്രഹങ്ങളെ
مَوَدَّةَ بَيْنِكُمْ നിങ്ങൾക്കിടയിലുള്ള താൽപര്യത്തിന്, സ്നേഹബന്ധത്തിന് (മാത്രം)
فِي الْحَيَاةِ الدُّنْيَا ഐഹിക ജീവിതത്തിൽ ثُمَّ പിന്നെ يَوْمَ الْقِيَامَةِ ഖിയാമത്ത് നാളിൽ يَكْفُرُ
നിഷേധിക്കും بَعْضُكُمْ നിങ്ങളിൽ ചിലർ بِبَعْضٍ ചിലരെ, ചിലരിൽ وَيَلْعَنُ ശപിക്കുകയും
ചെയ്യും بَعْضُكُمْ നിങ്ങളിൽ ചിലർ بَعْضًا ചിലരെ وَمَأْوَاكُمُ നിങ്ങളുടെ സങ്കേതം, അഭയ
സ്ഥാനം النَّارُ നരകമാകുന്നു, അഗ്നിയാണ് وَمَا لَكُمْ നിങ്ങൾക്കില്ലതാനും مِنْ نَاصِرِينَ സഹാ
യികളായി (ആരും), സഹായികളിൽപെട്ട(വർ) ﴾26﴿ فَآمَنَ അപ്പോൾ വിശ്വസിച്ചു لَهُ അദ്ദേ
ഹത്തെ لُوطٌ ലൂത്വ് وَقَالَ അദ്ദേഹം പറയുകയും ചെയ്തു إِنِّي مُهَاجِرٌ നിശ്ചയമായും ഞാൻ
ഹിജ്റഃ (നാട്വിട്ടു) പോകുന്നവനാണ് إِلَىٰ رَبِّي എന്റെ റബ്ബിങ്കലേക്ക് إِنَّهُ هُوَ നിശ്ചയമായും
അവൻ തന്നെയാണ് الْعَزِيزُ പ്രതാപശാലി الْحَكِيمُ അഗാധജ്ഞൻ

വിഗ്രഹാരാധനയുടെ നിരർത്ഥതയും, കൊള്ളരുതായ്മയും നിങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ട് പിന്നെയും നിങ്ങളതിൽ മൂടുറച്ചുകൊണ്ടിരിക്കുന്നത് നിങ്ങൾ തമ്മതമ്മിലുള്ള സ്നേഹ താൽപര്യബന്ധങ്ങൾ നിലനിറുത്തുവാനും, അതിന്ന് ഭംഗം നേരിടാതിരിക്കുവാനും വേണ്ടി മാത്രമാണെന്നാണ്, ആ മനഃശാസ്ത്രപടുവായ പ്രവാചകവര്യൻ അവരോട് പറയുന്നത്. ഈ ആവശ്യാർത്ഥം ഏറ്റവും കടുത്ത ഈ മഹാപാപം നിങ്ങളിപ്പോൾ ന്യായീകരിച്ചുകൊണ്ടിരിക്കുന്നുവല്ലോ. എന്നാൽ ഖിയാമത്ത് നാളിൽ നിങ്ങൾ തമ്മിലുള്ള ഈബന്ധംമുറിഞ്ഞുപോകും. നിങ്ങൾ പരസ്പരം വൈരികളും, നിഷേധികളുമായി മാറും. നിങ്ങൾ അന്യോന്യം ശപിക്കും. ഒടുക്കം സഹായത്തിനും രക്ഷക്കും ആരുമില്ലാതെ എല്ലാവരും കാലാകാലം നരകശിക്ഷ അനുഭവിക്കേണ്ടതായും വരും എന്നൊക്കെ അദ്ദേഹം ജനങ്ങളെ താക്കീത് ചെയ്യുന്നു.

എത്ര അർത്ഥവത്തായ ഒരു താക്കീതാണിത്?! തെറ്റായ ആദർശങ്ങളും, പിഴച്ച നടപടിക്രമങ്ങളും സ്വീകരിച്ചു വരുന്ന ജനങ്ങൾക്കിടയിൽ അനുഭവത്തിൽ കണ്ടുവരുന്ന ഒരു യാഥാർത്ഥ്യമാണ് ഇബ്റാഹീം നബി (അ) എടുത്തുകാട്ടിയത്. തങ്ങൾ സ്വീകരിച്ച ആദർശത്തിന്റെയോ ചെയ്തികളുടെയോ ചീത്തത്തം ശരിക്കും മനസ്സിലായാൽപോലും– സഹവർത്തികളുടെയും, സ്വകക്ഷിയുടെയും അലോഗ്യവും വെറുപ്പും സമ്പാദിക്കാതിരിക്കുവാൻ വേണ്ടി– അതിൽ തന്നെ പറ്റിപ്പിടിച്ചുകൂടുകയും, മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ട് അതിന് ന്യായീകരണമുണ്ടാക്കുകയും ചെയ്യുക മിക്കവരുടെയും പതിവാകുന്നു. ചിലപ്പോൾ, ചുറ്റുപാടുകൾ മാറുന്നതോടെ ഇത്തരം ആളുകൾ അവരുടെ നിലപാടിൽ മാറ്റം വരുത്തുവാൻ തയ്യാറായെന്നും വരും. സമനിലയിലുള്ളവർ തമ്മിലുള്ള സ്നേഹബന്ധങ്ങൾ മാത്രമല്ല, ഉയർന്ന നിലവാരത്തിലും താഴ്ന്ന നിലവാരത്തിലുമുള്ളവർ തമ്മിലുള്ള കൂട്ടുബന്ധങ്ങളും ഇതിന് കാരണമായിത്തീരാറുണ്ട്. മേലേക്കിടയിലുള്ളവരുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നാൽ മാത്രമേ തങ്ങൾക്ക് കാര്യലാഭം കൈവരികയുള്ളൂ, അല്ലെങ്കിൽ, അവരുടെ മർദ്ദനപരമായ പെരുമാറ്റത്തിൽനിന്ന് രക്ഷ കിട്ടുകയുള്ളൂവെന്ന് താഴേക്കിടയിലുള്ളവർ ധരിക്കുന്നു. മേലേക്കിടയിലുള്ളവരാകട്ടെ, തങ്ങളുടെ നേതൃത്വവും, സ്വാധീനവും, സ്വാർത്ഥതാൽപര്യങ്ങളും സംരക്ഷിക്കുവാനായി താഴേ

ക്കിടയിലുള്ളവരുടെ അപ്രീതി സമ്പാദിക്കാതിരിക്കുവാൻ അവരും മുതിരുന്നു. ഇതാണ് ഈ രണ്ട് വിഭാഗക്കാരെയും തമ്മിൽ ആ ദുഷിച്ച സഹവർത്തിത്വത്തിൽ കൂട്ടിയിണക്കുന്നത്. ഏത് വിഷയത്തിലാണോ ഒരാൾക്ക് മറ്റെവരെക്കാൾ ഉന്നതി ലഭിച്ചിട്ടുള്ളത് എങ്കിൽ, ആ വിഷയത്തിൽ അയാളെക്കാൾ താണ പടിയിലുള്ളവരുടെ എണ്ണം കുറഞ്ഞുപോകാതെ നിലനിൽക്കുന്നത് അയാളുടെ നേതൃത്വത്തിന്റെ നിലനിൽപ്പിന് ആവശ്യമാണല്ലോ.

ഇബ്റാഹീം നബി (അ)യുടെ സുദീർഘമായ സദുപദേശങ്ങളും അദ്ദേഹം അഗ്നിയിൽനിന്ന് അത്ഭുതകരമാം വണ്ണം രക്ഷപ്പെട്ടതും അദ്ദേഹത്തിന്റെ നാട്ടുകാരെ സംബന്ധിച്ചിടത്തോളം പ്രയോജനപ്പെട്ടില്ല. എങ്കിലും ലൂത്വ് (അ) അദ്ദേഹത്തെ വിശ്വസിക്കുകയും, അദ്ദേഹത്തിന്റെ മാർഗം സ്വീകരിക്കുകയും ചെയ്തു. എന്നി, ആ നാട്ടിൽ അദ്ദേഹത്തിന് ആശക്ക് വകയില്ലാതായി. അദ്ദേഹം തന്റെ റബ്ബിങ്കലേക്ക് -അഥവാ റബ്ബ് അനുഗ്രഹിച്ചരുളുകയും കൽപിച്ചരുളുകയും ചെയ്യുന്ന ഒരിടത്തേക്ക്- നാടുവിട്ടുപോകുവാൻ ഉറച്ചു. അതെ, ഇറാകിൽ നിന്ന് ശാമിലേക്ക് നീങ്ങി. സഹോദരപുത്രനായ ലൂത്വ് (അ) അല്ലാതെ, സ്വദേശത്ത് നിന്ന് തന്റെ അനുയായികളായി മറ്റാരും ഉണ്ടായിരുന്നില്ല. പക്ഷേ, അല്ലാഹു അദ്ദേഹത്തിന് പിന്നീട് പ്രദാനംചെയ്ത അനുഗ്രഹങ്ങൾ അളവറ്റതും, ഇണയറ്റതുമായിരുന്നു. അല്ലാഹു പറയുന്നു:

وَوَهَبْنَا لَهُۥٓ إِسْحَٰقَ وَيَعْقُوبَ وَجَعَلْنَا فِى ذُرِّيَّتِهِ ٱلنُّبُوَّةَ وَٱلْكِتَٰبَ وَءَاتَيْنَٰهُ أَجْرَهُۥ فِى ٱلدُّنْيَا ۖ وَإِنَّهُۥ فِى ٱلْءَاخِرَةِ لَمِنَ ٱلصَّٰلِحِينَ ﴿٢٧﴾

﴾27﴿ അദ്ദേഹത്തിന് ഇസ്ഹാകിനെയും, യഅ്ക്വൂബിനെയും നാം പ്രദാനം ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ സന്തതിയിൽ നാം പ്രവാചകത്വവും, വേദഗ്രന്ഥവും ഏർപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രതിഫലം ഇഹത്തിൽ നാം അദ്ദേഹത്തിന് നൽകി. അദ്ദേഹം പരലോകത്തിലാകട്ടെ, നിശ്ചയമായും സദ്വൃത്തൻമാരിൽ പെട്ടവനുമാകുന്നു.

﴾27﴿ وَوَهَبْنَالَهُ അദ്ദേഹത്തിന് നാം പ്രദാനം ചെയ്തു إِسْحَاقَ ഇസ്ഹാകിനെ وَيَعْقُوبَ യഅ്ക്വൂബിനെയും وَجَعَلْنَا നാം ആക്കുകയും, ഏർപ്പെടുത്തുകയും ചെയ്തു فِي ذُرِّيَّتِهِ അദ്ദേഹത്തിന്റെ സന്തതിയിൽ النُّبُوَّةَ പ്രവാചകത്വം وَالْكِتَابَ വേദഗ്രന്ഥവും وَآتَيْنَاهُ അദ്ദേഹത്തിന് നാം നൽകുകയും ചെയ്തു أَجْرَهُ തന്റെ പ്രതിഫലം فِي الدُّنْيَا ഇഹത്തിൽ وَإِنَّهُ നിശ്ചയമായും അദ്ദേഹം فِي الآخِرَةِ പരലോകത്തിൽ لَمِنَ الصَّالِحِينَ സദ്വൃത്തരിൽ പെട്ടവൻതന്നെ

സ്വന്തം നാട്ടിൽ നിന്നും സ്വന്തം കുടുംബത്തിൽനിന്നും ഇബ്റാഹീം നബി (അ) ബഹിഷ്കൃതനായി. അദ്ദേഹം നാടും വീടും വിട്ടുപോയി. പക്ഷേ, അല്ലാഹു അദ്ദേഹത്തെ പാഴാക്കിയില്ല. ശാമിൽ വന്നശേഷം അദ്ദേഹത്തിന് പുത്രനായി ഇസ്ഹാക്വ് നബി (അ)യെയും, പൗത്രനായി യഅ്ക്വൂബ് നബി (അ)യെയും അവൻ പ്രദാനം ചെയ്തു.

അവരുടെ സന്താനപരമ്പരയെ വർദ്ധിപ്പിച്ചു നാളിതുവരെ നിലനിറുത്തുകയും ചെയ്തു. പ്രവാചകത്വവും വേദഗ്രന്ഥവും നൽകി ആ പരമ്പരയെ അനുഗ്രഹിക്കുകയും ചെയ്തു. അദ്ദേഹത്തിന് ശേഷം അന്ത്യപ്രവാചകനായ മുഹമ്മദ് നബി ﷺ വരെ അറിയപ്പെട്ടിട്ടുള്ള പ്രവാചകൻമാരെല്ലാം ആ പരമ്പരയിൽ ഉൾപ്പെട്ടവരാകുന്നു. പിതാവില്ലാതെ ജനിച്ച ഈസാ നബി (അ)യുടെ മാതാവും അതിൽപെട്ടവരാണ്. അദ്ദേഹത്തിന് ശേഷം ലോകത്ത് നിലവിൽ വന്ന എല്ലാ സനാതന തത്വങ്ങളുടെയും ഉറവിടം ആ പരമ്പരയാകുന്നു. ഇങ്ങനെയുള്ള മഹത്തായ അനുഗ്രഹങ്ങൾ പലതും ഈ ലോകത്ത് അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ, പരലോകത്തിൽ അദ്ദേഹം അല്ലാഹുവിന്റെ സദ്വൃത്തരായ അടിയാൻമാരിൽ പെട്ടവനാണെന്ന സാക്ഷ്യപത്രം നൽകുകയും ചെയ്തിരിക്കയാണ്. صَلَّى اللّٰهُ عَلَيْهِ وَعَلَى نبينا وسلم

وَلُوطًا إِذْ قَالَ لِقَوْمِهِۦٓ إِنَّكُمْ لَتَأْتُونَ ٱلْفَـٰحِشَةَ مَا سَبَقَكُم بِهَا مِنْ أَحَدٍ مِّنَ ٱلْعَـٰلَمِينَ ﴿٢٨﴾

﴿28﴾ ലൂത്വിനെയും (ഓർക്കുക). അതായത് അദ്ദേഹം തന്റെ ജനതയോട് (ഇപ്രകാരം) പറഞ്ഞ സന്ദർഭം: 'നിശ്ചയമായും, നിങ്ങൾ നീചകൃത്യം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു; ലോകരിൽ നിന്ന് ഒരാളും തന്നെ അത് നിങ്ങൾക്ക് മുമ്പ് ചെയ്കയുണ്ടായിട്ടില്ല!

أَئِنَّكُمْ لَتَأْتُونَ ٱلرِّجَالَ وَتَقْطَعُونَ ٱلسَّبِيلَ وَتَأْتُونَ فِى نَادِيكُمُ ٱلْمُنكَرَ ۖ

﴿29﴾ 'നിങ്ങൾ (കാമനിവാരണാർത്ഥം) പുരുഷൻമാരുടെ അടുക്കൽ തന്നെ ചെല്ലുകയും, വഴി മുറിക്കുകയും [വഴിപോക്കരെ അക്രമിക്കുകയും] നിങ്ങളുടെ സദസ്സിൽവെച്ച് നിഷിദ്ധകൃത്യം പ്രവർത്തിക്കുകയും ചെയ്യുന്നുവോ?!'

فَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن قَالُوا۟ ٱئْتِنَا بِعَذَابِ ٱللَّهِ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿٢٩﴾

അപ്പോൾ, അദ്ദേഹത്തിന്റെ ജനതയുടെ മറുപടി, 'നീ സത്യവാദികളിൽപെട്ടവനാണെങ്കിൽ അല്ലാഹുവിന്റെ ശിക്ഷ ഞങ്ങൾക്ക് കൊണ്ടു വാ!' എന്ന് പറഞ്ഞതല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല

﴿28﴾ وَلُوطًا ലൂത്വിനെയും إِذْقَالَ അദ്ദേഹം പറഞ്ഞ സന്ദർഭം, പറഞ്ഞപ്പോൾ لِقَوْمِهِ തന്റെ ജനതയോട് إِنَّكُمْ لَتَأْتُونَ നിശ്ചയമായും നിങ്ങൾ കൊണ്ടുവരുന്നു (പ്രവർത്തിക്കുന്നു) الْفَاحِشَةَ നീചവൃത്തി مَاسَبَقَكُمْ നിങ്ങൾക്ക് മുൻകടന്നിട്ടില്ല (മുമ്പ് ചെയ്തിട്ടില്ല) بِهَا അതുകൊണ്ട് مِنْ أَحَدٍ ഒരാളും തന്നെ مِنَ الْعَالَمِينَ ലോകരിൽനിന്ന്

﴾29﴿ أَئِنَّكُمْ لَتَأْتُونَ നിങ്ങൾ ചെല്ലുക തന്നെ ചെയ്യുകയോ الرِّجَالَ പുരുഷൻമാരുടെ അടുക്കൽ وَتَقْطَعُونَ നിങ്ങൾ മുറിക്കുകയും (തടസ്സമുണ്ടാക്കുകയും) السَّبِيلَ വഴി, മാർഗം وَتَأْتُونَ നിങ്ങൾ കൊണ്ടുവരികയും فِي نَادِيكُمُ നിങ്ങളുടെ സദസ്സിൽ, സഭയിൽ الْمُنكَرَ ദുരാചാരം, നിഷിദ്ധം فَمَا كَانَ അപ്പോൾ ആയിരുന്നില്ല جَوَابَ قَوْمِهِ അദ്ദേഹത്തിന്റെ ജനതയുടെ മറുപടി إِلَّا أَن قَالُوا അവർ പറഞ്ഞതല്ലാതെ ائْتِنَا നീ ഞങ്ങൾക്ക് കൊണ്ടുവാ بِعَذَابِ اللَّهِ അല്ലാഹുവിന്റെ ശിക്ഷയെ إِن كُنتَ നീ ആണെങ്കിൽ مِنَ الصَّادِقِينَ സത്യവാൻമാരിൽ പെട്ടവൻ

മൂന്ന് കാര്യങ്ങളെക്കുറിച്ചാണ് ലൂത്വ് നബി (അ) അങ്ങേഅറ്റത്തെ അറപ്പോടും, വെറുപ്പോടുംകൂടി അദ്ദേഹത്തിന്റെ ജനതയെ ആക്ഷേപിക്കുന്നത്:

1. സ്ത്രീകൾക്ക് പകരം പുരുഷൻമാരെ കാമനിവാരണ മാർഗമായി സ്വീകരിച്ചത്. പ്രകൃതിവിരുദ്ധവും, തികച്ചും മൃഗീയവുമായ ഈ നിചകൃത്യം ആദ്യമായി സ്വീകരിച്ചത് അവരായിരുന്നു. അവരുടെ മുമ്പ് ആരും പ്രവർത്തിക്കാത്ത ആ നീചവൃത്തി അവരിൽ സർവ്വത്ര പടർന്നു പിടിച്ചിരുന്നു. മാനമര്യാദയോ, മനുഷ്യസഹജമായ ലജ്ജാശീലമോ അവരെ തടഞ്ഞിരുന്നില്ല. നീചവും നികൃഷ്ടവുമായ ഈ ഏർപ്പാട് ആദ്യമായി നടപ്പാക്കിയവരെന്ന നിലക്ക് ലോകാവസാനംവരെ ആ കൃത്യത്തിന് മുതിരുന്ന ആളുകൾക്കുണ്ടാകുന്ന കുറ്റങ്ങളിൽ അവർക്കും തുല്യപങ്കുണ്ടായിരിക്കും. معاذ الله

2. വഴിമുറിക്കൽ, അഥവാ വഴിപോക്കരായ ആളുകളെ ,സൈ്വര്യസഞ്ചാരത്തിനനുവദിക്കാതെ, അവരുടെ ദേഹത്തിനും, ധനത്തിനും, മാനത്തിനും ഭംഗം വരുത്തുന്ന അക്രമങ്ങൾ നടത്തുക.

3. സദസ്സുകളിൽ– ആളുകൾ കൂടിയ സ്ഥലങ്ങളിൽ– വെച്ച് ദുരാചാരങ്ങളും, നിഷിദ്ധങ്ങളുമായ കൃത്യങ്ങൾ ചെയ്യുക.

അസഭ്യമായ വാക്കും ഭാഷയും ഉപയോഗിക്കൽ, പരസ്യമായി പുരുഷഭോഗം നടത്തൽ, അനിയന്ത്രിതമായി ചിരിച്ചുപുളച്ചും, ബഹളംകൂട്ടിയുംകൊണ്ടിരിക്കൽ, ആട്, കോഴി തുടങ്ങിയ ജന്തുക്കൾക്കിടയിൽ പന്തയപരീക്ഷകൾ നടത്തൽ, വൃഥാ കൂക്കും വിളിയുമുണ്ടാക്കൽ എന്നിങ്ങനെ പലതരം ദുർന്നടപ്പുകളും ആ ജനങ്ങൾക്കിടയിൽ പതിവായിരുന്നുവെന്നാണ് പല നിവേദനങ്ങളിൽ നിന്നുമായി മനസ്സിലാക്കാൻ കഴിയുന്നത്. നിവേദനങ്ങൾ വെവ്വേറെ പരിശോധിക്കുമ്പോൾ പലതും വിമർശനാർഹമായിരിക്കാമെങ്കിലും, ക്വുർആൻ അവരെ സംബന്ധിച്ച് ചെയ്യുന്ന പ്രസ്താവനകൾ വെച്ച് നോക്കുമ്പോൾ അത്തരം സ്വഭാവങ്ങൾ അവരിൽ ഉണ്ടായിരിക്കുകയെന്നത് ഒട്ടും അസംഭവ്യമായി തോന്നുന്നില്ല. *(*)* الله اعلم

(*) നമ്മുടെ രാജ്യങ്ങളിൽ ഇന്ന് –പരിഷ്കാരത്തിന്റെയും ഉൽബുദ്ധതയുടെയും ഉച്ചകോടിയിൽ മനുഷ്യൻ എത്തിയിരിക്കുന്നുവെന്ന് ഘോഷിക്കപ്പെടുന്ന ഇക്കാലത്ത് –അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും, പുരോഗമനത്തിന്റെയും പേരിൽ–നടമാടിക്കൊണ്ടിരിക്കുന്ന പല പേക്കൂത്തുകളും, അച്ചടക്കരാഹിത്യവും, ധാർമിക അരാജകത്വവും, മാനുഷിക മൂല്യങ്ങളുടെ നേരെയുള്ള പരിഹാസവും കാണുമ്പോൾ, ഏറക്കുറെ ▶▶ ▶▶ നാലായിരം കൊല്ലം

ഇമാം തിർമദീ (റ) മുതലായവർ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥിൽ ഉമ്മുഹാനീ (ام هانئ بنت ابي طالب - رض) ഇപ്രകാരം പറയുന്നു: 'ഞാൻ റസൂൽ തിരുമേനിﷺയോട് وَتَأْتُونَ فِي نَادِيكُمُ الْمُنكَرَ (നിങ്ങൾ നിങ്ങളുടെ സദസ്സിൽവെച്ച് നിഷിദ്ധകൃത്യം പ്രവർത്തിക്കുന്നു) എന്ന വാക്യത്തെക്കുറിച്ച് ചോദിച്ചു. തിരുമേനി പറഞ്ഞു: 'അവർ വഴിയിൽ ഇരുന്നു ജനങ്ങളെ ചരൽക്കല്ലെടുത്തു എറിയുകയും, പരിഹസിക്കുകയും ചെയ്തിരുന്നു.' (والطبراني الترمذى واحمد والبيهقى)

മനുഷ്യന്റെ ധിക്കാരവും, നിഷിദ്ധബുദ്ധിയും മുഴുത്തുകഴിഞ്ഞാൽ പിന്നെ അവനെ ഉപദേശിക്കുന്നവരുടെ നേരെയും അതേ നിലതന്നെ അവൻ കൈകൊള്ളും. ഭവിഷ്യത്തുകളെ പ്പറ്റി അവൻ ചിന്തിക്കുകയില്ല. ചിന്തിച്ചിട്ട് ഫലമില്ലാതാകുന്ന സമയത്തേ അവന് ബോധം വരികയുള്ളൂ. ലൂത്വ് നബി (അ)യുടെ ഉപദേശങ്ങൾക്കും താക്കീതിനും ആ ജനത കൊടുത്ത മറുപടിയുടെ രത്നച്ചുരുക്കമാണ് അല്ലാഹു ഇവിടെ ഉദ്ധരിച്ചത്: 'നീ സത്യവാദിയാണെങ്കിൽ അല്ലാഹുവിന്റെ ശിക്ഷ തങ്ങൾക്ക് കൊണ്ടുവാ' എന്ന്! എനി, ലൂത്വ് (അ) അല്ലാഹുവിന്റെ മുമ്പിൽ സങ്കടം ബോധിപ്പിക്കുകയല്ലാതെ എന്ത് ചെയ്യാനാണ്?!

قَالَ رَبِّ ٱنصُرْنِى عَلَى ٱلْقَوْمِ ٱلْمُفْسِدِينَ ﴿٣٠﴾

《30》 അദ്ദേഹം പറഞ്ഞു: 'എന്റെ രക്ഷിതാവേ, (ഈ) നാശകാരികളായ ജനങ്ങളുടെ മേൽ എന്നെ നീ സഹായിക്കണേ!'

《30》 قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ انصُرْنِي എന്നെ നീ സഹായിക്കണേ عَلَى الْقَوْمِ ജനങ്ങളുടെ മേൽ الْمُفْسِدِينَ നാശകാരികളായ, കുഴപ്പക്കാരായ

അല്ലാഹു അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിച്ചു. അത് നടപ്പിൽ വരുത്തിയതെങ്ങിനെയാണെന്ന് തുടർന്നുള്ള ആയത്തുകളിൽ വിവരിക്കുന്നു:-

വിഭാഗം - 4

وَلَمَّا جَآءَتْ رُسُلُنَآ إِبْرَٰهِيمَ بِٱلْبُشْرَىٰ قَالُوٓا۟ إِنَّا مُهْلِكُوٓا۟ أَهْلِ

《31》 നമ്മുടെ ദൂതൻമാർ [മലക്കുകൾ] ഇബ്റാഹീമിന്റെ അടുക്കൽ സന്തോഷവാർത്തയും കൊണ്ടുവന്നപ്പോൾ അവർ പറഞ്ഞു: 'നിശ്ചയമായും, ഞങ്ങൾ ഈ രാജ്യക്കാരെ നശിപ്പിക്കുന്ന

മുമ്പുണ്ടായിരുന്ന ആ ജനതയുടെ മിക്ക സ്വഭാവങ്ങളും ഇന്നത്തെ ആളുകൾ മാതൃകയാക്കിയിരിക്കുകയാണെന്ന് തോന്നിപ്പോകുന്നു. നിലവിലുള്ള നിയമങ്ങളുടെ കുത്തഴവും, നേതാക്കളുടെയും, അധികാരസ്ഥൻമാരുടെയും കൊള്ളരുതായ്മയും കാരണം ദിനം പ്രതി സമുദായത്തിന്റെ സൈര്യ ജീവിതം കടങ്കഥയായി അവശേഷിപ്പിച്ചുകൊണ്ട് അതിദാരുണമായ ഒരാപൽഗർത്തത്തിലേക്ക് നാം നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് പറയേണ്ടിയിരിക്കുന്നു. അല്ലാഹു കാക്കട്ടെ, ആമീൻ.

هَٰذِهِ ٱلْقَرْيَةِ ۖ إِنَّ أَهْلَهَا كَانُوا۟ ظَٰلِمِينَ ﴿٣١﴾

വരാകുന്നു. (കാരണം) അതിലെ ആൾക്കാർ അക്രമകാരികളായി ത്തീർന്നിരിക്കുന്നു.'

《31》 وَلَمَّا جَاءَتْ വന്നപ്പോൾ رُسُلُنَا നമ്മുടെ ദൂതൻമാർ إِبْرَاهِيمَ ഇബ്റാഹീമിന്റെ അടുക്കൽ بِالْبُشْرَىٰ സന്തോഷവാർത്തയുംകൊണ്ട് قَالُوا അവർ പറഞ്ഞു إِنَّا مُهْلِكُو നിശ്ചയമായും ഞങ്ങൾ നശിപ്പിക്കുന്നവരാണ് أَهْلِ هَٰذِهِ الْقَرْيَةِ ഈ രാജ്യക്കാരെ إِنَّ أَهْلَهَا നിശ്ചയമമായും അതിലെ ആൾക്കാർ كَانُوا അവർ ആയിരിക്കുന്നു ظَالِمِينَ അക്രമികൾ

ഇബ്റാഹീം നബി (അ)ക്ക് അദ്ദേഹത്തിന്റെ വാർദ്ധക്യകാലത്ത് ഒരു പുത്രൻ (ഇസ്ഹാക്- അ) ജനിക്കുവാൻ പോകുന്നുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുവാൻ ചെന്ന ദൈവ ദൂതൻമാരായ മലക്കുകൾ, ആ കൃത്യം നിർവ്വഹിച്ചശേഷം, തങ്ങൾ ലൂത് നബി (അ)യുടെ രാജ്യം നശിപ്പിക്കുവാൻകൂടി നിയോഗിക്കപ്പെട്ടവരാണെന്ന് അദ്ദേഹത്തെ അറിയിച്ചു. (രണ്ട് പ്രവാചകൻമാരും രണ്ട് രാജ്യത്തായിരുന്നു താമസമുറപ്പിച്ചിരുന്നതെന്നും മറ്റുമുള്ള വിവരങ്ങൾ 6-ാം വ്യാഖ്യാനക്കുറിപ്പിൽ നാം വിവരിച്ചിട്ടുണ്ട്.)

قَالَ إِنَّ فِيهَا لُوطًا ۚ قَالُوا۟ نَحْنُ أَعْلَمُ بِمَن فِيهَا ۖ لَنُنَجِّيَنَّهُۥ وَأَهْلَهُۥٓ إِلَّا ٱمْرَأَتَهُۥ كَانَتْ مِنَ ٱلْغَٰبِرِينَ ﴿٣٢﴾

《32》 അദ്ദേഹം പറഞ്ഞു: 'അതിൽ ലൂത്ത് ഉണ്ടല്ലോ?!' അവർ പറഞ്ഞു: 'അതിലുള്ളവരെക്കുറിച്ച് ഞങ്ങൾ നല്ലവണ്ണം അറിയുന്നവരാണ്; അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ ഭാര്യ ഒഴികെയുള്ള വീട്ടുകാരെയും ഞങ്ങൾ രക്ഷപ്പെടുത്തുകതന്നെ ചെയ്യും. അവൾ അവശേഷിക്കുന്ന [ശിക്ഷയിൽ അകപ്പെടുന്ന]വരിൽ പെട്ടവളാകുന്നു.'

《32》 قَالَ അദ്ദേഹം പറഞ്ഞു إِنَّ فِيهَا നിശ്ചയമായും അതിലുണ്ട് لُوطًا ലൂത് قَالُوا അവർ പറഞ്ഞു نَحْنُ أَعْلَمُ ഞങ്ങൾ കൂടുതൽ (നല്ലവണ്ണം) അറിയുന്നവരാണ് بِمَنْ فِيهَا അതിലുള്ളവരെപ്പറ്റി لَنُنَجِّيَنَّهُ ഞങ്ങൾ അദ്ദേഹത്തെ രക്ഷപ്പെടുത്തുകതന്നെ ചെയ്യും وَأَهْلَهُ അദ്ദേഹത്തിന്റെ വീട്ടുകാരെയും, ആൾക്കാരെയും إِلَّا امْرَأَتَهُ അദ്ദേഹത്തിന്റെ സ്ത്രീ (ഭാര്യ) ഒഴികെ كَانَتْ അവൾ ആകുന്നു, ആയിരിക്കുന്നു مِنَ الْغَابِرِينَ അവശേഷിക്കുന്നവരിൽ, കഴിഞ്ഞുപോകുന്നവരിൽ, പിന്തി നിൽക്കുന്നവരിൽ

രാജ്യം ഒന്നാകെ നശിപ്പിക്കുവാൻ പോകുകയാണെന്ന വാർത്ത കേട്ടപ്പോൾ ഇബ്റാഹീം നബി (അ)ക്ക് ലൂത് നബി (അ)യുടെ കാര്യത്തിൽ ഉൽകണ്ഠ തോന്നുക സ്വാഭാവികമാണല്ലോ. അതുകൊണ്ടാണദ്ദേഹം അവരോട് 'അതിൽ ലൂത്വുണ്ടല്ലോ' എന്ന് പറയുന്നത്. ലൂത് നബി (അ)യുടെ ഭാര്യ ശത്രുപക്ഷക്കാരിയായിരുന്നുവെന്നും, അത് കൊണ്ടാണ് അദ്ദേഹത്തിന്റെ വീട്ടുകാരുടെ കൂട്ടത്തിൽ അവൾക്ക് രക്ഷ കിട്ടാതെ പോയതെന്നും നാം ഇതിന്

മുമ്പ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

وَلَمَّآ أَن جَآءَتْ رُسُلُنَا لُوطًا سِىٓءَ بِهِمْ وَضَاقَ بِهِمْ ذَرْعًا وَقَالُوا۟ لَا تَخَفْ وَلَا تَحْزَنْ ۖ إِنَّا مُنَجُّوكَ وَأَهْلَكَ إِلَّا ٱمْرَأَتَكَ كَانَتْ مِنَ ٱلْغَٰبِرِينَ ﴿٣٣﴾

《33》 നമ്മുടെ ദൂതൻമാർ ലൂത്വിന്റെ അടുക്കൽ വരുകയുണ്ടായപ്പോൾ, അവർ മൂലം അദ്ദേഹത്തിന് വ്യസനം പിടിപെടുകയും, അവരെ കൊണ്ട് മനസ്സ് മുട്ടുകയും ചെയ്തു. അവർ പറഞ്ഞു: 'താങ്കൾ പേടിക്കേണ്ട, വ്യസനിക്കുകയും വേണ്ട! താങ്കളെയും, താങ്കളുടെ ഭാര്യ ഒഴികെയുള്ള വീട്ടുകാരെയും ഞങ്ങൾ രക്ഷപ്പെടുത്തുന്നവരാകുന്നു. അവൾ അവശേഷിക്കുന്ന[ശിക്ഷയിൽ അകപ്പെടുന്ന]വരിൽ പെട്ടവളാകുന്നു.

إِنَّا مُنزِلُونَ عَلَىٰٓ أَهْلِ هَٰذِهِ ٱلْقَرْيَةِ رِجْزًا مِّنَ ٱلسَّمَآءِ بِمَا كَانُوا۟ يَفْسُقُونَ ﴿٣٤﴾

《34》 'ഈ രാജ്യക്കാർ തോന്നിവാസം പ്രവർത്തിച്ചുവരുന്നത് കൊണ്ട് ആകാശത്ത് നിന്ന് അവരുടെ മേൽ ഞങ്ങൾ ഒരു ആപത്ത് [ശിക്ഷ] ഇറക്കുന്നവരാണ്.'

وَلَقَد تَّرَكْنَا مِنْهَآ ءَايَةًۢ بَيِّنَةً لِّقَوْمٍ يَعْقِلُونَ ﴿٣٥﴾

《35》 മനസ്സിരുത്തുന്ന ജനങ്ങൾക്ക് അതിൽ [ആ രാജ്യത്തിൽ] നിന്ന് ഒരു വ്യക്തമായ ദൃഷ്ടാന്തം നാം തീർച്ചയായും ബാക്കിയാക്കി വെച്ചിട്ടുണ്ട്.

《33》 وَلَمَّاأَنْ جَاءَتْ വരികയുണ്ടായപ്പോൾ رُسُلُنَا നമ്മുടെ ദൂതൻമാർ لُوطًا ലൂത്വിന്റെ അടുക്കൽ سِيءَ അദ്ദേഹത്തിന് വ്യസനം (അനിഷ്ടം) പിടിപെട്ടു بِهِمْ അവർ മൂലം, അവരെ കൊണ്ട് وَضَاقَ ഇടുങ്ങുകയും ചെയ്തു بِهِمْ അവർ മൂലം ذَرْعًا മുഴക്കൈ [മനസ്സ്] وَقَالُوا അവർ പറഞ്ഞു لَاتَخَفْ താങ്കൾ പേടിക്കേണ്ട وَلَاتَحْزَنْ വ്യസനിക്കുകയും വേണ്ട إِنَّا നിശ്ചയമായും ഞങ്ങൾ مُنَجُّوكَ താങ്കളെ രക്ഷപ്പെടുത്തുന്നവരാണ് وَأَهْلَكَ താങ്കളുടെ വീട്ടുകാരെയും, കുടുംബത്തെയും إِلَّاامْرَأَتَكَ താങ്കളുടെ സ്ത്രീ (ഭാര്യ) ഒഴികെ كَانَتْ അവളാകുന്ന مِنَ الْغَابِرِينَ അവശേഷിക്കുന്നവരിൽ 《34》 إِنَّامُنْزِلُونَ നിശ്ചയമായും ഞങ്ങൾ ഇറക്കുന്നവരാണ് عَلَىٰأَهْلِ ആൾക്കാരുടെ മേൽ هَذِهِالْقَرْيَةِ ഈ രാജ്യത്തിന്റെ رِجْزًا ആപത്ത്, ശിക്ഷ

مِنَ السَّمَاءِ ആകാശത്ത് നിന്ന് بِمَا كَانُوا അവരായത് കൊണ്ട് يَفْسُقُونَ തോന്നിയവാസം (തെമ്മാടിത്തം) പ്രവർത്തിക്കുന്ന(വർ) ﴾35﴿ وَلَقَدْ تَرَكْنَا തീർച്ചയായും നാം ഒഴിവാക്കി (ബാക്കിയാക്കി)വെച്ചിട്ടുണ്ട് مِنْهَا അതിൽ നിന്ന്, അത് നിമിത്തം آيَةً بَيِّنَةً വ്യക്തമായ ഒരു ദൃഷ്ടാന്തം لِقَوْمٍ ഒരു ജനതക്ക് يَعْقِلُونَ മനസ്സിരുത്തുന്ന, ബുദ്ധികൊടുക്കുന്ന

ഇബ്റാഹീം നബി (അ)യുടെ അടുക്കൽ ചെന്ന ദൂതൻമാർ പിന്നീട് ലൂത്വ് നബി (അ)യുടെ അടുക്കൽ വന്നു. അതിസുന്ദരമായ മനുഷ്യരൂപത്തിലായിരുന്നു അവർ പ്രത്യക്ഷപ്പെട്ടത്. അവരെ കണ്ടപ്പോൾ തന്റെ നാട്ടുകാരായ തെമ്മാടികളുടെ നില ഓർത്തു അദ്ദേഹത്തിന് അസ്വാസ്ഥ്യം തോന്നി. അപ്പോഴാണ് അവർ തങ്ങളെക്കുറിച്ച് പരിചയപ്പെടുത്തുന്നത്. ലൂത്വ് നബി (അ)യുടെ രാജ്യക്കാർക്ക് പിണഞ്ഞ അതിഭയങ്കരമായ ശിക്ഷയെക്കുറിച്ച് അൻബിയാഉ്, 'ശുഅറാഉ്' മുതലായ സൂറത്തുകളിൽ വിവരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കേണ്ടതില്ല. അത് കേവലം ഒരു 'പൊട്ടിത്തെറിയായിരുന്നു' എന്ന് ചിലർ പറഞ്ഞുകാണുന്നത് ശരിയല്ലെന്ന് ആ സംഭവത്തെക്കുറിച്ച് അല്ലാഹു പ്രസ്താവിച്ചിട്ടുള്ള വാക്യങ്ങൾ പരിശോധിച്ചാൽ ആർക്കും അറിയാവുന്നതാണ്. 34-ാം വചനവും ഇതിന് തെളിവാകുന്നു.

ضَاقَ ذَرْعًا എന്ന വാക്കിനാണ് 'മനസ്സ് മുട്ടി' എന്ന് സാരാർത്ഥം കൊടുത്തത്. 'മുഴുങ്കൈ ഇടുങ്ങി' എന്നും മറ്റുമാണതിന് വാക്കർത്ഥം നൽകേണ്ടത്. 'ബുദ്ധിമുട്ടി, കഴിവില്ലാതെ കുഴങ്ങി' എന്നിങ്ങനെയുള്ള ഉദ്ദേശ്യത്തിലാണ് ആ വാക്ക് അറബിയിൽ പ്രയോഗിക്കപ്പെടാറുള്ളത്. നേരെമറിച്ച് 'കഴിവുണ്ടായി, സാധ്യമായി' എന്നിങ്ങനെയുള്ള ഉദ്ദേശ്യത്തിൽ طال ذرعا (മുഴുങ്കൈ നീണ്ടു) എന്നും ഉപയോഗിക്കപ്പെടാറുണ്ട്.

وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا فَقَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ وَٱرْجُوا۟ ٱلْيَوْمَ ٱلْءَاخِرَ وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ﴿٣٦﴾

﴾36﴿ മദ്‌യനിലേക്ക് അവരുടെ [മദ്‌യൻകാരുടെ] സഹോദരൻ ശുഅയ്ബിനെയും അയച്ചു. എന്നിട്ട്, അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും, അന്ത്യദിനത്തെ പ്രതീക്ഷിക്കുക (അഥവാ ഭയപ്പെടുക)യും ചെയ്യുവിൻ! നിങ്ങൾ നാശകാരികളായിക്കൊണ്ട് നാട്ടിൽ കുഴപ്പമുണ്ടാക്കരുത്.'

فَكَذَّبُوهُ فَأَخَذَتْهُمُ ٱلرَّجْفَةُ فَأَصْبَحُوا۟ فِى دَارِهِمْ جَٰثِمِينَ ﴿٣٧﴾

﴾37﴿ അപ്പോൾ, അവർ അദ്ദേഹത്തെ വ്യാജമാക്കി: അതിനാൽ അവരെ കഠിനകമ്പനം പിടികൂടി; അങ്ങനെ, അവർ തങ്ങളുടെ വസതികളിൽ ചത്തൊടുങ്ങിയവരായി.

﴾36﴿ وَإِلَىٰ مَدْيَنَ മദ്‌യനിലേക്ക് أَخَاهُمْ شُعَيْبًا അവരുടെ സഹോദരൻ ശുഅയ്ബിനെയും فَقَالَ എന്നിട്ട് അദ്ദേഹം പറഞ്ഞു يَا قَوْمِ എന്റെ ജനങ്ങളേ اعْبُدُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ وَارْجُوا നിങ്ങൾ പ്രതീക്ഷിക്കുകയും, (ഭയപ്പെടുകയും) ചെയ്യുവിൻ الْيَوْمَ الْآخِرَ അന്ത്യദിനത്തെ وَلَا تَعْثَوْا നിങ്ങൾ കുഴപ്പമുണ്ടാക്കരുത് فِي الْأَرْضِ ഭൂമിയിൽ (നാട്ടിൽ) مُفْسِدِينَ നാശകാരികളായിക്കൊണ്ട് ﴾37﴿ فَكَذَّبُوهُ എന്നിട്ട് അദ്ദേഹത്തെ അവർ വ്യാജമാക്കി فَأَخَذَتْهُمُ അപ്പോൾ അവർക്ക് പിടിപെട്ടു الرَّجْفَةُ കഠിനകമ്പനം (കുലുക്കം) فَأَصْبَحُوا അങ്ങനെ അവരായി, രാവിലെയായി فِي دَارِهِمْ അവരുടെ പാർപ്പിടത്തിൽ (വസതികളിൽ) جَاثِمِينَ ചത്തൊടുങ്ങിയവരായി, ഭൂമിയിലമർന്നവരായി

ഈ സംഭവവും, ആദ്– ഥമൂദിന്റെ കഥയും ഇതിന് മുമ്പ് നാം വിവരിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ സൂറത്തിൽ അതെല്ലാം അല്ലാഹു വളരെ ചുരുക്കത്തിൽ ഓർമിപ്പിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്

وَعَادًا وَثَمُودَا۟ وَقَد تَّبَيَّنَ لَكُم مِّن مَّسَٰكِنِهِمْ ۖ وَزَيَّنَ لَهُمُ ٱلشَّيْطَٰنُ أَعْمَٰلَهُمْ فَصَدَّهُمْ عَنِ ٱلسَّبِيلِ وَكَانُوا۟ مُسْتَبْصِرِينَ ﴿٣٨﴾

﴾38﴿ ആദിനെയും, ഥമൂദിനെയും (നശിപ്പിക്കുകയുണ്ടായി); അവരുടെ വാസസ്ഥലങ്ങളിൽനിന്ന് നിങ്ങൾക്കത് വ്യക്തമായിട്ടുമുണ്ട്, തങ്ങളുടെ പ്രവൃത്തികളെ പിശാച് അവർക്ക് ഭംഗിയാക്കിക്കൊടുക്കുകയും, അങ്ങനെ (ശരിയായ) മാർഗത്തിൽനിന്ന് അവൻ അവരെ തടയുകയും ചെയ്തു. അവർ കണ്ടറിയാവുന്നവരായിരുന്നുതാനും. (പക്ഷേ, അവരത് ചെയ്തില്ല.)

﴾38﴿ وَعَادًا ആദിനെയും وَثَمُودَ ഥമൂദിനെയും وَقَدْ تَبَيَّنَ അത് വ്യക്തമായിട്ടുമുണ്ട് لَكُمْ നിങ്ങൾക്ക് مِنْ مَسَاكِنِهِمْ അവരുടെ വാസസ്ഥലങ്ങളിൽനിന്ന് وَزَيَّنَ لَهُمُ അവർക്ക് ഭംഗിയാക്കിക്കൊടുത്തു الشَّيْطَانُ പിശാച് أَعْمَالَهُمْ അവരുടെ പ്രവൃത്തികളെ, കർമങ്ങളെ فَصَدَّهُمْ അങ്ങനെ അവൻ അവരെ തടഞ്ഞു, തിരിച്ചു عَنِ السَّبِيلِ മാർഗത്തിൽനിന്ന് وَكَانُوا അവരായിരുന്നുതാനും مُسْتَبْصِرِينَ കണ്ടറിയുന്നവർ.

ആദിന്റെ വാസസ്ഥലം യമനിലും, ഥമൂദിന്റെത് ഹിജ്‌റിലും ആയിരുന്നു. *(*)* രണ്ട്സ്ഥലങ്ങളിലും അവരവരുടെ അവശിഷ്ടങ്ങൾ അറബികൾക്ക് കണ്ട് മനസ്സിലാക്കുവാൻ സാധിച്ചിരുന്നു.

وَقَٰرُونَ وَفِرْعَوْنَ وَهَٰمَٰنَ ۖ

﴾39﴿ ഖാറൂനെയും, ഫിർഔനെയും, ഹാമാനെയും (നശിപ്പിച്ചു.)

(*) പടം 8 നോക്കുക

وَلَقَدْ جَآءَهُم مُّوسَىٰ بِٱلْبَيِّنَٰتِ فَٱسْتَكْبَرُوا۟ فِى ٱلْأَرْضِ وَمَا كَانُوا۟ سَٰبِقِينَ ﴿٣٩﴾

മൂസാ അവർക്ക് തെളിവുകളുമായി വരികയുണ്ടായി; അപ്പോൾ അവർ നാട്ടിൽ അഹംഭാവം നടിച്ചു. അവർ (നമ്മെ) തോല്പിച്ചു മുൻകടന്നുപോകുന്നവരായിരുന്നില്ല.

فَكُلًّا أَخَذْنَا بِذَنۢبِهِۦ ۖ فَمِنْهُم مَّنْ أَرْسَلْنَا عَلَيْهِ حَاصِبًا وَمِنْهُم مَّنْ أَخَذَتْهُ ٱلصَّيْحَةُ وَمِنْهُم مَّنْ خَسَفْنَا بِهِ ٱلْأَرْضَ وَمِنْهُم مَّنْ أَغْرَقْنَا ۚ وَمَا كَانَ ٱللَّهُ لِيَظْلِمَهُمْ وَلَٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿٤٠﴾

《40》 അതിനാൽ, എല്ലാവരെയും അവനവന്റെ കുറ്റത്തിന് നാം പിടിച്ചു (ശിക്ഷിച്ചു). അങ്ങനെ, നാം ചരൽക്കാറ്റ് അയച്ചിട്ടുള്ളവർ അവരിലുണ്ട്; ഘോരശബ്ദം പിടിപെട്ടവരും അവരിലുണ്ട്; നാം ഭൂമിയിൽ ആഴ്ത്തിയവരും അവരിലുണ്ട്; നാം (വെള്ളത്തിൽ) മുക്കി നശിപ്പിച്ചവരും അവരിലുണ്ട്. അല്ലാഹു അവരോട് അക്രമം ചെയ്യുകയായിരുന്നില്ല; പക്ഷേ, അവർ തങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കുകയായിരുന്നു ചെയ്തത്.

《39》 وَقَارُونَ ക്വാറൂനെയും وَفِرْعَوْنَ ഫിർഔനെയും وَهَامَانَ ഹാമാനെയും وَلَقَدْ جَاءَهُمْ തീർച്ചയായും അവർക്ക് വരികയുണ്ടായി مُوسَى മൂസാ بِالْبَيِّنَاتِ തെളിവുകളും കൊണ്ട് فَاسْتَكْبَرُوا എന്നിട്ട് അവർ അഹംഭാവം നടിച്ചു فِي الْأَرْضِ ഭൂമിയിൽ, നാട്ടിൽ وَمَا كَانُوا അവരായിരുന്നില്ല سَابِقِينَ മുൻകടക്കുന്നവർ, കവച്ചുവെക്കുന്നവർ 《40》 فَكُلًّا അതിനാൽ എല്ലാവരെയും أَخَذْنَا നാം പിടിച്ചു, പിടികൂടി بِذَنْبِهِ അവനവന്റെ കുറ്റത്തിന്, പാപത്തിന് فَمِنْهُمْ അങ്ങനെ അവരിലുണ്ട് مَنْ ഒരു കൂട്ടർ أَرْسَلْنَا عَلَيْهِ അവരിൽ നാം അയച്ചു حَاصِبًا ചരൽകാറ്റ് وَمِنْهُمْ അവരിലുണ്ട് مَنْ ഒരു കൂട്ടരും أَخَذَتْهُ അവർക്ക് പിടിപെട്ടു الصَّيْحَةُ ഘോരശബ്ദം, അട്ടഹാസം وَمِنْهُمْ അവരിലുണ്ട് مَنْ ഒരു കൂട്ടരും خَسَفْنَا بِهِ അ വരെ നാം ആഴ്ത്തി الْأَرْضَ ഭൂമിയിൽ, ഭൂമിയെ وَمِنْهُمْ അവരിലുണ്ട് مَنْ أَغْرَقْنَا നാം മുക്കിനശിപ്പിച്ചവരും وَمَا كَانَ اللَّهُ അല്ലാഹു അല്ല, ആയിരുന്നില്ല لِيَظْلِمَهُمْ അവരെ അക്രമിക്കുക, അക്രമിക്കുവാൻ (തയ്യാർ) وَلَكِنْ كَانُوا എങ്കിലും അവരായിരുന്നു أَنْفُسَهُمْ അവരോട് തന്നെ, തങ്ങളുടെ ആത്മാക്കളെ يَظْلِمُونَ അക്രമം ചെയ്യുക, അനീതി ചെയ്യുന്നവ(ർ)

അല്ലാഹുവിന്റെ ആജ്ഞകളെ ധിക്കരിക്കുകയും, നബിമാരെ നിഷേധിക്കുകയും ചെയ്തവർ ഈ ലോകത്ത് വെച്ച് അനുഭവിക്കേണ്ടിവന്ന നാലുതരം ശിക്ഷകളെയാണ് അല്ലാഹു ഇവിടെ എടുത്തുപറഞ്ഞത്:

1) ചരൽക്കാറ്റ്: ലൂത്വ് നബി (അ)യുടെ രാജ്യം അടിമേലായി മറിക്കപ്പെടുന്നതിനുമുമ്പ് അവിടെ അതിഭയങ്കരമായ ചരൽക്കാറ്റടിക്കുകയുണ്ടായി.

2) ഘോരശബ്ദം: മദ്‌യൻ നിവാസികൾക്കും, ഥമൂദ് ഗോത്രത്തിനും ബാധിച്ച ശിക്ഷ ഇതായിരുന്നു.

3) ഭൂമിയിൽ ആഴ്ത്തുക: ക്വാറൂനും അവന്റെ വസതിയും ഭൂമിയിൽ ആഴ്ത്തപ്പെട്ട സംഭവം കഴിഞ്ഞ സൂറത്തിൽ പ്രസ്താവിക്കുകയുണ്ടായി.

4) മുക്കി നശിപ്പിക്കൽ: നൂഹ് നബി (അ)യുടെ ജനത ജലപ്രളയത്തിലും, ഫിർഔനും സൈന്യവും ചെങ്കടലിലും മുക്കിനശിപ്പിക്കപ്പെട്ടു.

مَثَلُ ٱلَّذِينَ ٱتَّخَذُواْ مِن دُونِ ٱللَّهِ أَوْلِيَآءَ كَمَثَلِ ٱلْعَنكَبُوتِ ٱتَّخَذَتْ بَيْتًا ۖ وَإِنَّ أَوْهَنَ ٱلْبُيُوتِ لَبَيْتُ ٱلْعَنكَبُوتِ ۖ لَوْ كَانُواْ يَعْلَمُونَ ﴿٤١﴾

﴾41﴿ അല്ലാഹുവിന് പുറമെ (ഏതെങ്കിലും) രക്ഷകർത്താക്കളെ സ്വീകരിച്ചിട്ടുള്ളവരുടെ ഉപമ, (വലകെട്ടി) വീടുണ്ടാക്കിയ എട്ടുകാലിയുടെ മാതിരിയാകുന്നു. വീടുകളിൽ വെച്ച് ഏറ്റവും ദുർബ്ബലമായത് എട്ടുകാലിയുടെ വീട് തന്നെ, അവർക്ക് അറിയാമായിരുന്നെങ്കിൽ!

﴾41﴿ مَثَلُ ഉപമ الَّذِينَ اتَّخَذُوا സ്വീകരിച്ചവരുടെ مِنْ دُونِ اللَّهِ അല്ലാഹുവിന് പുറമെ أَوْلِيَاءَ രക്ഷകർത്താക്കളെ, കാര്യകർത്താക്കളെ كَمَثَلِ الْعَنْكَبُوتِ എട്ടുകാലിയുടെ മാതിരി യാണ് اتَّخَذَتْ ഉണ്ടാക്കിയ بَيْتًا വീട് وَإِنَّ أَوْهَنَ الْبُيُوتِ നിശ്ചയമായും വീടുകളിൽ ഏറ്റവും ദുർബ്ബലമായത് لَبَيْتُ الْعَنْكَبُوتِ എട്ടുകാലിയുടെ വീട് തന്നെ لَوْ كَانُوا അവരായിരുന്നെങ്കിൽ يَعْلَمُونَ അറിയും.

എട്ടുകാലിയുടെ വീടാകുന്ന വലയുടെ ദൗർബ്ബല്യത്തെപ്പറ്റി ആർക്കും അറിയാവുന്നതാണ്. ചൂടോ, തണുപ്പോ, മഴയോ, വെയിലോ, കാറ്റോ ഒന്നുംതന്നെ തടുക്കുവാൻ അത് പര്യാപ്തമല്ല. കാറ്റോ, മറ്റേതെങ്കിലും വസ്തുക്കളോ അതിനെ സ്പർശിക്കുമ്പോഴേക്കും അത് കേട്‌വന്നു പോകയും ചെയ്യും. ഇതുപോലെത്തന്നെയാണ് അല്ലാഹു അല്ലാത്തവരെ രക്ഷകർത്താക്കളായി സ്വീകരിക്കുകയും, അവരെ ആരാധിക്കുകയും, അവരോട് പ്രാർത്ഥിക്കുകയും, അവർക്ക് നേർച്ചവഴിപാടുകൾ നടത്തുകയും ചെയ്യുന്നവരുടെ സ്ഥിതിയും. യാതൊരു രക്ഷയും സഹായവും അത്മൂലം അവർക്ക് ലഭിക്കുവാനില്ല. ഒന്നിനെയും ഇതിൽനിന്ന് ഒഴിവാക്കാനുമില്ല. കാരണം:

إِنَّ ٱللَّهَ يَعۡلَمُ مَا يَدۡعُونَ مِن دُونِهِۦ مِن شَيۡءٖۚ وَهُوَ ٱلۡعَزِيزُ ٱلۡحَكِيمُ ﴿٤٢﴾

﴿42﴾ നിശ്ചയമായും, തനിക്ക് പുറമെ അവർ വിളി(ച്ചു പ്രാർത്ഥി)ക്കുന്ന ഏതൊരു വസ്തുവിനെയും അല്ലാഹു അറിയുന്നു. പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവൻ അവനത്രെ.

﴿42﴾ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു يَعْلَمُ അവൻ അറിയും, അറിയുന്നു مَا يَدْعُونَ അവർ വിളിക്കുന്നതിനെ, പ്രാർത്ഥിക്കുന്നത് مِن دُونِهِ അവന് പുറമെ مِن شَيْءٍ ഏതൊരു വസ്തുവെയും وَهُوَ അവൻ, അവനത്രെ الْعَزِيزُ പ്രതാപശാലി الْحَكِيمُ അഗാധജ്ഞൻ

അവർ രക്ഷകർത്താക്കളായി ഗണിച്ചു വരുന്നവർ ആരാവട്ടെ– വിഗ്രഹങ്ങളോ, ദേവീദേവൻമാരോ, മനുഷ്യരോ, മലക്കുകളോ, മഹാത്മാക്കളോ ആരായാലും ശരി– ഓരോരുത്തനെക്കുറിച്ചും, അവരുടെ എല്ലാ സ്ഥിതിഗതികളെക്കുറിച്ചും അല്ലാഹുവിന് നല്ലപോലെ അറിയാം. അവർക്കാർക്കും തന്നെ സ്വന്തം നിലക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവില്ലെന്നും അവന് പരിപൂർണമായും അറിയാം. അതുകൊണ്ട് തന്നെയാണ് ഈ ഉപമയിൽനിന്ന് ഒരാളെയും ഒഴിവാക്കുവാനില്ലാതിരുന്നതും. ഇതും, ഇത്പോലെ ക്വുർആനിൽ കാണുന്ന മറ്റ് ഉപമകളും ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:-

وَتِلۡكَ ٱلۡأَمۡثَٰلُ نَضۡرِبُهَا لِلنَّاسِۖ وَمَا يَعۡقِلُهَآ إِلَّا ٱلۡعَٰلِمُونَ ﴿٤٣﴾

﴿43﴾ ആ ഉപമകൾ (എല്ലാംതന്നെ) നാം മനുഷ്യർക്ക് വേണ്ടി വിവരിക്കുകയാണ്. അറിവുള്ളവരല്ലാതെ അവയെ (ചിന്തിച്ചു) മനസ്സിലാക്കുകയില്ല.

خَلَقَ ٱللَّهُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَ بِٱلۡحَقِّۚ إِنَّ فِي ذَٰلِكَ لَأٓيَةٗ لِّلۡمُؤۡمِنِينَ ﴿٤٤﴾

﴿44﴾ ആകാശങ്ങളെയും, ഭൂമിയെയും അല്ലാഹു മുറപ്രകാരം സൃഷ്ടിച്ചിരിക്കുന്നു. നിശ്ചയമായും അതിൽ സത്യവിശ്വാസികൾക്ക് ദൃഷ്ടാന്തമുണ്ട്.

﴿43﴾ وَتِلْكَ الأَمْثَالُ ആ ഉദാഹരണങ്ങൾ نَضْرِبُهَا നാം അവയെ വിവരിക്കുന്നു, ഏർപ്പെടുത്തുന്നു لِلنَّاسِ മനുഷ്യർക്ക് وَمَا يَعْقِلُهَا അവയെ മനസ്സിലാക്കുകയില്ല, ഗ്രഹിക്കുകയില്ല إِلا الْعَالِمُونَ അറിവുള്ളവരല്ലാതെ, ജ്ഞാനികളല്ലാതെ ﴿44﴾ خَلَقَ اللَّهُ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു السَّمَاوَاتِ ആകാശങ്ങളെ وَالأَرْضَ ഭൂമിയെയും بِالْحَقِّ മുറപ്രകാരം, ന്യായപ്രകാരം, യഥാർത്ഥമനുസരിച്ച് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لآيَةً ദൃഷ്ടാന്തം لِلْمُؤْمِنِينَ സത്യവിശ്വാസികൾക്ക്

ഓരോന്നും അതതിന്റെ ചിട്ടയും, ക്രമവും അനുസരിച്ച് –നീക്ക്പോക്കും, ഏറ്റക്കുറവും കൂടാതെ– യുക്തവും ലക്ഷ്യപൂർണവുമായ വിധത്തിൽ സൃഷ്ടിച്ചിട്ടുള്ളതിനെ ഉദ്ദേശിച്ചാണ് 'മുറപ്രകാരം സൃഷ്ടിച്ചു' എന്ന് പറഞ്ഞിരിക്കുന്നത്.

'ചാണകം ഒട്ടകത്തെയും, കാൽപാടുകൾ നടന്നുപോയതിനെയും കുറിക്കുന്നു' (**البعرة تدل على البعير واثار الاقدام تدل على المسير**) എന്ന് അറബിയിൽ ഒരു ഉപമ വാക്യമുണ്ട്. അത്പോലെ ഈ ലോകത്തിലെ ഓരോ മണൽതരിയിലും, അതിന്റെ സ്രഷ്ടാവിന്റെ സൃഷ്ടി വൈഭവത്തിനും, അപാരമായ കഴിവിനും മതിയായ ദൃഷ്ടാന്തങ്ങൾ അടങ്ങിയിരിക്കുന്നു. വിശ്വാസപൂർവ്വം ചിന്തിക്കുന്നവർക്കെല്ലാം കണ്ടറിയാവുന്ന ഒരു പരമാർത്ഥമത്രെ അത്.

വിഭാഗം – 5

اَتْلُ مَآ أُوحِىَ إِلَيْكَ مِنَ ٱلْكِتَٰبِ وَأَقِمِ ٱلصَّلَوٰةَ ۖ إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ ۗ وَلَذِكْرُ ٱللَّهِ أَكْبَرُ ۗ وَٱللَّهُ يَعْلَمُ مَا تَصْنَعُونَ ﴿٤٥﴾

《45》 (നബിയേ) വേദഗ്രന്ഥത്തിൽനിന്ന് നിനക്ക് 'വഹ്‌യ്' [ബോധനം] നൽകപ്പെട്ടിട്ടുള്ളത് നീ പാരായണം ചെയ്യുക. നമസ്കാരം നിലനിറുത്തുകയും ചെയ്യുക; നിശ്ചയമായും നമസ്കാരം, നീചവൃത്തിയിൽ നിന്നും, നിഷിദ്ധമായതിൽനിന്നും തടയുന്നു. അല്ലാഹുവിനെ ഓർമിക്കുന്നത് ഏറ്റവും വലിയ കാര്യം തന്നെ. നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു അറിയുന്നതാണ്.

《45》 اتْلُ നീ പാരായണം ചെയ്യുക, ഓതുക مَاأُوحِيَ വഹ്‌യ് നൽകപ്പെട്ടത് إِلَيْكَ നിനക്ക് مِنَ الْكِتَابِ വേദഗ്രന്ഥത്തിൽ നിന്ന്, വേദഗ്രന്ഥമായിട്ട് وَأَقِمِ الصَّلاَةَ നീ നമസ്കാരം നിലനിറുത്തുകയും ചെയ്യുക إِنَّ الصَّلاَةَ നിശ്ചയമായും നമസ്കാരം تَنْهَى തടയുന്നു, നിരോധിക്കുന്നു عَنِ الْفَحْشَاءِ നീചവൃത്തി (ദുഷ്പ്രവൃത്തി)യിൽ നിന്ന് وَالْمُنْكَرِ നിഷിദ്ധമായ (നികൃഷ്ടമായ– വെറുക്കപ്പെട്ട)തിൽനിന്നും وَلَذِكْرُ اللهِ അല്ലാഹുവിനെ ഓർമിക്കൽ, സ്മരിക്കൽ أَكْبَرُ ഏറ്റവും വലിയ (മഹത്തായ) കാര്യംതന്നെ وَاللهُ يَعْلَمُ അല്ലാഹു അറിയുന്നു مَاتَصْنَعُونَ നിങ്ങൾ പ്രവർത്തിക്കുന്നത്

വിശുദ്ധ ക്വുർആനാകുന്ന വേദഗ്രന്ഥം പാരായണം ചെയ്യാനും, നമസ്കാരം നിലനിറുത്തുവാനുമുള്ള ഈ കൽപന ബാഹ്യത്തിൽ നബിﷺയെ അഭിമുഖീകരിച്ചുകൊണ്ടുള്ളതാണെങ്കിലും, വാസ്തവത്തിൽ അത് നബിﷺക്ക് മാത്രം ബാധകമായതല്ല, എല്ലാവർക്കും ബാധകമായതാണ്. ക്വുർആൻ പാരായണം ചെയ്യുന്നത് സ്വയം തന്നെ ഒരു പുണ്യകർമമാകുന്നു. അതിലടങ്ങിയ തത്വങ്ങൾ, ദൃഷ്ടാന്തങ്ങൾ, നിയമനിർദ്ദേശങ്ങൾ ആദിയായ വശങ്ങൾ മനസ്സിലാക്കുകയും, അവയെക്കുറിച്ച് ചിന്തിക്കുകയുമാണ് വായനയുടെ ആവശ്യം. അത് പ്രവർത്ത

നത്തിലും, പ്രയോഗത്തിലും വരുത്തുകയാണ് അതിന്റെ പരമമായ ലക്ഷ്യം. നമസ്കാരം നിലനിറുത്തുവാൻ കൽപിച്ചതിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ അല്ലാഹുതന്നെ ഇവിടെ ഉണർത്തുന്നു. നീചവും നിഷിദ്ധവുമായ കാര്യങ്ങളിൽനിന്ന് നമസ്കാരം മനുഷ്യനെ തടയുന്നുവെന്നുള്ളതാണ് അതിലൊന്ന്. പക്ഷേ, നാമമാത്ര നമസ്കാരംകൊണ്ട് ഈ ഉദ്ദേശ്യം സാദ്ധ്യമാവുകയില്ല. അതുകൊണ്ടാണ് 'നമസ്കരിക്കണ'മെന്ന് പറഞ്ഞു മതിയാക്കാതെ 'നമസ്കാരം നിലനിറുത്തുക' (أَقِمِ الصَّلَاةَ) എന്ന് പറഞ്ഞിരിക്കുന്നത്. പതിവായും, കൃത്യമായും, പരിപൂർണമായും, ഹൃദയസാന്നിധ്യത്തോടും ഭക്തിയോട് കൂടിയും ആയിരിക്കണം നമസ്കാരം. എന്നാൽ മാത്രമേ നമസ്കാരം യഥാർത്ഥത്തിൽ നിലനിറുത്തലാവുകയുള്ളൂ. അല്ലാഹുവിനെ ഓർമിക്കുകയാണ് നമസ്കാരത്തിന്റെ മറ്റൊരു ഉദ്ദേശ്യം. 'അല്ലാഹുവിനെ ഓർമിക്കൽ ഏറ്റവും വലിയ കാര്യമാണ്' (وَلَذِكْرُ اللَّهِ أَكْبَرُ) എന്ന് തുടർന്നു പറഞ്ഞിട്ടുള്ളതിൽനിന്നും 'എന്നെ സ്മരിക്കുവാനായി നമസ്കാരം നിലനിറുത്തുക' (اقم الصلوة لذكرى) എന്ന് സൂ:ത്വാഹയിൽ മൂസാ നബി (അ)യോട് പറഞ്ഞിട്ടുള്ളതിൽനിന്നും മറ്റും ഇത് വ്യക്തമാണ്. നമസ്കാരത്തിൽ അടങ്ങിയിട്ടുള്ള ഓരോ ഘടകവും– വാക്ക് കൊണ്ടും പ്രവൃത്തികൊണ്ടും നിർവ്വഹിക്കുന്ന ഓരോ കർമവും– പരിശോധിച്ചാലും അവയെല്ലാം ഈ ഉദ്ദേശ്യലക്ഷ്യങ്ങളിൽ അധിഷ്ഠിതമാണെന്ന് കാണാം.

അപ്പോൾ, നമസ്കാരംകൊണ്ട് ഈ ഉദ്ദേശ്യങ്ങൾ– നീച, നികൃഷ്ടകൃത്യങ്ങളിൽനിന്ന് വിരമിക്കലും, അല്ലാഹുവിനെക്കുറിച്ചുള്ള ബോധം ഉണ്ടായിരിക്കലും– കൈവരുന്നില്ലെങ്കിൽ അതിന്റെ അർത്ഥം, നമസ്ക്കാരം അതിന്റെ യഥാർത്ഥരൂപത്തിലായിരുന്നില്ലെന്നതാകുന്നു. 'ഒരുവന്റെ നമസ്കാരം അവനെ നീചവൃത്തിയിൽനിന്നും, നിഷിദ്ധമായതിൽനിന്നും തടഞ്ഞില്ലെങ്കിൽ അവന്ന് നമസ്ക്കാരമില്ല' (من لم تنهه صلوته عن الفحشاء والمنكر فلاصلوة له - ابوحاتم وغيره) എന്ന ഹദീഥ് ഈ വസ്തുതയാണ് ചൂണ്ടിക്കാട്ടുന്നത്. ഈ ആയത്തിലെ അവസാനഭാഗവും ഇതിലേക്ക് സൂചന നൽകുന്നു: وَاللَّهُ يَعْلَمُ مَا تَصْنَعُونَ (നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു അറിയുന്നു.)

ذكر(ദിക്ർ) എന്ന വാക്കിന് 'സ്മരിക്കുക, നിരൂപിക്കുക, ഓർമിക്കുക, പറയുക, ധ്യാനിക്കുക എന്നിങ്ങനെ സന്ദർഭോചിതം പല അർത്ഥവും പറയാവുന്നതാണ്. 'അല്ലാഹുവിന്റെ ദിക്ർ' (ذِكْرُ الله) എന്ന് പറയുമ്പോൾ അതിൽ, മനസ്സ്കൊണ്ടും വാക്ക്കൊണ്ടും ഉണ്ടാകുന്ന ദിക്റുകൾ ഉൾപ്പെടുന്നു. അഥവാ, അല്ലാഹുവിന്റെ മഹൽ ഗുണങ്ങളെയും, സൃഷ്ടിമാഹാത്മ്യങ്ങളെയും കുറിച്ചുള്ള ചിന്താവിചാരങ്ങളും, അവനോടുള്ള മാനസികമായ ഭയഭക്തിയും, 'തസ്ബീഹ്, തഹ്‌ലീൽ, തക്ബീർ, ഹംദ്, ദുആ' *(*)* മുതലായ ധ്യാനവാക്യങ്ങളും– എല്ലാംതന്നെ–ദിക്റുകളാകുന്നു. വാഗ്മൂലമുള്ള ഈ ദിക്റുകൾക്കും ഹൃദയ സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണ്. അല്ലാഹു പ്രസ്താവിക്കുന്നതായി നബിﷺ ഇപ്രകാരം ഉദ്ധരിക്കുന്നു:–

أَنَا عِنْدَ ظَنِ عَبْدِي بِي وَأَنَا مَعَهُ إِذا ذَكَرَنِي فَإِنْ ذَكَرَنِي فِي نَفْسِهِ ذَكَرْتُهُ فِي نَفْسِي وَإِنْ ذَكَرَنِي فِي مَلإٍ ذَكَرْتُهُ فِي مَلإٍ خَيْرٍ مِنْهُمْ -متفق عليه

സാരം: എന്റെ അടിയാൻ എന്നെപ്പറ്റി വിചാരിക്കുന്നതിനനുസരിച്ചായിരിക്കും ഞാൻ. അവൻ എന്നെ ഓർക്കുമ്പോൾ ഞാൻ അവന്റെ കൂടെയുണ്ടായിരിക്കും. അവൻ സ്വയം (മനസ്സിൽ) എന്നെ ഓർത്താൽ ഞാൻ അവനെയും സ്വയം ഓർക്കും. ഒരു സംഘ

(*) التسبيح والتهليل والتكبير والحمد والدعاء

ത്തിൽവെച്ച് അവൻ എന്നെ ഓർത്താൽ (എന്നെക്കുറിച്ച് പ്രസ്താവിച്ചാൽ) അവരെക്കാൾ ഉത്തമമായ ഒരു സംഘത്തിൽവെച്ച് ഞാൻ അവനെയും ഓർക്കും (പ്രസ്താവിക്കും.) (ബു; മു.) 'എന്നെപ്പറ്റി വിചാരിക്കുന്നതിനനുസരിച്ചായിരിക്കും ഞാൻ' എന്ന് പറഞ്ഞിട്ടുള്ളത് വളരെ ശ്രദ്ധേയമാകുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിലും, കൃപാകടാക്ഷത്തിലും ഒരാൾക്ക് എത്രകണ്ട് ശുഭാപ്തിവിശ്വാസവും, സുപ്രതീക്ഷയും ഉണ്ടോ ആ തോതനുസരിച്ചായിരിക്കും അല്ലാഹു അവനോട് ഇടപെടുക എന്ന് താൽപര്യം. അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയനുസരിച്ചായിരിക്കും ഈ വിശ്വാസവും, പ്രതീക്ഷയും ഉണ്ടാവുക.

'കർമങ്ങളിൽവെച്ച് ഏതാണ് കൂടുതൽ ശ്രേഷ്ഠമായത്?' എന്ന് ഒരാൾ നബിﷺയോട് ചോദിച്ചപ്പോൾ അവിടുന്ന് ഇങ്ങനെ മറുപടി കൊടുക്കുകയുണ്ടായി: 'അല്ലാഹുവിന്റെ 'ദിക്ർ' നിമിത്തം നിന്റെ നാവ് നനഞ്ഞതായിക്കൊണ്ട്- നാവിനാൽ ദിക്ർ നടത്തിക്കൊണ്ടിരിക്കെ- നീ ഇഹലോകവുമായി പിരിഞ്ഞുപോകലാകുന്നു.

(ان تفارق الدنيا ولسانك رطب من ذكر الله-احمد والترمذى)

ولذكر الله اكبر (അല്ലാഹുവിന്റെ സ്മരണ ഏറ്റവും വലിയത് തന്നെ.) എന്ന വാക്യത്തെ ചിലർ വ്യാഖ്യാനിച്ചിട്ടുള്ളത് ഇപ്രകാരമാകുന്നു: അല്ലാഹു അവന്റെ കാരുണ്യവും, അനുഗ്രഹവും വഴി നിങ്ങളെ- മനുഷ്യരെ -സ്മരിക്കുന്നത്, നിങ്ങൾ അവനെ അനുസരണവും, കർമങ്ങളും വഴി സ്മരിക്കുന്നതിനെക്കാൾ എത്രയോ വമ്പിച്ചതും ശ്രേഷ്ഠമായതുമാകുന്നു. الله اعلم

ജുസ്ഉ് - 21

۞ وَلَا تُجَٰدِلُوٓاْ أَهۡلَ ٱلۡكِتَٰبِ إِلَّا بِٱلَّتِي هِيَ أَحۡسَنُ إِلَّا ٱلَّذِينَ ظَلَمُواْ مِنۡهُمۡۖ وَقُولُوٓاْ ءَامَنَّا بِٱلَّذِيٓ أُنزِلَ إِلَيۡنَا وَأُنزِلَ إِلَيۡكُمۡ وَإِلَٰهُنَا وَإِلَٰهُكُمۡ وَٰحِدٞ وَنَحۡنُ لَهُۥ مُسۡلِمُونَ ﴿٤٦﴾

﴾46﴿ വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ തർക്കം നടത്തരുത്; അവരിൽനിന്ന് അക്രമം പ്രവർത്തിച്ചവരോടൊഴികെ. നിങ്ങൾ (അവരോട്) പറയുകയും ചെയ്യണം: 'ഞങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും, നിങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു; ഞങ്ങളുടെ ആരാധ്യനും, നിങ്ങളുടെ ആരാധ്യനും ഒരുവനാകുന്നു; ഞങ്ങൾ അവന് കീഴ്പ്പെട്ടവരും (മുസ്‌ലികളും) ആകുന്നു.'

﴾46﴿ وَلَا تُجَادِلُوا നിങ്ങൾ തർക്കം നടത്തരുത്, വാഗ്വാദം ചെയ്യരുത് أَهْلَ الْكِتَابِ വേദക്കാരോട് إِلَّا بِالَّتِي യാതൊന്നുകൊണ്ടല്ലാതെ (യാതൊരു രീതിയിലല്ലാതെ) هِيَ അത് أَحْسَنُ ഏറ്റവും നല്ലതാണ് إِلَّا الَّذِينَ യാതൊരു കൂട്ടരോടൊഴികെ ظَلَمُوا അക്രമം പ്രവർത്തിച്ച

مِنْهُمْ അവരിൽ നിന്ന് وَقُولُوا നിങ്ങൾ പറയുകയും ചെയ്യണം آمَنَّا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു بِالَّذِي أُنْزِلَ إِلَيْنَا ഞങ്ങളിലേക്ക് ഇറക്കപ്പെട്ടിട്ടുള്ളതിൽ وَأُنْزِلَ إِلَيْكُمْ നിങ്ങളിലേക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും وَإِلَٰهُنَا ഞങ്ങളുടെ ഇലാഹും (ആരാധ്യനും) وَإِلَٰهُكُمْ നിങ്ങളുടെ ഇലാഹും وَاحِدٌ ഒരുവനാണ്, ഏകനാണ് وَنَحْنُ ഞങ്ങൾ لَهُ അവന് مُسْلِمُونَ കീഴ്പ്പെട്ടവരുമാണ്, അനുസരണമുള്ളവരാണ്

ജൂതൻമാരും, ക്രിസ്ത്യാനികളുമാകുന്ന വേദക്കാരെ ഇസ്ലാമിലേക്ക് പ്രേരിപ്പിക്കുവാൻ വേണ്ടി അവരുമായി വാഗ്വാദം നടത്തുമ്പോൾ, യുക്തവും ഹൃദ്യവുമായ ന്യായങ്ങളും, ലക്ഷ്യങ്ങളും മുഖേന സൗമ്യമായ രൂപത്തിലായിരിക്കണം അത് നടത്തുന്നത് എന്ന് ഈ വചനം മുസ്ലിംകളെ ശാസിക്കുന്നു. കുതർക്കങ്ങൾ നടത്തുന്നവർ, അപമര്യാദയോടെ പെരുമാറുന്നവർ, ന്യായത്തിനും ലക്ഷ്യത്തിനും വില കല്പിക്കാത്തവർ എന്നിങ്ങനെയുള്ളവരെ സംബന്ധിച്ചിടത്തോളം ഈ കല്പന ബാധകമല്ല. അവരോട് പരുഷമായും, ഗൗരവപൂർവ്വവും ഇടപെടേണ്ടതായി വരുന്നതാണ്. إِلَّا الَّذِينَ ظَلَمُوا مِنْهُمْ (അവരിൽ നിന്നും അക്രമം പ്രവർത്തിച്ചവരോടൊഴികെ) എന്ന വാക്ക് അതാണ് കാണിക്കുന്നത്. അക്രമം അതിരുകവിഞ്ഞു വാളെടുക്കുന്നതുവരെ നില എത്തിച്ചേർന്നിട്ടുള്ളപക്ഷം, അങ്ങനെയുള്ളവരോട് വാദപ്രതിവാദം വാൾമുഖേന ആയിരിക്കേണ്ടതാകുന്നു.

വാസ്തവമോ അവാസ്തവമോ എന്ന് തീരുമാനിക്കുവാൻ നിവൃത്തിയില്ലാത്ത വല്ല വാർത്തയും അവർ– വേദക്കാർ– കൊണ്ടുവരുന്നപക്ഷം അത് സ്വീകരിക്കുവാനും, നിഷേധിക്കുവാനും നിവൃത്തിയില്ല. വാസ്തവത്തിൽ അത് സത്യമായേക്കാനിടയുള്ളത് കൊണ്ട് നിഷേധിക്കാൻ പാടില്ല; അസത്യമായിരിക്കാനിടയുള്ളത് കൊണ്ട് സ്വീകരിക്കാനും പാടില്ല. അത് കൊണ്ട് അത്തരം സന്ദർഭങ്ങളിൽ മുസ്ലിംകൾ കൈകൊള്ളേണ്ടുന്ന നയമാണ് وَقُولُوا آمَنَّا بِالَّذِي أُنزِلَ إِلَيْنَا وَأُنزِلَ إِلَيْكُمْ (ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും, നിങ്ങൾക്ക് ഇറക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയണം.) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത്. അതായത്: ഞങ്ങൾ ക്വുർആനിൽ വിശ്വസിക്കുന്നത് പോലെത്തന്നെ നിങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ള എല്ലാ യഥാർത്ഥ വേദഗ്രന്ഥങ്ങളിലും മൊത്തത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു; ഒന്നുപോലും ഞങ്ങൾ നിഷേധിക്കുന്നില്ല. പക്ഷേ, ക്വുർആനെപ്പോലെ അവ സുരക്ഷിതമല്ലാത്തത് കൊണ്ട്– പല ഏറ്റക്കുറവുകളും കൈകടത്തലുകളും അവയിൽ നടത്തപ്പെട്ടിട്ടുള്ളത് കൊണ്ട്– ഇന്നത്തെ രൂപത്തിൽ നിങ്ങളുടെ വേദഗ്രന്ഥങ്ങൾ അപ്പടി സ്വീകരിക്കുവാനോ, വിശദരൂപത്തിൽ ഓരോന്നിലും വിശ്വസിക്കുവാനോ ഞങ്ങൾക്ക് നിവൃത്തിയില്ല. എന്നിങ്ങനെയാണ് വേദക്കാർ തൗറാത്തിൽനിന്നോ, ഇൻജീലിൽ നിന്നോ വല്ല ഭാഗവും ഉദ്ധരിച്ചു കാണിക്കുമ്പോൾ മുസ്ലിംകൾക്ക് പറയുവാനുള്ളത്.

അബൂഹുറയ്റഃ (റ) പ്രസ്താവിച്ചതായി ബുഖാരി (റ) ഇപ്രകാരം ഉദ്ധരിക്കുന്നു:

كان اهل الكتاب يقرءون التوراة بالعبرانية ويفسرونها بالعربية لاهل الاسلام فقال رسول الله صلى الله عليه وسلم لا تصدقوا اهل الكتاب ولا تكذبوهم وقولوا امنا بالله وما انزل الينا -الاية - رواه البخارى

'ഇസ്ലാമിന്റെ ആൾക്കാർക്ക് (മുസ്ലിംകൾക്ക്) വേദക്കാർ അബ്റാനീ (ഹിബ്രു) ഭാഷയിൽ തൗറാത്ത് വായിച്ചു അറബിയിൽ വിവരിച്ചുകൊടുക്കാറുണ്ടായിരുന്നു. അപ്പോൾ നബി ﷺ പറഞ്ഞു: 'നിങ്ങൾ വേദക്കാരെ (അവരുടെ പ്രസ്താവനകളെ) സത്യമാക്കുകയും കളവാക്കുകയും ചെയ്യരുത്. നിങ്ങൾ آمَنَّا بِاللَّهِ الخ എന്ന് (ഈ വചനത്തിന്റെ അവസാനം വരെ) പറ

ഞ്ഞെക്കുവിൻ.' (ബു.)

വേദക്കാരിൽനിന്നും, നിലവിലുള്ള തൗറാത്ത് - ഇൻജീലുകളിൽനിന്ന് (ബൈബ്ളിൽനിന്ന്) വാർത്തകൾ സ്വീകരിക്കുന്നതിനെക്കുറിച്ച് കൂടുതൽ വിവരം നാം മുഖവുരയിൽ പ്രതിപാദിച്ചിട്ടുള്ളത് നോക്കുക.

وَكَذَٰلِكَ أَنزَلْنَآ إِلَيْكَ ٱلْكِتَٰبَ ۚ فَٱلَّذِينَ ءَاتَيْنَٰهُمُ ٱلْكِتَٰبَ يُؤْمِنُونَ بِهِۦ ۖ وَمِنْ هَٰٓؤُلَآءِ مَن يُؤْمِنُ بِهِۦ ۚ وَمَا يَجْحَدُ بِـَٔايَٰتِنَآ إِلَّا ٱلْكَٰفِرُونَ ﴿٤٧﴾

﴾47﴿ അത്പോലെ, [മുൻവേദങ്ങൾ ഇറക്കിയത് പോലെ] നിനക്ക് നാം (ഈ) വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കയാണ്. എന്നാൽ നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ [വേദക്കാർ] ഇതിൽ വിശ്വസിക്കുന്നതാണ്. ഇക്കൂട്ടരിലും തന്നെ ഇതിൽ വിശ്വസിക്കുന്നവരുണ്ട്. നമ്മുടെ ലക്ഷ്യങ്ങളെ അവിശ്വാസികളല്ലാതെ നിഷേധിക്കുകയില്ല.

﴾47﴿ وَ كَذَٰلِكَ അപ്രകാരം, അത്പോലെ أَنزَلْنَا നാം ഇറക്കിയിരിക്കുന്നു, അവതരിപ്പിച്ചു إِلَيْكَ നിനക്ക്, നിന്നിലേക്ക് الْكِتَابَ വേദഗ്രന്ഥം, ഗ്രന്ഥം فَالَّذِينَ എന്നാൽ (അപ്പോൾ) യാതൊരുകൂട്ടർ آتَيْنَاهُمُ നാം അവർക്ക് നൽകിയിരിക്കുന്നു الْكِتَابَ വേദഗ്രന്ഥം يُؤْمِنُونَ അവർ വിശ്വസിക്കുന്നു, വിശ്വസിക്കും بِهِ ഇതിൽ, അതിൽ وَمِنْ هَٰؤُلَاءِ ഇക്കൂട്ടരിലുമുണ്ട്, ഇവരിൽ നിന്നുമുണ്ട് مَن يُؤْمِنُ വിശ്വസിക്കുന്നവർ بِهِ ഇതിൽ, അതിൽ وَمَا يَجْحَدُ നിഷേധിക്കയില്ല بِآيَاتِنَا നമ്മുടെ ആയത്തു (ലക്ഷ്യം, ദൃഷ്ടാന്തം)കളെ إِلا الْكَافِرُونَ അവിശ്വാസികളല്ലാതെ, (സത്യത്തെ) മൂടിവെക്കുന്നവരല്ലാതെ

വേദക്കാരായ എല്ലാവരും ക്വുർആനിൽ വിശ്വസിക്കും എന്നല്ല ഉദ്ദേശ്യം. തൗറാത്തിലും, ഇൻജീലിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ള അടയാളങ്ങൾ നബിﷺയിൽ പുലർന്നു കണ്ടതിനെ നിഷേധിക്കുവാനും, അന്യഥാ വ്യാഖ്യാനിക്കാനും മുതിരാത്തവരും, ക്വുർആനെപ്പറ്റി ചിന്തിച്ചു മനസ്സിലാക്കുന്നവരുമായ എല്ലാവരും അതിൽ വിശ്വസിക്കുന്നതാണ് എന്ന് താൽപര്യം. അബ്ദുല്ലാഹിബ്നുസലാം (റ) തുടങ്ങിയ പല പണ്ഡിതൻമാരും മറ്റ് പലരും നബിﷺയിലും, ക്വുർആനിലും വിശ്വസിച്ചിരുന്നതും, നബിﷺയുടെ കാലശേഷവും എത്രയോ ആളുകൾ ഇസ്ലാമിൽ വന്നിട്ടുള്ളതും പ്രസ്താവ്യമാണ്. സൂ: ആലുഇംറാനിൽ അല്ലാഹു പറയുന്നു: وَإِنَّ مِنْ أَهْلِ الْكِتَابِ لَمَن يُؤْمِنُ بِاللَّهِ وَمَا أُنزِلَ إِلَيْكُمْ وَمَا أُنزِلَ إِلَيْهِمْ خَاشِعِينَ لِلَّهِ لَا يَشْتَرُونَ بِآيَاتِ اللَّهِ ثَمَنًا قَلِيلًا أُولَٰئِكَ لَهُمْ أَجْرُهُمْ عِندَ رَبِّهِمْ إِنَّ اللَّهَ سَرِيعُ الْحِسَابِ – آل عمران (അല്ലാ)ഹുവിനോട് ഭക്തി കാണിക്കുന്നവരായുംകൊണ്ടും, അല്ലാഹുവിലും, നിങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും, തങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും വിശ്വസിക്കുന്നവർ, നിശ്ചയമായും വേദ

ക്കാരിലുണ്ട്. അവർ അല്ലാഹുവിന്റെ ലക്ഷ്യങ്ങൾക്ക് അൽപമായ വില വാങ്ങുന്നതല്ല. അക്കൂട്ടർക്ക് അവരുടെ പ്രതിഫലം തങ്ങളുടെ രക്ഷിതാവിന്റെ പക്കൽ ഉണ്ടായിരിക്കും.) ആലുഇംറാൻ മദനീസൂറത്തുകളിൽപെട്ടതും അൻകബൂത്ത് മക്കീസൂറത്തുകളിൽ ഉൾപ്പെട്ടതുമാണ്.

മക്കയിലെ മുശ്രിക്കുകളെ ചൂണ്ടിക്കാട്ടിക്കൊണ്ടാണ് وَمِنْ هَؤُلَاءِ (ഇക്കൂട്ടരിലുമുണ്ട്) എന്ന് പറഞ്ഞത്, വേദക്കാരായാലും അല്ലെങ്കിലും ശരി, ഖുർആനെ നിഷേധിക്കുന്നവർ ഒരിക്കലും സത്യാന്വേഷികളും യഥാർത്ഥ ദൈവവിശ്വാസികളും ആയിരിക്കയില്ല; സത്യനിഷേധികളായ അവിശ്വാസികൾ മാത്രമേ അതിനെ നിഷേധിക്കുകയുള്ളൂ എന്ന് അല്ലാഹു തുറന്ന് പ്രഖ്യാപിച്ചിരിക്കയാണ്. 48-ാം വചനത്തിൽ അവരെക്കുറിച്ച് വ്യർത്ഥകാരികൾ- അഥവാ നിരർത്ഥവാദികൾ- എന്നും, 49 ൽ അക്രമകാരികൾ എന്നും പറയുന്നു. അപ്പോൾ ഖുർആനിൽ വിശ്വസിക്കാത്ത ഒരാൾ ഒരു വിധേനയും അല്ലാഹുവിന്റെ അടുക്കൽ മോക്ഷത്തിന് വിധേയനാവുകയില്ലെന്നുള്ളതിൽ സംശയമില്ല- മറ്റ് വിധേന അവർ എത്ര നല്ലവരായാലും ശരി.

وَمَا كُنتَ تَتْلُوا۟ مِن قَبْلِهِۦ مِن كِتَٰبٍ وَلَا تَخُطُّهُۥ بِيَمِينِكَ ۖ إِذًا لَّٱرْتَابَ ٱلْمُبْطِلُونَ ﴿٤٨﴾

《48》 യാതൊരു ഗ്രന്ഥവും ഇതിന് മുമ്പ് നീ പാരായണം ചെയ്യുകയാകട്ടെ, നിന്റെ വലത് കൈകൊണ്ട് അതെഴുതുകയാകട്ടെ ചെയ്തിരുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ ഈ വ്യർത്ഥകാരികൾക്ക് സന്ദേഹപ്പെടാമായിരുന്നു.

بَلْ هُوَ ءَايَٰتٌۢ بَيِّنَٰتٌ فِى صُدُورِ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ ۚ وَمَا يَجْحَدُ بِـَٔايَٰتِنَآ إِلَّا ٱلظَّٰلِمُونَ ﴿٤٩﴾

《49》 എങ്കിലും അത് ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവരുടെ ഹൃദയങ്ങളിൽ സുവ്യക്തമായി (തെളിഞ്ഞു) കിടക്കുന്ന ലക്ഷ്യങ്ങളാകുന്നു.

അക്രമകാരികളല്ലാതെ നമ്മുടെ ലക്ഷ്യങ്ങളെ നിഷേധിക്കുകയില്ല.

《48》 وَمَا كُنْتَ നീ ആയിരുന്നില്ല تَتْلُوا പാരായണം ചെയ്യും مِنْ قَبْلِهِ ഇതിനുമുമ്പ് مِنْ كِتَابٍ ഒരു ഗ്രന്ഥവും, ഗ്രന്ഥത്തിൽനിന്ന് (ഒന്നും) وَلَا تَخُطُّهُ നീ അത് എഴുതുകയും ചെയ്തിരുന്നില്ല بِيَمِينِكَ നിന്റെ വലങ്കൈകൊണ്ട് إِذًا എന്നാൽ (അങ്ങനെയായിരുന്നെങ്കിൽ) لَارْتَابَ സംശയിക്കാമായിരുന്നു, സന്ദേഹിക്കാമായിരുന്നു الْمُبْطِلُونَ വ്യർത്ഥകാരികൾ, നിരർത്ഥവാദികൾ(ക്ക്) 《49》 بَلْ എങ്കിലും, പക്ഷേ هُوَ അത് آيَاتٌ ലക്ഷ്യങ്ങളാണ്, ദൃഷ്ടാന്തങ്ങളാണ് بَيِّنَاتٌ സുവ്യക്തങ്ങളായ, തെളിഞ്ഞുകിടക്കുന്ന فِي صُدُورِ الَّذِينَ യാതൊരു കൂട്ടരുടെ

بِآيَاتِنَا നമ്മുടെ ആയത്തുകളെ إِلا الظَّالِمُونَ അക്രമകാരികളല്ലാതെ وَمَا يَجْحَدُ നിഷേധിക്കുകയില്ല أُوتُوا الْعِلْمَ ജ്ഞാനം നൽകപ്പെട്ടിട്ടുള്ള നെഞ്ച് (ഹൃദയം)കളിൽ

ജ്ഞാനികളായുള്ളവർ ഖുർആനാകുന്ന ആ വേദഗ്രന്ഥം പഠിക്കുകയും, ഗ്രഹിക്കുകയും, മനഃപാഠമാക്കുകയും ചെയ്യുന്നു. അതിന്റെ സന്ദേശങ്ങളും മാർഗദർശനങ്ങളും അവരുടെ എല്ലാ ജീവിത തുറകളിലേക്കും അവർക്ക് വെളിച്ചം നൽകുകയും ചെയ്യുന്നു. അതുകൊണ്ട് ഇതര വേദഗ്രന്ഥങ്ങളെപ്പോലെ അതിനെ മാറ്റിമറിക്കുവാനോ, അതിൽ കയ്യേറ്റം നടത്തുവാനോ സാധ്യതയില്ല. ഖുർആന്റെ പരിശുദ്ധതക്ക് യാതൊരു കളങ്കവും ബാധിക്കാതെ സുരക്ഷിതമായിരിക്കുവാൻ ഇതും കാരണമാകുന്നു. ലോകത്ത് നിലവിലുള്ള മുസ്ഹഫിന്റെ പ്രതികളെല്ലാം നഷ്ടപ്പെട്ടാലും ഖുർആൻ -അതിന്റെ വള്ളിക്കോ പുള്ളിക്കോ മാറ്റംകൂടാതെ- യഥാരൂപത്തിൽതന്നെ സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ സുരക്ഷിതമായി അവശേഷിക്കുന്നതാണ്. ഖുർആനോളം വലുപ്പം വരുന്ന ഏതൊരു ഗ്രന്ഥവും കാലവ്യത്യാസംകൂടാതെ ഇത്രയധികം മനഃപാഠമാക്കപ്പെടുന്നതായി കാണപ്പെടുകയില്ല എന്ന് തീർത്തുപറയാം. لله الحمد

وَقَالُوا۟ لَوْلَآ أُنزِلَ عَلَيْهِ ءَايَٰتٌ مِّن رَّبِّهِۦ ۖ قُلْ إِنَّمَا ٱلْءَايَٰتُ عِندَ ٱللَّهِ وَإِنَّمَآ أَنَا۠ نَذِيرٌ مُّبِينٌ ﴿٥٠﴾

﴾50﴿ അവർ [അവിശ്വാസികൾ] പറയുകയാണ്: 'അവന് അവന്റെ രക്ഷിതാവിങ്കൽനിന്ന് വല്ല ദൃഷ്ടാന്തങ്ങളും ഇറക്കപ്പെട്ടുകൂടേ?!' (നബിയേ) പറയുക: 'ദൃഷ്ടാന്തങ്ങൾ അല്ലാഹുവിങ്കൽമാത്രമാണുള്ളത്; ഞാൻ സ്പഷ്ടമായ ഒരു താക്കീതുകാരൻ എന്നേയുള്ളൂ'

﴾50﴿ وَقَالُوا അവർ പറയുന്നു لَوْلا أُنْزِلَ ഇറക്കപ്പെട്ടുകൂടേ, ഇറക്കപ്പെടരുതോ عَلَيْهِ അവന്റെമേൽ, അവന് آيَاتٌ വല്ല ദൃഷ്ടാന്തങ്ങളും مِنْ رَبِّهِ അവന്റെ റബ്ബിന്റെ പക്കൽനിന്ന് قُلْ നീ പറയുക إِنَّمَا الآيَاتُ നിശ്ചയമായും ദൃഷ്ടാന്തങ്ങൾ عِنْدَ اللَّهِ അല്ലാഹുവിങ്കൽ (മാത്രമാണ്) وَإِنَّمَا أَنَا നിശ്ചയമായും ഞാൻ نَذِيرٌ താക്കീതുകാരൻ (മാത്രമാണ്, എന്നേയുള്ളൂ) مُبِينٌ സ്പഷ്ടമായ

എനിക്ക് തോന്നുമ്പോൾ ദൃഷ്ടാന്തങ്ങൾ കാണിക്കുവാൻ- അൽഭുത സംഭവങ്ങൾ വെളിപ്പെടുത്തുവാൻ- എനിക്ക് കഴിവില്ല. അല്ലാഹുവിന്റെ അനുമതിപ്രകാരം, അവനുദ്ദേശിക്കുമ്പോൾ മാത്രമേ അത് വെളിപ്പെടുകയുള്ളൂ. എന്റെ ചുമതല നിങ്ങളെ താക്കീത് ചെയ്യൽ മാത്രമാണ്. അത് ഞാൻ നിർവ്വഹിക്കുന്നു എന്ന് സാരം.

أَوَلَمْ يَكْفِهِمْ أَنَّآ أَنزَلْنَا عَلَيْكَ ٱلْكِتَٰبَ يُتْلَىٰ عَلَيْهِمْ ۚ إِنَّ فِى

﴾51﴿ അവർക്ക് ഓതിക്കേൾപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നിലയിൽ ഈ വേദഗ്രന്ഥം നിനക്ക് നാം അവതരിപ്പിച്ചു തന്നിട്ടുള്ളത് അവർക്ക് (ദൃഷ്ടാന്തത്തിന്) മതി

ذَٰلِكَ لَرَحۡمَةٗ وَذِكۡرَىٰ لِقَوۡمٖ يُؤۡمِنُونَ ٥١

യായിട്ടില്ലേ?! വിശ്വസിക്കുന്ന ജനതക്ക് നിശ്ചയമായും അതിൽ കാരുണ്യവും, ഉപദേശവുമുണ്ട്.

വിഭാഗം - 6

قُلۡ كَفَىٰ بِٱللَّهِ بَيۡنِي وَبَيۡنَكُمۡ شَهِيدٗاۖ يَعۡلَمُ مَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۗ وَٱلَّذِينَ ءَامَنُواْ بِٱلۡبَٰطِلِ وَكَفَرُواْ بِٱللَّهِ أُوْلَٰٓئِكَ هُمُ ٱلۡخَٰسِرُونَ ٥٢

《52》 (നബിയേ) പറയുക: 'എന്റെയും നിങ്ങളുടെയും ഇടയിൽ സാക്ഷിയായിക്കൊണ്ട് അല്ലാഹുതന്നെ മതി. ആകാശങ്ങളിലും, ഭൂമിയിലുമുള്ളത് (മുഴുവനും) അവൻ അറിയുന്നു. വ്യർത്ഥമായതിൽ വിശ്വസിക്കുകയും, അല്ലാഹുവിൽ അവിശ്വസിക്കുകയും ചെയ്യുന്നവരാകട്ടെ, അവർതന്നെയാണ് നഷ്ടപ്പെട്ടവർ.

وَيَسۡتَعۡجِلُونَكَ بِٱلۡعَذَابِ وَلَوۡلَآ أَجَلٞ مُّسَمّٗى لَّجَآءَهُمُ ٱلۡعَذَابُ وَلَيَأۡتِيَنَّهُم بَغۡتَةٗ وَهُمۡ لَا يَشۡعُرُونَ ٥٣

《53》 അവർ നിന്നോട് ശിക്ഷക്ക് ധൃതികൂട്ടുന്നു. നിർണയിക്കപ്പെട്ട ഒരവധി ഇല്ലായിരുന്നുവെങ്കിൽ അവർക്ക് (ഇപ്പോൾതന്നെ) ശിക്ഷ വരുമായിരുന്നു. അവർ അറിയാത്ത നിലയിൽ തീർച്ചയായും അതവർക്ക് പെട്ടെന്ന് വന്നെത്തുക തന്നെ ചെയ്യുന്നതാണ്.

يَسۡتَعۡجِلُونَكَ بِٱلۡعَذَابِ وَإِنَّ جَهَنَّمَ لَمُحِيطَةُۢ بِٱلۡكَٰفِرِينَ ٥٤

《54》 അവർ നിന്നോട് ശിക്ഷക്ക് ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നു; നരകമാകട്ടെ, നിശ്ചയമായും അവിശ്വാസികളെ വലയം ചെയ്യുന്നതുമാകുന്നു.

يَوۡمَ يَغۡشَىٰهُمُ ٱلۡعَذَابُ مِن فَوۡقِهِمۡ وَمِن تَحۡتِ أَرۡجُلِهِمۡ وَيَقُولُ ذُوقُواْ مَا كُنتُمۡ تَعۡمَلُونَ ٥٥

《55》 അവരുടെ മുകൾഭാഗത്തുകൂടിയും, അവരുടെ കാലുകളുടെ അടിയിൽ കൂടിയും ശിക്ഷ അവരെ മൂടുന്ന ദിവസം! (അന്നാണ് അതുണ്ടാകുക.) 'നിങ്ങൾ പ്രവർത്തിച്ചിരുന്നത് [പ്രവർത്തിച്ചതിന്റെ ഫലം] നിങ്ങൾ ആസ്വദിക്കുവിൻ.' എന്ന് അവൻ

[അല്ലാഹു] പറയുകയും ചെയ്യും.

عَلَيْكَ ﴿51﴾ أَوَلَمْ يَكْفِهِمْ അവർക്ക് മതിയായിട്ടില്ലേ, പോരെയോ أَنَّا أَنزَلْنَا നാം ഇറക്കിയത്
നിനക്ക് الْكِتَابَ വേദഗ്രന്ഥം يُتْلَىٰ ഓതിക്കേൾപ്പിക്കപ്പെട്ടുകൊണ്ട് عَلَيْهِمْ അവർക്ക്, അവരിൽ
إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَرَحْمَةً കാരുണ്യം, അനുഗ്രഹം وَذِكْرَىٰ ഉപദേശവും,
സ്മരണയും لِقَوْمٍ ഒരു ജനതക്ക് يُؤْمِنُونَ വിശ്വസിക്കുന്ന ﴿52﴾ قُلْ നീ പറയുക كَفَىٰ മതി
بِاللَّهِ അല്ലാഹുതന്നെ بَيْنِي എന്റെ ഇടയിൽ وَبَيْنَكُمْ നിങ്ങളുടെ ഇടയിലും شَهِيدًا സാക്ഷി
യായിട്ട്, ദൃക്സാക്ഷിയായി يَعْلَمُ അവൻ അറിയുന്നു مَا فِي السَّمَاوَاتِ ആകാശങ്ങളിലു
ള്ളത് وَالْأَرْضِ ഭൂമിയിലും ۗ وَالَّذِينَ آمَنُوا വിശ്വസിച്ചവർ بِالْبَاطِلِ വ്യർത്ഥത്തിൽ (അയഥാർത്ഥ
മായതിൽ) وَكَفَرُوا അവർ അവിശ്വസിക്കുകയും ചെയ്ത بِاللَّهِ അല്ലാഹുവിൽ أُولَٰئِكَ هُمُ അക്കൂ
ട്ടർ തന്നെയാണ് الْخَاسِرُونَ നഷ്ടപ്പെട്ടവർ ﴿53﴾ وَيَسْتَعْجِلُونَكَ അവർ നിന്നോട് ധൃതി
പ്പെടുന്നു بِالْعَذَابِ ശിക്ഷക്ക്, ശിക്ഷയെപ്പറ്റി وَلَوْلَا ഇല്ലായിരുന്നുവെങ്കിൽ أَجَلٌ ഒരവധി مُّسَمًّى
നിർണയിക്കപ്പെട്ട لَّجَاءَهُمُ അവർക്ക് വരികതന്നെ ചെയ്യുമായിരുന്നു الْعَذَابُ ശിക്ഷ وَلَيَأْتِيَنَّهُم
അതവർക്ക് വന്നെത്തുകയുംതന്നെചെയ്യും بَغْتَةً പെട്ടെന്ന്, യാദൃശ്ചികമായി وَهُمْ അവർ ആയി
രിക്കെ لَا يَشْعُرُونَ അവർ അറിയുന്നില്ല ﴿54﴾ يَسْتَعْجِلُونَكَ അവർ നിന്നോട് ധൃതിപ്പെടുന്നു
بِالْعَذَابِ ശിക്ഷക്ക് وَإِنَّ جَهَنَّمَ നിശ്ചയമായും ജഹന്നം, നരകം لَمُحِيطَةٌ വലയം ചെയ്യുന്നതാണ്
بِالْكَافِرِينَ അവിശ്വാസികളെ ﴿55﴾ يَوْمَ يَغْشَاهُمُ അവരെ മൂടുന്ന (പൊതിയുന്ന) ദിവസം
الْعَذَابُ ശിക്ഷ مِن فَوْقِهِمْ അവരുടെ മുകളിൽകൂടി, മീതെനിന്ന് وَمِن تَحْتِ അടിയിൽ (താഴെ)
നിന്നും أَرْجُلِهِمْ അവരുടെ കാലുകളുടെ وَيَقُولُ അവൻ പറയുകയും ചെയ്യും ۗ ذُوقُوا നിങ്ങൾ
ആസ്വദിക്കുവിൻ مَا كُنتُمْ تَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നത്

ഈ താക്കീത് ചെയ്യുന്ന ശിക്ഷ എന്താണ് എനിയും വന്നുകാണാത്തത്?! എന്ന് പറഞ്ഞ് അവിശ്വാസികൾ നബിﷺയോട് പരിഹാസപൂർവ്വം ധൃതികൂട്ടുകയാണ്. എന്നാൽ, അല്ലാഹു അതിനൊരു അവധി നിർണയിച്ചിട്ടുണ്ട്. ഇല്ലായിരുന്നുവെങ്കിൽ തൽക്ഷണം തന്നെ അതവർക്ക് അനുഭവപ്പെടുമായിരുന്നു. ശിക്ഷ വരുന്നതാകട്ടെ, അപ്രതീക്ഷിതമായ നിലയിലും, വളരെ പെട്ടെന്നുമായിരിക്കും. നാനാഭാഗത്ത് കൂടിയും അതവരെ പിടികൂടുകയും ചെയ്യും. ഒരു ഭാഗത്തും രക്ഷക്ക് പഴുതുണ്ടായിരിക്കയില്ല. لَهُم مِّن جَهَنَّمَ مِهَادٌ وَمِن فَوْقِهِمْ غَوَاشٍ (നരകത്തിൽനിന്നും അവർക്കൊരു വിരിപ്പുണ്ടായിരിക്കും: അവരുടെ മേൽഭാഗത്ത് നിന്ന് മൂടിയും ഉണ്ടായിരിക്കും. 7: 41) لَهُم مِّن فَوْقِهِمْ ظُلَلٌ مِّنَ النَّارِ وَمِن تَحْتِهِمْ ظُلَلٌ (അവർക്ക് അവരുടെ മുകളിൽകൂടി നരകത്തിൽനിന്നുള്ള തണലുകൾ– മൂടികൾ– ഉണ്ടായിരിക്കും. അവരുടെ അടിയിൽകൂടിയും തണലുകൾ ഉണ്ടായിരിക്കും. 39: 16)

മുശ്‌രിക്കുകളെയും, വേദക്കാരെയും സംബന്ധിച്ച് പലതും പ്രസ്താവിച്ചശേഷം, അവരുടെ മർദ്ദനങ്ങളും അക്രമങ്ങളും ഹേതുവായി, അല്ലാഹുവിനെ ആരാധിക്കുന്നതിനും, മതാനു

ഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിനും സാദ്ധ്യമാകാതെ വരുന്ന പരിതഃസ്ഥിതിയിൽ നാടുവിട്ടു (ഹിജ്റഃ) പോയിക്കൊള്ളുവാൻ സത്യവിശ്വാസികൾക്ക് അല്ലാഹു നിർദ്ദേശം നൽകുന്നു:-

يَٰعِبَادِيَ ٱلَّذِينَ ءَامَنُوٓاْ إِنَّ أَرۡضِي وَٰسِعَةٞ فَإِيَّٰيَ فَٱعۡبُدُونِ ﴿٥٦﴾

《56》 വിശ്വസിച്ചവരായ എന്റെ അടിയാൻമാരേ, നിശ്ചയമായും എന്റെ ഭൂമി വിശാലമായതാകുന്നു; അതു കൊണ്ട് നിങ്ങൾ എന്നെത്തന്നെ ആരാധിക്കുവിൻ.

كُلُّ نَفۡسٖ ذَآئِقَةُ ٱلۡمَوۡتِۖ ثُمَّ إِلَيۡنَا تُرۡجَعُونَ ﴿٥٧﴾

《57》 ഓരോ ആത്മാവും [ആളും] മരണം ആസ്വദിക്കുന്നതാണ്. പിന്നീട് നമ്മുടെ അടുക്കലേക്ക്തന്നെ നിങ്ങൾ മടക്കപ്പെടുന്നു.

وَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ لَنُبَوِّئَنَّهُم مِّنَ ٱلۡجَنَّةِ غُرَفٗا تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَاۚ نِعۡمَ أَجۡرُ ٱلۡعَٰمِلِينَ ﴿٥٨﴾

《58》 വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, സ്വർഗത്തിൽനിന്നും അടിഭാഗത്ത് കൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ഉന്നത സൗധങ്ങളിൽ, നിശ്ചയമായും നാം അവർക്ക് താമസസൗകര്യം ചെയ്തുകൊടുക്കുന്നതാകുന്നു; അവരതിൽ നിത്യവാസികളായിക്കൊണ്ട്. പ്രവർത്തിക്കുന്നവരുടെ പ്രതിഫലം വളരെ വിശിഷ്ടം!

ٱلَّذِينَ صَبَرُواْ وَعَلَىٰ رَبِّهِمۡ يَتَوَكَّلُونَ ﴿٥٩﴾

《59》 അതായത്: സഹനം കൈകൊള്ളുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ (കാര്യങ്ങൾ) ഭരമേൽപിച്ചുകൊണ്ടിരിക്കുകയും ചെയ്തവർ.

وَكَأَيِّن مِّن دَآبَّةٖ لَّا تَحۡمِلُ رِزۡقَهَا ٱللَّهُ يَرۡزُقُهَا وَإِيَّاكُمۡۚ وَهُوَ ٱلسَّمِيعُ ٱلۡعَلِيمُ ﴿٦٠﴾

《60》 എത്രയോ ജീവികളാണ്, അവയുടെ ആഹാരം അവ (സ്വയം) വഹിക്കാത്തതായുള്ളത്?! അവയ്ക്കും, നിങ്ങൾക്കും അല്ലാഹു ആഹാരം നൽകുന്നു. അവൻ (എല്ലാം) കേൾക്കുന്നവനാണ്, അറിയുന്നവനാണ്.

نിശ്ചയ ﴾56﴿ يَاعِبَادِيَ എന്റെ അടിയാൻമാരെ الَّذِينَ آمَنُوا വിശ്വസിച്ചവരായ إِنَّ أَرْضِي
മായും എന്റെ ഭൂമി وَاسِعَةٌ വിശാലമായതാണ് فَإِيَّايَ അതുകൊണ്ട് എന്നെ فَاعْبُدُونِ
എന്നെ (ത്തന്നെ) നിങ്ങൾ ആരാധിക്കുവിൻ ﴾57﴿ كُلُّ نَفْسٍ എല്ലാ ആത്മാവും, ആളും,
ദേഹവും ذَائِقَةُ الْمَوْتِ മരണം ആസ്വദിക്കുന്നതാണ് ثُمَّ പിന്നീട് إِلَيْنَا നമ്മുടെ അടുക്കലേക്ക്
تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു ﴾58﴿ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ وَعَمِلُوا പ്രവർത്തി
ക്കുകയും ചെയ്ത الصَّالِحَاتِ സൽക്കർമ്മങ്ങൾ لَنُبَوِّئَنَّهُمْ നിശ്ചയമായും നാം അവരെ താമസി
പ്പിക്കും, സൗകര്യം ചെയ്തുകൊടുക്കും مِنَ الْجَنَّةِ സ്വർഗത്തിൽനിന്ന് غُرَفًا ഉന്നത സൗധങ്ങ
ളിൽ, മണിമാളികകളിൽ تَجْرِي ഒഴുകും مِنْ تَحْتِهَا അതിന്റെ അടിയിൽ കൂടി الْأَنْهَارُ നദികൾ
خَالِدِينَ നിത്യവാസികളായിക്കൊണ്ട് فِيهَا അവയിൽ نِعْمَ എത്രയോ വിശിഷ്ടം أَجْرُ الْعَامِلِينَ
പ്രവർത്തിക്കുന്നവരുടെ പ്രതിഫലം, കൂലി ﴾59﴿ الَّذِينَ صَبَرُوا സഹനം കൈകൊണ്ടവർ
وَعَلَىٰ رَبِّهِمْ തങ്ങളുടെ രക്ഷിതാവിന്റെ മേൽ يَتَوَكَّلُونَ ഭരമേൽപിക്കുകയും ചെയ്യുന്ന ﴾60﴿
وَكَأَيِّنْ എത്രയോ, എത്രയാണ് مِنْ دَابَّةٍ ജീവിയായിട്ട് لَا تَحْمِلُ വഹിക്കാത്ത, ഏൽക്കാത്ത
رِزْقَهَا അതിന്റെ ആഹാരം, ഉപജീവനം اللَّهُ يَرْزُقُهَا അതിന് (അവയ്ക്ക്) അല്ലാഹു ആഹാരം
നൽകുന്നു وَإِيَّاكُمْ നിങ്ങൾക്കും وَهُوَ അവൻ السَّمِيعُ കേൾക്കുന്നവനാണ് الْعَلِيمُ അറിയുന്നവ
നാണ്

അല്ലാഹുവിന്റെ ഭൂമി കുടുസ്സായതല്ല– വിശാലമായതാണ്. എന്നിരിക്കെ, ഒരു നാട്ടിൽവെച്ച് അവനെ ആരാധിക്കുവാനും, അവന്റെ മതം അനുഷ്ഠിക്കുവാനും സാധ്യമാകാത്തപക്ഷം, സാധ്യമാകുന്ന മറ്റൊരു നാട്ടിൽ പോയിട്ടെങ്കിലും അത് ചെയ്യേണ്ടതാണ്. നാട്‌വിട്ടു പോകുകയെന്നത് വളരെ വിഷമം പിടിച്ചത് തന്നെ. എന്നാൽ അതാർക്കും കൂടാതെ കഴിയുകയില്ല. മരണാനന്തരം മടങ്ങിച്ചെല്ലുന്നത് അല്ലാഹുവിങ്കലേക്കാണ് താനും. ക്ഷമയും സഹനവും സ്വീകരിച്ചുകൊണ്ടും, കാര്യങ്ങളെല്ലാം അല്ലാഹുവിൽ അർപ്പിച്ചുകൊണ്ടും സൽക്കർമം ചെയ്യുന്ന സത്യവിശ്വാസികൾക്ക് നിശ്ചയമായും അവൻ സ്വർഗത്തിൽ അത്യുന്നതവും, ശാശ്വതവുമായ സുഖസൗകര്യങ്ങൾ നൽകുന്നു. മറ്റൊന്നുള്ളത് ഉപജീവനത്തിന്റെ കാര്യമാണ്. ഈ ലോകത്ത് എത്രയോ ജീവികൾ– അതിൽ മനുഷ്യരും മനുഷ്യേതരജീവികളും ഉൾപ്പെടുന്നു– അതതിന്റെ ഉപജീവനകാര്യം സ്വയം നടത്തുവാനോ, നികത്തുവാനോ കഴിയാത്തതായിട്ടുണ്ട്. അവയ്ക്കെല്ലാം ഓരോ വിധത്തിൽ ആഹാരം ലഭിക്കാതിരിക്കുന്നില്ല. അവയ്ക്ക് മാത്രമല്ല, വാസ്തവത്തിൽ എല്ലാവർക്കും തന്നെ ഭക്ഷണം നൽകുന്നത് അല്ലാഹുവാണ്. എവിടെയായാലും എല്ലാവർക്കും അവൻ അത് നൽകുന്നതാകുന്നു. അവൻ എല്ലാ കാര്യവും– എല്ലാവരുടെ കാര്യവും– അറിയുന്നവനത്രെ. എന്നൊക്കെയാണ് ചുരുക്കത്തിൽ ഈ വചനങ്ങളുടെ സാരം. ഇതനുസരിച്ച് സ്വഹാബികൾ ആദ്യം അബ്സീനിയായിലേക്കും, പിന്നീട് മദീനയിലേക്കും ഹിജ്റഃ പോയത് പ്രസിദ്ധമാണ്.

ജനപ്പെരുപ്പം നിമിത്തം ഭൂമിയിൽ മനുഷ്യൻ പാർപ്പിടമില്ലാതെ കുഴങ്ങുമെന്നും, ഭക്ഷണമില്ലാതെ കഷ്ടപ്പെടുമെന്നും പെരുമ്പറയടിച്ചുകൊണ്ട് അതിന്റെ പേരിൽ മനുഷ്യജനനം നിയന്ത്രിക്കുവാൻ പ്രകൃതിവിരുദ്ധവും, തികച്ചും ആഭാസകരവുമായ മാർഗങ്ങൾ ആസൂത്രണം ചെയ്യപ്പെടുകയും, അവ പ്രചാരത്തിൽവരുത്തി പരസ്യമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലമാണല്ലോ ഇത്. ഇതിന് ഏതെല്ലാം ന്യായീകരണങ്ങൾ സമർത്ഥി

ക്കപ്പെട്ടാലും ശരി, ഈ പ്രസ്ഥാനത്തിന്റെ തുടക്കം തന്നെ അല്ലാഹുവിനെക്കുറിച്ചുള്ള അവിശ്വാസത്തിൽ നിന്ന് ഉടലെടുത്തതാകുന്നു. അല്ലാഹുവാണ് ഭൂലോകത്തിന്റെയും മനുഷ്യവർഗത്തിന്റെയും സ്രഷ്ടാവെന്നും, അവൻ സർവ്വജ്ഞനും സർവ്വശക്തനുമാണെന്നും, അവനാണ് എല്ലാവർക്കും യഥാർത്ഥത്തിൽ ഉപജീവനം നൽകുന്നവനെന്നും വിശ്വസിക്കുന്ന ഒരാൾക്കും ഈ പ്രസ്ഥാനത്തെ അനുകൂലിക്കുവാൻ സാധ്യമല്ല. അല്ലാഹുവിന്റെ ഭൂമി വിശാലമാണെന്നും, എല്ലാവർക്കും ആഹാരം നൽകുന്നവൻ അവനാണെന്നും- ഈ ആയത്തുകളിലും മറ്റ് പല ആയത്തുകളിലുമായി -അല്ലാഹു ആവർത്തിച്ചു പറയുന്നതിനെ അവഗണിച്ചുകൊണ്ടല്ലാതെ ആ സംരംഭങ്ങളിൽ പങ്കുചേരുവാനോ അനുകൂലിക്കുവാനോ ഒരു മുസ്‌ലിമിനും നിർവ്വാഹമില്ലാത്തതാണ്. ഈ വിഷയം ഇവിടെ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. അല്ലാഹു സഹായിച്ചാൽ സൂ: സുഖ്റുഫിലും മറ്റും കൂടുതൽ സംസാരിക്കാം. والله الموفق

وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ لَيَقُولُنَّ ٱللَّهُ ۖ فَأَنَّىٰ يُؤْفَكُونَ ﴿٦١﴾

《61》 'ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിക്കുകയും, സൂര്യനെയും, ചന്ദ്രനെയും കീഴ്പ്പെടുത്തുകയും ചെയ്തതാരാണ്' എന്ന് നീ അവരോട് [ബഹുദൈവവിശ്വാസികളോട്] ചോദിക്കുന്ന പക്ഷം, തീർച്ചയായും, അവർ പറയും: 'അല്ലാഹുവാണ്' എന്ന്. (അപ്പോൾ എങ്ങനെയാണ് അവർ (തൗഹീദിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്)?!

《61》 وَلَئِنْ سَأَلْتَهُمْ നീ അവരോട് ചോദിക്കുന്ന പക്ഷം مَنْ خَلَقَ സൃഷ്ടിച്ചതാരാണ് السَّمَاوَاتِ ആകാശങ്ങളെ وَالأَرْضَ ഭൂമിയെയും وَسَخَّرَ കീഴ്പ്പെടുത്തുകയും, നിയന്ത്രിക്കുകയും ചെയ്തത് الشَّمْسَ സൂര്യനെ وَالْقَمَرَ ചന്ദ്രനെയും لَيَقُولُنَّ നിശ്ചയമായും അവർ പറയും اللَّهُ അല്ലാഹു എന്ന് فَأَنَّى അപ്പോൾ എങ്ങനെയാണ് يُؤْفَكُونَ അവർ തെറ്റിക്കപ്പെടുന്നത്

ലോകസ്രഷ്ടാവും, ലോകകാര്യങ്ങൾ നിയന്ത്രിക്കുന്നവനും അല്ലാഹുവാണെന്ന് മുശ്‌രിക്കുകളും സമ്മതിക്കുന്നു. എന്നിരിക്കെ ആരാധ്യനായി അവനല്ലാത്തവരെ സ്വീകരിക്കുന്നതിൽ യാതൊരു ന്യായവുമില്ല, അത് തികച്ചും വിഡ്ഢിത്തം മാത്രമാണ് എന്ന് സാരം.

മനുഷ്യന്റെ ജീവിതപ്രശ്നങ്ങളിൽ അതിപ്രധാനമായ ഒന്നത്രെ ആഹാരത്തിന്റെ കാര്യം. എന്നാൽ ആഹാരത്തിന്റെ സാക്ഷാൽ കൈകാര്യകർത്താവ് അല്ലാഹുതന്നെയാണ്. മനുഷ്യൻ അതിനുവേണ്ടി എന്ത് നടപടിയെടുത്താലും ശരി, അല്ലാഹു കണക്കാക്കിയതേ ആർക്കും ലഭിക്കുകയുള്ളൂ. അവൻ ഉദ്ദേശിക്കുന്നതനുസരിച്ചായിരിക്കും അതിൽ ഏറ്റക്കുറവുകൾ അനുഭവപ്പെടുന്നത്. അവനല്ലാത്തവരെ ഇലാഹായി സ്വീകരിച്ചതുകൊണ്ട് ഇക്കാര്യത്തിലും യാതൊരു മാറ്റവും നേരിടുവാനില്ല. അപ്പോൾ, ആ നിലക്കും അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നതിൽ അർത്ഥമില്ലെന്ന് അടുത്ത വചനം ചൂണ്ടിക്കാട്ടുന്നു:-

ٱللَّهُ يَبۡسُطُ ٱلرِّزۡقَ لِمَن يَشَآءُ مِنۡ عِبَادِهِۦ وَيَقۡدِرُ لَهُۥٓۚ إِنَّ ٱللَّهَ بِكُلِّ شَيۡءٍ عَلِيمٞ ﴿٦٢﴾

﴾62﴿ അല്ലാഹു, തന്റെ അടിയാൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവന് ആഹാരം [ഉപജീവനമാർഗം] വിശാലപ്പെടുത്തിക്കൊടുക്കുകയും, അവന് [താൻ ഉദ്ദേശിക്കുന്നവന്] ഇടുക്കമാക്കുകയും ചെയ്യുന്നു.

നിശ്ചയമായും, അല്ലാഹു എല്ലാ വസ്തുവെക്കുറിച്ചും അറിയുന്നവനാണ്.

﴾62﴿ اللَّهُ അല്ലാഹു يَبْسُطُ വിശാലമാക്കുന്നു الرِّزْقَ ആഹാരം, ഉപജീവനം لِمَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് مِنْ عِبَادِهِ തന്റെ അടിയാൻമാരിൽനിന്ന് وَيَقْدِرُ അവൻ ഇടുക്കമാക്കുക (കുടുസ്സാക്കുക, കണക്കാക്കുക)യും ചെയ്യുന്നു لَهُ അവന് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു بِكُلِّ شَيْءٍ എല്ലാ വസ്തുവെ(കാര്യത്തെ)പ്പറ്റിയും عَلِيمٌ അറിയുന്നവനാണ്

അല്ലാഹുവിന്റെ ഉദ്ദേശം അനുസരിച്ച് ചിലർക്ക് വിശാലമായും, മറ്റ് ചിലർക്ക് കുടുസ്സായും അവൻ ആഹാരം നൽകുമെന്ന് പറഞ്ഞതിന്റെ താൽപര്യം, യാതൊരു തത്വദീക്ഷയുമില്ലാതെ തോന്നിയപോലെ അവൻ പ്രവർത്തിക്കുന്നുവെന്നല്ല. നേരെമറിച്ച് ആർക്കാണ്, എങ്ങനെയാണ് എത്രയാണ് അത് നൽകേണ്ടതെന്നും, മറ്റുമുള്ള എല്ലാ കാര്യങ്ങളും– ചെറുതും വലുതുമെന്ന വ്യത്യാസമില്ലാതെ– അറിയുന്നവനാണവൻ. ആ അറിവനുസരിച്ച് തികച്ചും യുക്തമായ നിലയിൽ അവനത് നിയന്ത്രിക്കുന്നു. ഈ പരമാർത്ഥമാണ് ആയത്തിലെ അവസാന വാക്യം വ്യക്തമാക്കുന്നത്. പക്ഷേ, മനുഷ്യന്റെ അനുമാനങ്ങൾക്കതീതമാണത്. മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല അതിന്റെ തോത് നിർണയിക്കുന്നത്– വാസ്തവത്തിൽ അവ രണ്ടും ഒഴിച്ചുകൂടാത്തതാണെങ്കിലും ശരി.

അറിവ്, ബുദ്ധി, സാമർത്ഥ്യം, പരിചയം, ശരീരസ്ഥിതി ആദിയായ ഗുണങ്ങളിലെല്ലാം സമനിലക്കാരെന്ന് കാണപ്പെടുന്ന രണ്ടുപേർ ഒരേ ദിവസം മുതൽ ഒരേതരം തൊഴിൽ ചെയ്തു തുടങ്ങിയെന്ന് വെക്കുക. അല്ലെങ്കിൽ ഒരേ തോതിൽ മുതലിറക്കി ഒരേ രീതിയിൽ വ്യവസായം ആരംഭിച്ചുവെന്ന് കരുതുക: കുറച്ച് ദിവസങ്ങളോ മാസങ്ങളോ കഴിയുമ്പോഴേക്ക് രണ്ടാളുടെയും അദ്ധ്വാനഫലങ്ങളിൽ തീർച്ചയായും വ്യത്യാസം കാണാം. ഒരുപക്ഷേ, ഒരുവൻ വലിയൊരു തുക സമ്പാദിച്ചിരിക്കുകയും, മറ്റെവൻ വലിയൊരു സംഖ്യക്ക് കടപ്പെട്ടിരിക്കുകയും ചെയ്തിരിക്കും. ഏതായാലും, രണ്ടാളുടെയും നില ശരിക്കും തുല്യമായിക്കാണുകയില്ല. എന്താണതിന് കാരണം? എടുക്കുന്നവനും, കൊടുക്കുന്നവനും, കണക്കാക്കുന്നവനുമെല്ലാം യഥാർത്ഥത്തിൽ അല്ലാഹുവാണ് എന്നത് തന്നെ. നമ്മുടെ പ്രവർത്തനങ്ങളും, ആസൂത്രണങ്ങളുമെല്ലാം തന്നെ കേവലം ബാഹ്യമായ ചില കാരണങ്ങൾ മാത്രമാണ്. ഒരേ കാരണത്താൽ– അല്ലെങ്കിൽ ഒരേ മാർഗത്തിലൂടെ– അനുഭവപ്പെടുന്ന ഫലം പരസ്പരം വ്യത്യസ്തമോ, വിരുദ്ധമോ ആയിട്ടാണ്

കാണപ്പെടുന്നതെങ്കിൽ, അതിന്റെയെല്ലാം പിന്നിൽ വേറെ ഒരു അദൃശ്യ ഹസ്തം കൂടി പ്രവർത്തിക്കുന്നുണ്ടെന്ന് തീർച്ചതന്നെ. ഇല്ലായിരുന്നുവെങ്കിൽ ഓരോ മനുഷ്യന്റെയും അദ്ധ്വാനം, സാമർത്ഥ്യം, കഴിവ് ആദിയായവയുടെ തോതനുസരിച്ച് - കൃത്യമായിത്തന്നെ- സമ്പത്തും ജീവിതവിഭവങ്ങളും ഓരോരുത്തനും ഈ ലോകത്ത് ലഭ്യമാകേണ്ടിയിരുന്നു. അല്ലാഹു വേറൊരിടത്ത് പറയുന്നത് നോക്കുക: مَّن كَانَ يُرِيدُ الْعَاجِلَةَ عَجَّلْنَا لَهُ فِيهَا مَا نَشَاءُ لِمَن نُّرِيدُ... -الاسراء : ١٨ ക്ഷണികമായതിനെ- ഐഹിക വിഭവങ്ങളെ- ആരെങ്കിലും ഉദ്ദേശിക്കുന്നതായാൽ അവന്- അതായത് നാം ഉദ്ദേശിക്കുന്നവർക്ക് -അതിൽ വെച്ച് നാം ഉദ്ദേശിക്കുന്നത് വേഗം നൽകുന്നതാണ്........... എന്ന് സാരം.

وَلَئِن سَأَلْتَهُم مَّن نَّزَّلَ مِنَ السَّمَآءِ مَآءً فَأَحْيَا بِهِ ٱلْأَرْضَ مِنۢ بَعْدِ مَوْتِهَا لَيَقُولُنَّ ٱللَّهُ ۚ قُلِ ٱلْحَمْدُ لِلَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْقِلُونَ ﴿٦٣﴾

《63》 'ആകാശത്ത് നിന്ന് (മഴ) വെള്ളം ഇറക്കിയിട്ട് അത്മൂലം, ഭൂമിയെ- അത് നിർജ്ജീവമായതിന് ശേഷം- ജീവിപ്പിക്കുന്ന [ഉല്പാദന യോഗ്യമാക്കുന്ന]വൻ ആരാണ്?' എന്ന് അവരോട് ചോദിക്കുന്നപക്ഷം, നിശ്ചയമായും അവർ പറയും: 'അല്ലാഹുവാണ്' എന്ന്. നീ പറയുക: 'അല്ലാഹുവിനാണ് സ്തുതി!' പക്ഷേ, അവരിൽ അധികമാളും ബുദ്ധി കൊടു(ത്തു ചിന്തി)ക്കുന്നില്ല.

《63》 وَلَئِن سَأَلْتَهُم നീ അവരോട് ചോദിക്കുന്നപക്ഷം مَن نَزَّلَ ആരാണ് ഇറക്കിയത് مِنَ السَّمَاءِ ആകാശത്ത് നിന്ന് مَاءً വെള്ളം فَأَحْيَا എന്നിട്ട് അവൻ ജീവിപ്പിച്ചു بِهِ അത്മൂലം الأَرْضَ ഭൂമിയെ مِنۢ بَعْدِ مَوْتِهَا അത് നിർജ്ജീവമായതിന് ശേഷം لَيَقُولُنَّ നിശ്ചയമായും അവർ പറയും اللَّهُ അല്ലാഹുവാണ് എന്ന് قُلِ നീ പറയുക الْحَمْدُ സ്തുതി, സ്തോത്രം لِلَّهِ അല്ലാഹുവിനാണ് بَلْ أَكْثَرُهُمْ എങ്കിലും അവരിലധികവും لَا يَعْقِلُونَ ബുദ്ധികൊടുക്കുന്നില്ല, മനസ്സിരുത്തുന്നില്ല

61-ാം വചനത്തിലെ ആശയം തന്നെയാണ് ഈ വചനം ഉൾക്കൊള്ളുന്നത്. അല്ലാഹുവല്ലാതെ സ്രഷ്ടാവില്ലെന്നും, സൂര്യചന്ദ്രാദികളെ നിയന്ത്രിക്കൽ, മഴ വർഷിപ്പിച്ചു ഭൂമിയെ ഉൽപാദനയോഗ്യമാക്കൽ തുടങ്ങിയ വൻകാര്യങ്ങളെല്ലാം നടത്തുന്നത് അവൻ തന്നെയാണെന്നും അവർക്കറിയാം. ഏറ്റവും അടിസ്ഥാനപരമായ ഈ യാഥാർത്ഥ്യം അവർ സമ്മതിക്കുന്നതിന്റെ പേരിലാണ് അല്ലാഹുവിനെ സ്തുതിക്കുവാൻ നബി ﷺ യോട് കൽപ്പിക്കുന്നത്. ഈ യാഥാർത്ഥ്യം സമ്മതിക്കുന്നതിന്റെ അനന്തരഫലമാണ് അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന തൗഹീദ് അംഗീകരിക്കൽ. രണ്ടും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെപ്പറ്റി ബഹുദൈവവിശ്വാസികൾ ഒട്ടും മനസ്സിലാക്കുന്നില്ല; ലവലേശം ചിന്തിക്കുന്നുമില്ല. ഇതാണവർക്ക് പിണഞ്ഞ ആപത്ത്.

വിഭാഗം - 7

وَمَا هَٰذِهِ ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا لَهْوٌ وَلَعِبٌ ۚ وَإِنَّ ٱلدَّارَ ٱلْءَاخِرَةَ لَهِىَ ٱلْحَيَوَانُ ۚ لَوْ كَانُوا۟ يَعْلَمُونَ ﴿٦٤﴾

《64》 ഈ ഐഹിക ജീവിതം, വിനോദവും, കളിയും അല്ലാതെ (മറ്റൊന്നും) അല്ല. നിശ്ചയമായും പരലോകഭവനമാകട്ടെ, അതാണ് (യഥാർത്ഥത്തിലുള്ള) ജീവിതം. അവർക്കറിയാമായിരുന്നുവെങ്കിൽ (അവർ ഐഹിക ജീവിതത്തിന് പ്രാധാന്യം നൽകുമായിരുന്നില്ല)!

《64》 وَمَاهَٰذِهِالْحَيَاةُ ഈ ജീവിതമല്ല الدُّنْيَا ഐഹികമായ, ഇഹത്തിലെ إِلاَّلَهْوٌ വിനോദമല്ലാതെ وَلَعِبٌ കളിയും, വിളയാട്ടും وَإِنَّالدَّارَالآخِرَةَ നിശ്ചയമായും പരലോകഭവനമാകട്ടെ لَهِيَ അത് തന്നെയാണ് الْحَيَوَانُ ജീവിതം, ജീവസ്സുള്ളത് لَوْكَانُوا അവരായിരുന്നെങ്കിൽ يَعْلَمُونَ അറിയാം (എങ്കിൽ)

ഐഹികജീവിതത്തിൽ മനുഷ്യന്റെ സുഖസൗകര്യങ്ങൾക്കുള്ള മാർഗങ്ങളും, ഉപാധികളുമായി പലതുണ്ടെങ്കിലും, അവയുടെ ആകെത്തുക പരിശോധിച്ചു നോക്കിയാൽ വെറും കളിവിനോദമാണെന്ന് കാണാം. ഒന്നിനും നിലനിൽപില്ല. എല്ലാം ക്ഷണഭംഗുരങ്ങളാണ്. ഭാവിയിലേക്ക് നേട്ടമുണ്ടാക്കുന്നതോ, ശാശ്വതമായി നിലകൊള്ളുന്നതോ ഒന്നുംതന്നെ അതിലില്ല. അനശ്വരമായ പാരത്രിക ജീവിതമാണ് അവനെ സംബന്ധിച്ചിടത്തോളം യഥാർത്ഥമായ ജീവിതം. അത് കൊണ്ട് ആ ജീവിതത്തിലേക്ക് ഉപയോഗപ്രദമായിത്തീരുന്നതെന്തോ അത് സമ്പാദിക്കുവാൻ ശ്രമിക്കുകയാണ് അവൻ ഇവിടെവെച്ച് ചെയ്യേണ്ടത്. ഇഹലോകവും, പരലോകവും തമ്മിലുള്ള അന്തരം നബിﷺ ഒരു ഹദീഥിൽ ഇങ്ങനെ വിവരിക്കുന്നു:-

والله ما الدنيا في الاخرة الامثل ما يجعل احدكم اصبعه في اليم فلينظر بم يرجع – مسلم

സാരം: അല്ലാഹുവാണ സത്യം! പരലോകത്തെ അപേക്ഷിച്ച് ഇഹലോകം, നിങ്ങളിലൊരാൾ അവന്റെ വിരൽ സമുദ്രത്തിൽ ഇടുന്നതിന് തുല്യമാണ്. എന്തുമാത്രം (വെള്ളം) കൊണ്ടാണ് അത് തിരിച്ചെടുക്കുന്നത് എന്ന് അവൻ പരിശോധിച്ചു നോക്കട്ടെ. (മുസ്‌ലിം)

فَإِذَا رَكِبُوا۟ فِى ٱلْفُلْكِ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ إِذَا هُمْ يُشْرِكُونَ ﴿٦٥﴾

《65》 എന്നാൽ, അവർ [ബഹുദൈവവിശ്വാസികൾ] കപ്പലിൽ കയറിയാൽ, കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ അവർ വിളിച്ചു പ്രാർത്ഥിക്കുന്നതാണ്. എന്നിട്ട് കരയിലേക്ക് അവൻ അവരെ രക്ഷപ്പെടുത്തിക്കൊടുക്കുമ്പോഴോ- അപ്പോൾ അവരതാ- (അവനോട്) പങ്കു

ചേർക്കുന്നു!

لِيَكْفُرُوا۟ بِمَآ ءَاتَيْنَـٰهُمْ وَلِيَتَمَتَّعُوا۟ ۖ فَسَوْفَ يَعْلَمُونَ ﴿٦٦﴾

﴾66﴿ നാം അവർക്ക് നൽകിയിട്ടുള്ളതിൽ അവർ നന്ദികേട് കാണിക്കട്ടെ! അവർ സുഖഭോഗമാസ്വദിക്കുകയും ചെയ്യട്ടെ! എന്നാൽ വഴിയെ അവർക്ക് അറിയാറാകും!

﴾65﴿ فَإِذَا رَكِبُوا എന്നാൽ അവർ കയറിയാൽ فِي الْفُلْكِ കപ്പലിൽ دَعَوُا അവർ വിളിക്കും, പ്രാർത്ഥിക്കും اللَّهَ അല്ലാഹുവിനെ مُخْلِصِينَ നിഷ്കളങ്കമാക്കിക്കൊണ്ട് لَهُ അവന് الدِّينَ കീഴ്വണക്കം, അനുസരണം, മതം فَلَمَّا نَجَّاهُمْ എന്നിട്ട് അവരെ അവൻ രക്ഷപ്പെടുത്തുമ്പോൾ إِلَى الْبَرِّ കരയിലേക്ക് إِذَا അപ്പോഴതാ هُمْ അവർ يُشْرِكُونَ പങ്ക് ചേർക്കുന്നു, ശിർക്ക് വെക്കുന്നു ﴾66﴿ لِيَكْفُرُوا അവർ നന്ദികേട് കാണിക്കട്ടെ, കാണിക്കുവാൻ വേണ്ടി بِمَا آتَيْنَاهُمْ നാം അവർക്ക് നൽകിയതിൽ وَلِيَتَمَتَّعُوا അവർ സുഖഭോഗമാസ്വദിക്കുകയും ചെയ്യട്ടെ, ചെയ്യുവാനായിട്ടും فَسَوْفَ എന്നാൽ വഴിയെ يَعْلَمُونَ അവർ അറിയും

ബഹുദൈവവിശ്വാസികൾക്ക് അല്ലാഹു നൽകുന്ന ഒരു കനത്ത താക്കീതാണിത്. അവർ കപ്പലിൽ കയറി സമുദ്രയാത്ര ചെയ്യുമ്പോൾ കാറ്റിലും കോളിലും പെട്ടോ മറ്റോ വല്ല ആപത്തും പിണയുന്ന പക്ഷം, അവരുടെ ആരാധ്യൻമാരെയല്ല വിളിച്ചു പ്രാർത്ഥിക്കുക. നിഷ്കളങ്കമായ ഭയഭക്തിയോട് കൂടി അല്ലാഹുവിനെത്തന്നെ വിളിച്ചു പ്രാർത്ഥിക്കും. ആപത്ത് നീങ്ങി കരയിലേക്ക് രക്ഷപ്പെട്ടു കഴിയുന്നതോടെ അതെല്ലാം മറന്നു വീണ്ടും പഴയ ശിർക്ക് തന്നെ ആവർത്തിക്കുകയും ചെയ്യും. ആപൽഘട്ടങ്ങളിൽ അല്ലാഹുവിനോടാണ് തങ്ങൾക്ക് അഭയം തേടുവാനുള്ളതെന്നോ, അവനാണ് തങ്ങളെ രക്ഷപ്പെടുത്തിയതെന്നോ ഉള്ള ഭാവം പോലും അവരിൽ പ്രകടമാകുകയില്ല. ഈ മുശ്രിക്കുകളെ അല്ലാഹു താക്കീത് ചെയ്യുകയാണ്: അവരങ്ങനെ നന്ദികേട് കാണിച്ചും, സുഖജീവിതം നയിച്ചുകൊണ്ടും നടക്കട്ടെ, അതിന്റെ ഫലം അവർക്ക് വഴിയെ അറിയാം എന്ന്.

لِيَكْفُرُوا എന്നും, وَلِيَتَمَتَّعُوا എന്നുമുള്ള ക്രിയാരൂപങ്ങൾക്ക് 'അവർ നന്ദികേട് കാണിക്കുവാൻ വേണ്ടിയും, അവർ സുഖമാസ്വദിക്കുവാൻ വേണ്ടിയും' എന്നും അർത്ഥം വരാവുന്നതാണ്. അവർ കരയിലേക്ക് രക്ഷപ്പെട്ടശേഷം വീണ്ടും ശിർക്ക് തുടരുന്നതിന്റെ അനന്തര ഫലം അത് രണ്ടുമായിരിക്കും എന്നാണ് അപ്പോൾ അതിന്റെ സാരം. وَلِيَتَمَتَّعُوا എന്നതിലെ 'ലാമി'ന് 'സുകൂൻ' കൊടുത്തുകൊണ്ടും ഇവിടെ വായനയുണ്ട്. ഇതനുസരിച്ച് നാം ആദ്യം നൽകിയ അർത്ഥം തന്നെയാണ് നൽകേണ്ടതും.

വിഗ്രഹാരാധകൻമാരായ മുശ്രിക്കുകൾ ആപൽഘട്ടങ്ങളിലെങ്കിലും തങ്ങളുടെ പങ്കുകാരെ വിട്ടേച്ചു അല്ലാഹുവിനെമാത്രം വിളിച്ചു പ്രാർത്ഥിക്കുമെന്ന് അല്ലാഹു പറയുന്നു. എന്നാൽ, സാധാരണമായ ആവശ്യങ്ങളിൽ അല്ലാഹുവിനെമാത്രം വിളിക്കുകയും, ആപത്തുകളിൽ 'നേർച്ച'ക്കാരെയും മറ്റും വിളിക്കുകയും ചെയ്യുന്ന ചിലരെ മുസ്ലിംകൾക്കിടയിൽ കാണാമെന്നത് വളരെ ആശ്ചര്യകരവും വേദനാജനകവുമാണ്. ഇതും, ഇത് പോലുള്ളതുമായ ക്വുർആൻ വചനങ്ങൾ അവർക്കും വമ്പിച്ച താക്കീതാണെന്നുള്ളതിൽ സംശയമില്ല.

أَوَلَمۡ يَرَوۡاْ أَنَّا جَعَلۡنَا حَرَمًا ءَامِنٗا وَيُتَخَطَّفُ ٱلنَّاسُ مِنۡ حَوۡلِهِمۡۚ أَفَبِٱلۡبَٰطِلِ يُؤۡمِنُونَ وَبِنِعۡمَةِ ٱللَّهِ يَكۡفُرُونَ ﴿٦٧﴾

《67》 നിർഭയമായ ഒരു 'ഹറം' [അലംഘ്യ സങ്കേതം] നാം ഏർപ്പെടുത്തിയിട്ടുള്ളത് അവർ കാണുന്നില്ലേ?! അവരുടെ ചുറ്റുപാടിൽനിന്ന് ജനങ്ങൾ റാഞ്ചി എടുക്കപ്പെടുകയും ചെയ്യുന്നു. എന്നിട്ടും, മിഥ്യയായിട്ടുള്ളതിൽ അവർ വിശ്വസിക്കുകയും, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ അവർ അവിശ്വസിക്കുക (അഥവാ നന്ദികേട് കാണിക്കുക)യും ചെയ്യുകയാണോ?!

وَمَنۡ أَظۡلَمُ مِمَّنِ ٱفۡتَرَىٰ عَلَى ٱللَّهِ كَذِبًا أَوۡ كَذَّبَ بِٱلۡحَقِّ لَمَّا جَآءَهُۥٓۚ أَلَيۡسَ فِي جَهَنَّمَ مَثۡوٗى لِّلۡكَٰفِرِينَ ﴿٦٨﴾

《68》 അല്ലാഹുവിന്റെ മേൽ വ്യാജം കെട്ടിച്ചമക്കുകയോ, അല്ലെങ്കിൽ തനിക്ക് സത്യം വന്നെത്തുമ്പോൾ അതിനെ വ്യാജമാക്കുകയോ ചെയ്തവനെക്കാൾ കൂടുതൽ അക്രമിയായുള്ളവൻ ആരാണ്?! അവിശ്വാസികൾക്ക് നരകത്തിൽ പാർപ്പിടം ഇല്ലയോ?! (നിശ്ചയമായും ഉണ്ട്.)

《67》 أَوَلَمۡ يَرَوۡا അവർ കാണുന്നില്ലേ أَنَّا جَعَلۡنَا നാം ഏർപ്പെടുത്തി (ആക്കി)യിട്ടുള്ളത് حَرَمًا ഒരു ഹറം, അലംഘ്യസ്ഥാനം, പരിപാവനസ്ഥലം آمِنًا നിർഭയമായ وَيُتَخَطَّفُ റാഞ്ചി എടുക്കപ്പെടുകയും ചെയ്യുന്നു النَّاسُ മനുഷ്യർ مِنۡ حَوۡلِهِمۡ അവരുടെ ചുറ്റുപാടിൽ നിന്നും أَفَبِالۡبَاطِلِ എന്നിട്ടും വ്യർത്ഥമായ (മിഥ്യയായ)തിലോ يُؤۡمِنُونَ അവർ വിശ്വസിക്കുന്നു وَبِنِعۡمَةِ اللَّهِ അല്ലാഹുവിന്റെ അനുഗ്രഹത്തിലോ يَكۡفُرُونَ അവർ അവിശ്വസിക്കുന്നു, നന്ദികേട് കാണിക്കുന്നു 《68》 وَمَنۡ أَظۡلَمُ കൂടുതൽ അക്രമി ആരാണ് مِمَّنِ افۡتَرَى കെട്ടിച്ചമച്ച (കെട്ടിയുണ്ടാക്കിയ)വനെക്കാൾ عَلَى اللَّهِ അല്ലാഹുവിന്റെ മേൽ كَذِبًا വ്യാജം أَوۡ كَذَّبَ അല്ലെങ്കിൽ വ്യാജമാക്കിയ بِالۡحَقِّ സത്യത്തെ لَمَّا جَاءَهُ അത് തനിക്ക് വന്നപ്പോൾ أَلَيۡسَ ഇല്ലയോ فِي جَهَنَّمَ നരകത്തിൽ مَثۡوًى പാർപ്പിടം لِلۡكَافِرِينَ അവിശ്വാസികൾക്ക്

സമുദ്രത്തിൽവെച്ചുണ്ടാകുന്ന ആപൽഘട്ടങ്ങളിൽ അല്ലാഹുവിനോട് മാത്രം സഹായത്തിന് പ്രാർത്ഥിച്ചു തൗഹീദ് പ്രകടിപ്പിക്കുന്ന ആ മുശ്രിക്കുകൾ നിവസിക്കുന്നത് മക്കഃ ഹറമിലാണല്ലോ. അതിന്റെ ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ ആക്രമണങ്ങളും, രക്തച്ചൊരിച്ചലും നിത്യേന നടമാടിക്കൊണ്ടിരിക്കുന്നു. അതേസമയത്ത് ക്വുറൈശികളാകട്ടെ, ഏറ്റവും ശക്തിമത്തായ കോട്ടകളിലെന്നപോലെ യുദ്ധഭീതിയും, ആക്രമണഭയവും നേരിടാതെ ഹറമിൽ സമാധാനപൂർവ്വം കഴിഞ്ഞുകൂടുന്നു. പരിശുദ്ധ കഅ്ബഃയുടെ പരിസരപ്രദേശമായ ആ

ആദരണീയ സ്ഥലത്തിന്റെ അതിർത്തിക്കുള്ളിൽവെച്ച് അക്രമങ്ങളും, കയ്യേറ്റവും പാടില്ലെന്നും, ഹറമിൽ പ്രവേശിച്ചവരെല്ലാം നിർഭയരായിരിക്കുമെന്നുമുള്ള അല്ലാഹുവിന്റെ നിയമം ഖുറൈശികളും അല്ലാത്തവരും ഒരുപോലെ പാലിച്ചുവരുന്നു. കപ്പലുകളിലാകുമ്പോൾ തങ്ങളുടെ വിഗ്രഹാദി ദൈവങ്ങളെ വിട്ടേച്ചു അല്ലാഹുവിനെമാത്രം വിളിച്ചു രക്ഷക്കപേക്ഷിക്കുന്നത് പോലെ, ഹറമിൽ സുരക്ഷിതമായി സമാധാനത്തോടെ കഴിഞ്ഞുകൂടുന്ന അവസരത്തിലും എന്തുകൊണ്ട് അവർക്ക് അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കുകയും, അവന് മാത്രം ആരാധന നടത്തുകയും ചെയ്തുകൂടാ?! അല്ലാഹു അവർക്ക് നൽകിയ ഈ മഹത്തായ അനുഗ്രഹത്തിന് നന്ദി കാണിക്കുന്നതിന് പകരം, വിഗ്രഹങ്ങളെ അല്ലാഹുവിന് സമമാക്കി ആരാധിക്കുകയും, അവയോട് പ്രാർത്ഥിക്കുകയുമാണല്ലോ അവർ ചെയ്യുന്നത്. ഇതിൽപരം അക്രമം മറ്റേതാണ്?! അതിനാൽ, അല്ലാഹു അവർക്ക് മരണാനന്തരം നരകത്തിലാണ് പാർപ്പിടം ഒരുക്കിവെച്ചിട്ടുള്ളത്. അവരെ ശിക്ഷിക്കുവാൻ അതിൽ ധാരാളം സ്ഥലമുണ്ട്!

അവിശ്വാസികളെക്കുറിച്ച് പലതും പ്രസ്താവിച്ചശേഷം വിശ്വാസികളായ സജ്ജനങ്ങളുടെ നേട്ടത്തെപ്പറ്റി ഓർമിപ്പിച്ചുകൊണ്ട് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു:-

وَٱلَّذِينَ جَـٰهَدُوا۟ فِينَا لَنَهْدِيَنَّهُمْ سُبُلَنَا ۚ وَإِنَّ ٱللَّهَ لَمَعَ ٱلْمُحْسِنِينَ ﴿٦٩﴾

﴾69﴿ നമ്മുടെ കാര്യത്തിൽ സമരം നടത്തുന്നവരാകട്ടെ, അവരെ നാം നമ്മുടെ മാർഗങ്ങളിൽ നയിക്കുകതന്നെ ചെയ്യുന്നതാണ്. നിശ്ചയമായും, അല്ലാഹു സുകൃതവാൻമാരോട് കൂടെയായിരിക്കുന്നതുമാകുന്നു.

﴾69﴿ وَالَّذِينَ جَاهَدُوا സമരം നടത്തുന്നവർ فِينَا നമ്മുടെ കാര്യത്തിൽ لَنَهْدِيَنَّهُمْ നിശ്ചയമായും നാം അവരെ നയിക്കും سُبُلَنَا നമ്മുടെ മാർഗങ്ങളിൽ وَإِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَمَعَ الْمُحْسِنِينَ സുകൃതവാൻമാരുടെ (സൽഗുണവാൻമാരുടെ, പുണ്യവാൻമാരുടെ) കൂടെയായിരിക്കും.

അല്ലാഹുവിന്റെ മാർഗത്തിൽ അവന്റെ തൗഹീദിനെ ഉയർത്തുകയും, മതത്തെ സഹായിക്കുകയും ചെയ്യുന്ന വിഷയത്തിൽ- വേണ്ടിവന്നാൽ അടർക്കളത്തിലിറങ്ങി യുദ്ധം നടത്തുകവരെയുള്ള സമരങ്ങൾ നടത്തുവാൻ തയ്യാറുള്ള സത്യവിശ്വാസികൾക്ക് അവന്റെ പ്രീതിയും പ്രതിഫലവും കൂടുതൽ കൂടുതൽ ലഭിക്കുവാനുതകുന്ന മാർഗങ്ങളിൽ ചരിക്കുവാനുള്ള മാർഗദർശനവും സഹായവും അവൻ ചെയ്തുകൊടുക്കും. അവൻ, അങ്ങനെയുള്ള സൽഗുണവാൻമാരുടെ പക്ഷത്തായിരിക്കുന്നതുമാണ്. അല്ലാഹു ഏത് പക്ഷത്താണോ ആ പക്ഷത്തിലുള്ളവരത്രെ ഏറ്റവും വലിയ ഭാഗ്യവാൻമാർ. സൂ: മുഹമ്മദ് 7ൽ അല്ലാഹു ഇപ്രകാരം പറയുന്നു: وَالَّذِينَ اهْتَدَوْا زَادَهُمْ هُدًى وَآتَاهُمْ تَقْوَاهُمْ – **محمد** സൻമാർഗത്തിൽ ചരിക്കുന്നവർക്ക് അല്ലാഹു കൂടുതൽ മാർഗദർശനം നൽകുകയും, അവർക്ക് വേണ്ടുന്ന ഭയഭക്തിനൽകുകയും ചെയ്യുമെന്ന് സാരം.

അല്ലാഹു നമ്മെയെല്ലാം ഭയഭക്തരും, സുകൃതവാൻമാരുമായ അടിയാൻമാരിൽ ഉൾപ്പെടുത്തട്ടെ. آمين

﴾التسويد : ١٨ ربيع الاول ١٣٨٠؛ ٦٠/٨/٣١ م والتبييض : ٤ جمادى الاخرى ١٣٨٧؛ ٦٧/٨/٩م﴿